# കൊറ്റനാട് ഗ്രാമ പഞ്ചായത്ത്

## സമഗ്ര വികസന രേഖ

# ചെറിയനാട് പഞ്ചായത്ത്



26-3





ഗ്രാമപഞ്ചായത്താഫീസ്,
3-2-1997.

**സാജൻ തോമസ് അത്യാലിൽ,**
പ്രസിഡന്റ്, കൊറ്റനാട് ഗ്രാമപഞ്ചായത്ത്.

# കൂട്ടായി ചിന്തിക്കാം-പ്രവർത്തിക്കാം നല്ല നാളേക്കുവേണ്ടി

ഗ്രാമസ്വരാജ് ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. ഗ്രാമസ്വരാജ് എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് ഒരു പരിപൂർണ്ണ ഗ്രാമ റിപ്പബ്ലിക്കെന്നാണ്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പു തന്നെ ഗാന്ധിജി പറഞ്ഞു: "ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് പഞ്ചായത്ത് ആയിരിക്കണം. ഭരണം വികേന്ദ്രീകരിക്കുമ്പോഴെ ജനാധിപത്യ സ്വഭാവം ഉണ്ടാവുകയൊള്ളു." ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഗ്രാമതലങ്ങളിലുള്ള ജനകീയ ഭരണസംവിധാനത്തിന് മാത്രമെ സാധിക്കുന്നുവെന്ന് അന്തരിച്ച മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി ഉറച്ച് വിശ്വസിച്ചിരുന്നു. 1989ലെ 50-ാം നമ്പർ ബിൽ ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി ചെയ്യുന്നതിനായി അദ്ദേഹം അവതരിപ്പിച്ചത് ഒരു ചരിത്രരേഖയായി മാറി. ഭരണഘടനയുടെ VIII-ാം ഭാഗത്തിനുശേഷം, പുതിയ IX-ാം ഭാഗം കൂട്ടിച്ചേർത്തു കൊണ്ടുള്ള ഭരണഘടന അറുപത്തിനാലാം ഭേദഗതി ബിൽ പിന്നീട് 1992ലെ 73-ാം ഭരണഘടനാ ഭേദഗതിയായി ഇൻഡ്യൻ പാർലമെന്റിൽ മുൻപ്രധാനമന്ത്രി നരസിംഹറാവു അവതരിപ്പിച്ച് 1993 ഏപ്രിൽ 24ന് രാഷ്ട്രപതിയുടെ അനുമതിയോടെ ഐതിഹാസികമായ പഞ്ചായത്ത്രാജ് സംവിധാനം ഇൻഡ്യയിൽ നടപ്പിലാക്കി. തുടർന്ന് രണ്ടു വർഷം കഴിഞ്ഞ് 1994ൽ കേരളത്തിൽ പഞ്ചായത്ത്രാജ് നിയമം സംസ്ഥാന നിയമസഭ അംഗീകരിച്ചു. സംസ്ഥാന തലത്തിൽ നിയമസഭ കഴിഞ്ഞാൽ താഴെ ജില്ലാതലത്തിലും, അതിനു താഴെ മദ്ധ്യത്തിലും (ബ്ലോക്ക് പഞ്ചായത്ത്) ഗ്രാമതലത്തിലും ജനങ്ങൾ തെരഞ്ഞെടുത്ത പ്രാദേശിക ഭരണ കൂടങ്ങൾ 1995 ഒക്ടോബർ രണ്ട് ഗാന്ധിജയന്തി ദിനത്തിൽ നിലവിൽ വന്നു.

ആസൂത്രണം-വികസനത്തിലും, തദ്ദേശസ്വയം ഭരണകാര്യങ്ങളിലും കൂടുതൽ ജന പങ്കാളിത്തം ഉറപ്പാക്കുന്ന ജനകീയ ആസൂത്രണ പരിപാടിക്ക് കേരള സർക്കാർ രൂപം നല്കി. സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന ഒരു പ്രധാന ചുമതല പഞ്ചായത്ത് സമിതികൾക്ക് ലഭിച്ചിരിക്കുകയാണ്.

പഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി സർക്കാരിന്റെയും, ഇന്നാട്ടിലെ ജനങ്ങളുടെയും പരിപൂർണ്ണ സഹകരണത്തോടെ കൊറ്റനാടിന്റെ ആസൂത്രണവും, വികസനവും നമുക്ക് നടപ്പിലാക്കാം. ഈ പരിശ്രമത്തിൽ ഇതിനോടകം പങ്കാളികളായിട്ടുള്ള എല്ലാവരോടും പഞ്ചായത്ത് സമിതിയ്ക്കുള്ള കടപ്പാട് അറിയിക്കട്ടെ; വികസനരേഖ സമർപ്പിക്കട്ടെ,

സ്നേഹത്തോടെ,

**സാജൻ തോമസ് അത്യാലിൽ,**
പ്രസിഡൻറ്

# വികസനരേഖ തയ്യാറാക്കാൻ സഹായിച്ചവർ

1. ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ നായർ
2. ശ്രീ. എ.ജി. കരുണാകരൻ നായർ
3. ശ്രീ. റ്റി.വി. ജോൺ
4. ശ്രീ. കെ.ഇ. ഈപ്പൻ
5. ശ്രീ. പ്രകാശ്കുമാർ, ചരളേൽ
6. ശ്രീ. എ.ജെ. ജോസ്
7. ശ്രീമതി. കെ.എം. ഏലിയാമ്മ
8. ശ്രീ. പി.എസ്. രാജപ്പൻ
9. ശ്രീ. തോമസ് ഏബ്രഹാം
10. ശ്രീ. എം.കെ. വേലായുധൻ നായർ
11. ശ്രീ. പി.ആർ. ഭാസ്കരൻ നായർ
12. ശ്രീ. ജോൺ മാത്യു
13. ശ്രീമതി ഭാർഗ്ഗവി സോമൻ
14. ശ്രീമതി ഏലിയാമ്മ ചാക്കോ
15. ശ്രീമതി എം.എം. തങ്കമ്മ
16. ശ്രീ. കെ.എ. കുഞ്ഞൻ
17. ശ്രീ. റ്റി.സി. ഫിലിപ്പ്
18. ശ്രീ. റ്റി. വറുഗീസ്
19. ശ്രീ. കെ.എ. ഏബ്രഹാം
20. ശ്രീ. സി.പി. തങ്കപ്പൻ
21. ശ്രീ. ഗോപിനാഥൻ നായർ
22. ശ്രീ. ഈ.കെ. ഗംഗാധരൻ
23. ശ്രീ. എൻ.ജി. ശിവരാമൻ നായർ
24. ശ്രീ. കൃഷ്ണൻ കോളപ്ര
25. ശ്രീ. കെ.ജി. നാരായണപിള്ള
26. ശ്രീ. കെ. കുമാരൻ

# കൊറ്റനാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



സാജൻ തോമസ്, അത്യാലിൽ
പ്രസിഡൻറ്



കെ.ഇ. വറുഗീസ്, തുണ്ടിയിൽ
വൈസ് പ്രസിഡൻറ്



കെ.എം. ഏലിയാമ്മ,
കുറ്റിക്കണ്ടത്തിൽ താന്നിയ്ക്കൽ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ



മധു കുഞ്ഞൻ,
കാക്കമല
(മെമ്പർ)



മാത്യു തോമരം, മേപ്രത്ത്
തോമരത്തിൽ
(മെമ്പർ)



ഏലിയാമ്മ ഈപ്പൻ,
തുണ്ടിയിൽ
(മെമ്പർ)



ശോശാമ്മ തോമസ്,
പാലനില്ക്കുന്നതിൽ
(മെമ്പർ)



പി.സി. ദാമോദരപണിക്കർ,
പുത്തൻപറമ്പിൽ
(മെമ്പർ)

# ഗ്രാമ പഞ്ചായത്ത് ആഫീസ് ജീവനക്കാർ

| | | |
|---|---|---|
| ശ്രീമതി | കെ. ലളിതാമണി | സെക്രട്ടറി |
| ശ്രീ. | ആർ.ബി. ഹരികുമാർ | ഹെഡ് ക്ലാർക്ക് |
| ശ്രീ. | പി.റ്റി. തോമസ് | യു.ഡി. ക്ലാർക്ക് |
| ശ്രീ. | പി. ബന്നി | എൽ.ഡി. ക്ലാർക്ക് |
| ശ്രീമതി | കെ.കെ. തങ്കമ്മ | എൽ.ഡി. ക്ലാർക്ക് |
| ശ്രീ. | ആർ.എസ്. രാധാകൃഷ്ണൻ | പ്യൂൺ |
| ശ്രീമതി | എം.കെ. സരോജം | പി.റ്റി. ലൈബ്രേറിയൻ |
| ശ്രീമതി. | എം. സുശീലാമ്മ | പി.റ്റി.എസ്. |
| ശ്രീമതി. | വി.എസ്. ലീല | പി.റ്റി.എസ് |

# താളുകൾ മറിക്കുമ്പോൾ


1. ആമുഖം... 3
2. പഞ്ചായത്ത് പൊതുപ്രവർത്തനം... 5
3. സാംസ്കരിക ചരിത്രം... 7
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി... 15
5. സാമൂഹിക സാമ്പത്തിക മേഖലകൾ... 17

5-1 കൃഷിയും ജലസേചനവും... 19

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും... 25

5-3 വ്യവസായം... 27

5-4 വിദ്യാഭ്യാസം... 35

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും... 45

5-6 ഗതാഗതവും, ഊർജ്ജം, മാർക്കറ്റ്... 51

5-7 പാർപ്പിടവും സാമൂഹ്യവും... 61

5-8 സാംസ്കാരം... 67

5-9 വനിതക്ഷേമം... 73

5-10 സഹകരണസംഘം... 75

5-11 പട്ടിതജാതി, പട്ടികവർഗ്ഗക്ഷേമം... 83

5-12 വിഭവസമാഹകരണം... 89





# 1

# ആമുഖം

"ആസൂത്രണത്തിന്റെയും വികസനപദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റെയും ഉത്തരവാദിത്വം ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ട സമയം വന്നുചേർന്നിരിക്കുന്നു. ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും അമ്മാതിരി ചുമതലകളേറ്റെടുക്കുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

**ജവഹർലാൽ നെഹ്റു**
(1959 ഒക്ടോബർ 2ന് രാജസ്ഥാനിലെ
നാഗ്പൂരിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്)

വിദേശാധിപത്യത്തിൽ നിന്നും ഭാരതം സ്വതന്ത്രയായിട്ട് അര നൂറ്റാണ്ടായി. "അധികാരം ജനങ്ങൾക്ക്" എന്നുള്ളതായിരുന്നു ഇൻഡ്യൻ ഭരണഘടനയുടെ കാതൽ. "ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു, ഗ്രാമം നശിക്കുകയാണെങ്കിൽ ഇൻഡ്യയും നശിക്കും" എന്നു പറഞ്ഞ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജിയുടെ അഭിലാഷം ഇൻഡ്യയിലെ ഓരോ ഗ്രാമവും സ്വയംപര്യാപ്ത-"ഗ്രാമസ്വരാജ്" ആകണമെന്നായിരുന്നു. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുവാനായി ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു. എട്ടു പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞിട്ടും ആസൂത്രണത്തിലെ ചില വൈകല്യം നിമിത്തം അധികാരം പരിപൂർണമായി ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിഞ്ഞില്ല. അധികാരം ജനങ്ങളിലേക്ക് എന്നുള്ള ലക്ഷ്യത്തിലേക്ക് ആത്മാർത്ഥമായി ശ്രമിച്ചത് ഭാരതത്തിന്റെ പ്രിയങ്കരനായിരുന്ന മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു. പൊതുജന പങ്കാളിത്തമാണ് അധികാരത്തിന്റെ മുഖ്യ ഘടകം എന്നു മനസ്സിലാക്കിയ അദ്ദേഹം അധികാരം അപ്രാപ്യമായ ഗ്രാമീണ ജനത യ്ക്ക് അവസരം നൽകുന്നതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചു. 73,74 ഭരണഘടനാ ഭേദഗതി ബില്ലുകൾ പാർലമെന്റ് പാസാക്കിയതോടുകൂടി അധികാരം വികേന്ദ്രീകരിക്കാനുള്ള തുടക്കമായി. അതിന്റെ ഫലമായി കേരള ഗവൺമെൻറ് 1994-ൽ പഞ്ചായത്ത്‌രാജ് ആക്ട് പാസാക്കി. ഗ്രാമാന്തരീക്ഷത്തിൽ പുത്തനുണർവ്വ് സംജാതമായി. ത്രിതല പഞ്ചായത്തുകൾ രൂപീകൃതമായി. നമ്മുടെ ആസൂത്രണ പ്രക്രിയയിൽ പുതുയുഗത്തിന്റെ വരവായി.

ബഹു: കേരളാ ഗവൺമെൻറും ആസൂത്രണ ബോർഡും വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. വലിയ പാരമ്പര്യം ഒന്നും അവകാശപ്പെടാനില്ലാത്ത കൊറ്റനാട് പഞ്ചായത്തിലും വികസന സമരത്തിന്റെ ചൂടുംചൂരും എത്തിക്കഴിഞ്ഞു. ഗ്രാമവാസികൾക്ക് ഒരു പുത്തനുണർവ്വുണ്ടായിരിക്കുന്നു. അതിനാരംഭമായത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണസമിതി1995 ഒക്ടോബർ 2-ാം തീയതി മുതൽ നിലവിൽവന്നതോടുകൂടിയാണ്. ആസൂത്രണത്തിന്റെ പ്രാരംഭമായി

ജില്ലാതലത്തിൽ മൂന്നു ദിവസം വീതം നടന്ന റിസോഴ്സ് പേഴ്സൻസിന്റെ (DRP) ഒന്നും രണ്ടും ഘട്ട പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആറു പേർക്ക് പരിശീലനം നൽകി. ജില്ലാ തലത്തിലെ ഒന്നാംഘട്ട പരിശീലനത്തിനുശേഷം പഞ്ചായത്ത്തല പരിശീലനത്തിൻെറ ഭാഗമായി ഈ പഞ്ചായത്തിലെ എട്ടു വാർഡുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 60 പേർക്ക് (LRP) ഏകദിന പരിശീലനം നൽകി. ദ്വിതീയ വിവര കണക്കുകളും വികസന റിപ്പോർട്ടിനാവശ്യമായ കുറിപ്പുകളും ശേഖരിക്കുന്നതിനും ആളുകളെ തെരഞ്ഞെടുത്തു. രണ്ട് ആഴ്ചകൾക്കൊണ്ട് ഈ ഗ്രാമ പഞ്ചായത്തിലെ എട്ടു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി. ജനങ്ങൾ ആവേശത്തോടു പങ്കെടുത്തു. ഗ്രൂപ്പുകൾ തിരിഞ്ഞ് തങ്ങളുടെ പ്രദേശത്തിന്റെ വികസന സാദ്ധ്യതയെക്കുറിച്ച് അവരുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും എല്ലാം ശേഖരിച്ചുകൊണ്ട് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി വികസന റിപ്പോർട്ട് തയ്യാറാക്കാൻ പഞ്ചായത്തു തലത്തിൽ LRPകൾക്കു പരിശീലനം നൽകി. ഓരോ വിഷയത്തിനും റിപ്പോർട്ട് തയ്യാറാക്കാൻ 12 ഗ്രൂപ്പുകളായി തിരിച്ച് ഓരോ കൺവീനറേയും നിശ്ചയിച്ചു. അവരുടെ നിരന്തരമായ അദ്ധ്വാനത്തിന്റെ ഫലമായി ഈ റിപ്പോർട്ടിനു രൂപം നൽകുവാൻ സാധിച്ചു. നമ്മുടെ എല്ലാ വാർഡുകളിലും ഒമ്പതാം പഞ്ചവത്സര പദ്ധതി മൂലം വികസനത്തിന്റെ മുന്നേറ്റം ഉണ്ടാകുമെന്നു തീർച്ചയായും പ്രത്യാശിക്കാം. അതിനായി ഈ പുത്തനുണർവ്വോടും ആവേശത്തോടും ഒരുമനപ്പെട്ട് മുൻപോട്ടുപോകാം. ജനകീയ ആസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാനുള്ള ഈ യജ്ഞത്തിൽ പങ്കുചേർന്ന് നമ്മുടെ കൊറ്റനാട് ഗ്രാമത്തെ ഐശ്വര്യ സമ്പൂർണ്ണമാക്കാം.

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൊറ്റനാട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | പെരുമ്പെട്ടി |
| ബ്ലോക്ക് പഞ്ചായത്ത് | : | മല്ലപ്പള്ളി |
| താലൂക്ക് | : | മല്ലപ്പള്ളി |
| അസംബ്ലി നിയോജക മണ്ഡലം | : | കല്ലൂപ്പാറ |
| ജില്ല | : | പത്തനംതിട്ട |
| പാർലമെന്റ് മണ്ഡലം | : | മാവേലിക്കര |
| വിസ്തീർണ്ണം | : | 17.01 ച. കിലോമീറ്റർ |
| അതിരുകൾ | : | വടക്ക് - കോട്ടാങ്ങൾ ഗ്രാമ പഞ്ചായത്ത് |
| | | കിഴക്ക് -റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് |
| | | തെക്ക് - അയിരൂർ ഗ്രാമ പഞ്ചായത്ത് |
| | | പടിഞ്ഞാറ് - എഴുമറ്റൂർ, കോട്ടാങ്ങൽ എന്നീ ഗ്രാമ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 14188 |
| പുരുഷന്മാർ | : | 6919 |
| സ്ത്രീകൾ | : | 7269 |
| വാർഡുകൾ | : | 8 |
| ആകെ വോട്ടർമാർ | : | 10137 |
| പുരുഷന്മാർ | : | 4871 |
| സ്ത്രീകൾ | : | 5266 |
| ജനസാന്ദ്രത | : | 834 |





# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

ഇപ്പോഴത്തെ കൊറ്റനാട് ഗ്രാമ പഞ്ചായത്ത് മുൻകാലത്ത് കൊല്ലം ജില്ലയിൽ തിരുവല്ലാ താലൂക്കിൽ എഴുമറ്റൂർ വില്ലേജിന്റെ ഒരു ഭാഗമായി ചെറിയകുന്നം വില്ലേജ് യൂണിയൻ എന്ന പേരിൽ ആരംഭിച്ച് തുടർന്നുവന്നിരിന്നതും പഞ്ചായത്തു നിയമം നിലവിൽവന്ന 1953 മുതൽ കൊറ്റനാട് പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെട്ടു വന്നതുമാണ്. ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ ഈ പ്രദേശം തിരുവല്ല താലൂക്കിൽ തന്നെ നിലനിന്നു. എഴുമറ്റൂർ വില്ലേജ് വിഭജിച്ച് എഴുമറ്റൂർ എന്നും പെരുംമ്പെട്ടി എന്നും രണ്ടു വില്ലേജുകളായി തിരിച്ചപ്പോൾ പെരുംമ്പെട്ടി വില്ലേജ് പ്രദേശം മുഴുവനായി കൊറ്റനാട് പഞ്ചായത്തിൽ ഉൾപ്പെടുത്തി. കോട്ടാങ്ങൽ, മണിമല എന്നീ പഞ്ചായത്തുകൾ വടക്കും, റാന്നി അങ്ങാടി പഞ്ചായത്ത് കിഴക്കും, അയിരൂർ പഞ്ചായത്ത് തെക്കും, എഴുമറ്റൂർ, കോട്ടാങ്ങൽ എന്നീ പഞ്ചായത്തുകൾ പടിഞ്ഞാറും അതിരുകളായിട്ടുള്ളതാണ് ഈ പഞ്ചായത്ത്. പെരുംമ്പെട്ടി വില്ലേജിന്റെ ആസ്ഥാനം പെരുംമ്പെട്ടി കേന്ദ്രമാക്കിയും കൊറ്റനാട് പഞ്ചായത്തിന്റെ ആസ്ഥാനം വൃന്ദാവനം കേന്ദ്രമാക്കിയും പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട ജില്ല നിലവിൽ വന്നപ്പോൾ രൂപീകൃതമായ മല്ലപ്പള്ളി താലൂക്കിൽ നിലവിലിരിക്കുന്നതും ബ്ലോക്ക് അടിസ്ഥാനത്തിൽ മല്ലപ്പള്ളി ബ്ലോക്കിലും ഉൾപ്പെട്ടിരിക്കുന്നു. പെരുംമ്പെട്ടി വില്ലേജ് അടിസ്ഥാനത്തിൽ വലിയകുന്നം, ചെറിയകുന്നം, കൊറ്റനാട്, പെരുംമ്പെട്ടി എന്നീ നാലു കരകൾ (മുറികൾ) ഉൾപ്പെട്ടതും അവ കൊറ്റനാട് പഞ്ചായത്ത് അടിസ്ഥാനത്തിൽ വലിയകുന്നം 'A', വലിയകുന്നം 'B', വലിയകുന്നം 'C', കൊറനാട് 'A', കൊറ്റനാട് 'B', പെരുംമ്പെട്ടി 'A', പെരുംമ്പെട്ടി 'B', പെരുംമ്പെട്ടി 'C' എന്ന് 8 വാർഡുകഴായി വിഭജിച്ചിരിക്കുന്നു.

1994ലെ പഞ്ചായത്ത്രാജ് ആക്ട് നിലവിൽ വന്നതോടുകൂടി ഈ പഞ്ചായത്തിന്റെ പേര് 1995-96 മുതൽ കൊറ്റനാട് ഗ്രാമപഞ്ചായത്ത് എന്നായിരിക്കുന്നു. ഈ പ്രദേശം കല്ലൂപ്പാറ അസംബ്ലി നിയോജകമണ്ഡലത്തിലും മാവേലിക്കര പാർലമെൻറ് നിയോജകമണ്ഡലത്തിലും ഉൾപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 5646 ഏക്കർ (17.01 ച.കി.മീ) |
| ജനസംഖ്യ | - | 14188 |
| വോട്ടറന്മാർ | - | 10137 |

ഈ പഞ്ചായത്ത് പ്രദേശത്തിന് ചരിത്രപരമായ പ്രാധാന്യം ഉള്ളതായി അറിയപ്പെട്ടിട്ടില്ല. കുന്നുകളും, താഴ്വരകളും, നിലങ്ങളും ഇടകലർന്ന ഒരു പ്രദേശമാണ്. നദികളോ പുഴകളോ അവയുടെ സാമിപ്യമോ ഇവിടെ ഇല്ല. വലിയകാവ് റിസേർവ് വനത്തിന്റെ ഒരു ഭാഗം ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഭൂരിഭാഗം ജനങ്ങളും കർഷകരും കർഷകത്തൊഴിലാളികളുമാണ്.

ഈ പ്രദേശത്തെ 80% സ്ഥലവും ആര്യാട്ടു കോവിൽ, എഴുമറ്റൂർ കോയിക്കൽ, വഞ്ചിപ്പുഴ മഠം, വില്യാടത്ത്, പുതിയവീട്ടിൽ തുടങ്ങിയ ജന്മി വക വസ്തുക്കളായിരുന്നു. അവരിൽനിന്നും കൃഷിക്കായി ഓരോ കുടുംബക്കാർ ഒറ്റിക്കും, വാരത്തിനും, പാട്ടത്തിനും സ്ഥലമെടുത്ത് കാടുവെട്ടിത്തെളിച്ച് നെല്ല്, കരിമ്പ്,

വാഴ, കുരുമുളക്, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്തിരുന്നു. ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടുകൂടി കർഷകർ അവരവരുടെ കൈവശം ഉണ്ടായിരുന്ന സ്ഥലങ്ങൾക്ക് പട്ടയം പിടിച്ച് സ്ഥല ഉടമകളായി.

മുൻകാലങ്ങളിൽ റോഡുകളും സൗകര്യപ്രദമായ വഴികളും ഇല്ലാതിരുന്നതിനാൽ രോഗികളെ ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ചിരുന്നത് കട്ടിലുകളിലും, ചാക്കു കട്ടിലുകളിലും, തണ്ടുവച്ചുകെട്ടിയ കസേരകളിലുമായിരുന്നു. പ്രധാനമായി 15 കിലോമീറ്റർ ദൂരമുള്ള കോഴഞ്ചേരി ആശുപത്രിയായിരുന്നു ചികിത്സാ കേന്ദ്രം. പിന്നീട് P.W.D. റോഡുകളായ പൂവനക്കടവ്-ചെറുകോൽപ്പുഴ റോഡ്, ചാലാപ്പള്ളി-കോട്ടാങ്ങൽ റോഡ്, റാന്നി ബ്രാഞ്ച് റോഡ് എന്നിവകൾ നിർമ്മിക്കപ്പെട്ടു. ഇതോടുകൂടി കാളവണ്ടികൾ ഇവിടെ വ്യാപകമായി. പ്രധാന ഉൽപ്പന്നങ്ങളായ കൊപ്ര, കുരുമുളക്, ശർക്കര, ചുക്ക്, ഉണക്കിയ മരച്ചീനി എന്നിവയും മറ്റ് വിപണന സാദ്ധ്യതയുള്ള ഭക്ഷ്യവസ്തുക്കളും ചങ്ങനാശ്ശേരിയിൽ കാളവണ്ടിയിൽ കൊണ്ടുപോയി വിറ്റ് പകരം ഈ പ്രദേശങ്ങൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങളും മറ്റും കൊണ്ടുവന്ന് കച്ചവടം നടത്തുകയും ചെയ്തിരുന്നു. ആ കാലത്ത് ഈ പ്രദേശത്ത് നാടൻ കന്നുകാലികളും ഉഴവുകാളകളും വണ്ടിക്കാളകളും ധാരാളം ഉണ്ടായിരുന്നു. പഞ്ചായത്തുകൾ നിലവിൽവന്നതോടുകൂടി ഒട്ടനവധി റോഡുകൾ ഉണ്ടാവുകയും മോട്ടോർ വാഹന സൗകര്യം വർദ്ധിക്കുകയും ചെയ്തതിനാൽ കാളവണ്ടികളും വണ്ടിക്കാളകളും ഈ പ്രദേശത്തു നിന്നും അപ്രത്യക്ഷമായി. ഇതിനുപുറമേ പാടങ്ങളിലെ ഉപയോഗത്തിന് പൗവ്വർട്രില്ലറും ട്രാക്ടറും വന്നതോടുകൂടി ഉഴവുകാളകളും ഇല്ലാതായി. ഇപ്പോൾ ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കൾ മാത്രമേയുള്ളൂ. അവയും എണ്ണത്തിൽ വളരെ കുറച്ചുമാത്രം.

വിദ്യാഭ്യാസപരമായി ഇപ്പോൾ ഈ പഞ്ചായത്തിലെ ജനങ്ങൾ മുൻപന്തിയിലാണ്; അഭ്യസ്തവിദ്യരുമാണ്. മുമ്പ് സാമാന്യവിദ്യാഭ്യാസം അതായത് 7-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം മാത്രമേ ഭൂരിപക്ഷം ആളുകൾക്കും ലഭിക്കുവാൻ സൗകര്യവും സാമ്പത്തികവും ഉണ്ടായിരുന്നുള്ളൂ. കൂടുതലും അദ്ധ്യാപകരായിരുന്നു ഈ പ്രദേശത്തെ ഉദ്യോഗസ്ഥർ. ആദ്യമായി ഈ പ്രദേശത്ത് വിദ്യാഭ്യാസസ്ഥാപനം ഉണ്ടായത് മിഷണറിമാർ വന്നു സ്ഥാപിച്ച നെടുംമ്പുരയിലുള്ള പെരുംമ്പെട്ടി സി.എം.എസ് എൽ.പി. സ്കൂളാണ്. കാലക്രമേണ സമുദായിക മാനേജ്മെന്റിലും വ്യക്തിപരമായ മാനേജ്മെന്റിലും സർക്കാർ വകയായും 14 സ്കൂളുകൾ നിലവിൽവന്നു. ഇവയിൽ 4 ഹൈസ്കൂളുകളും, 2 യു.പി സ്കൂളുകളും 8 എൽ.പി സ്കൂളുകളും ഉൾപ്പെടുന്നു.

ഹൈസ്കൂൾതലംവരെയുള്ള വിദ്യാഭ്യാസ സൗകര്യം മാത്രമേ ഈ പഞ്ചായത്തിൽ നിലവിലുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി റാന്നി, കോഴഞ്ചേരി, പത്തനംതിട്ട, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം മുതലായ സ്ഥലങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നു. ഇവിടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ല. എങ്കിലും സാമാന്യ വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നേടിയവരിൽ 50 ശതമാനത്തോളം ആളുകൾ ഇൻഡ്യയിൽ ഇതര ഭാഗങ്ങളിലും വിദേശരാജ്യങ്ങളിലും പോയി ജോലി ചെയ്തുവരുന്നു.

ഈ പ്രദേശത്തെ ജനങ്ങൾ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങളിൽ ഉൾപ്പെടുന്നു. എല്ലാ മതവിഭാഗക്കാർക്കും നിരവധി ദേവാലയങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്.

കാവുംപടി കുടുംബക്കാർ സൗജന്യമായി പൊതു കാര്യങ്ങൾക്കായി നല്കിയ 55 സെൻറ് ഭൂമിയാണ് ഇപ്പോഴത്തെ പഞ്ചായത്താഫീസ്, കമ്മ്യൂണിറ്റിഹാൾ, ശ്രവണ-ദൃശ്യകേന്ദ്രം, ലൈബ്രറി, ഫാമിലിവെൽഫെയർ സെന്റർ എന്നിവകൾക്കുള്ള കെട്ടിടങ്ങൾ പണികഴിപ്പിച്ചിരിക്കുന്നത്. കൂടാതെ, പുതിയ പോസ്റ്റ് ആഫീസും ക്വാർട്ടേഴ്സും പണിയുന്നതിനായി 12 സെൻറ് സ്ഥലം കുറഞ്ഞ വിലയ്ക്ക് നല്കിയിട്ടുണ്ട്.

കൊറ്റനാട് പഞ്ചായത്തിലുള്ള ഭൂരിപക്ഷം പൊതു സ്ഥാപനങ്ങളും കാവുംപടി വീട്ടിൽ ശ്രീ പി. രാമൻ നായർ അവറുകളുടെ ബുദ്ധിവൈഭവംകൊണ്ടും അക്ഷീണപരിശ്രമംകൊണ്ടും ഉണ്ടായിട്ടുള്ളതാണ്. വൃന്ദാവനം ചന്ത, വൃന്ദാവനം പോസ്റ്റ് ആഫീസ്, കൊറ്റനാട് സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവകൾ അതിൽ ചിലതുമാത്രം.

1942-43 കാലത്ത് മാരകരോഗമായ മലമ്പനി പടർന്നു പിടിച്ച് പലരും മരിച്ചു. ആ രോഗത്തിനു പരിഹാരം നേടുന്നതിന് ശ്രീ. പി. രാമൻ നായർ മുൻകൈയെടുത്ത് സാധുജനസേവ സന്നദ്ധ സംഘം രൂപീകരിച്ച് പൊതുജനാരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരെ വരുത്തി രോഗികൾക്കു ചികിത്സയും മറ്റുള്ളവർക്ക് പ്രതിരോധ കുത്തിവെയ്പും നല്കി. മലമ്പനി രോഗം ബാധിച്ച വീടുകൾ സന്ദർശിച്ച് മരുന്നും പാലും വിതരണം ചെയ്യുകയുമുണ്ടായി.

മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനി, മുൻ M.P.യും M.L.A. യുമായിരുന്ന പരേതനായ ശ്രീ. പി.കെ. കുഞ്ഞച്ചൻ, മുൻ

കല്ലൂപ്പാറ M.L.A ശ്രീ. സി.എ. മാത്യു എന്നീ പ്രഗൽഭർ ഈ പഞ്ചായത്തിൽ ജനിച്ചുവളർന്നവരാണ്. മറ്റു പലരുടെയും പേരുകൾ വിസ്താരഭയത്താൽ ഈ ചരിത്രത്തിൽ ചേർക്കുന്നതിനു സാധിക്കാതെ വരുന്നതിൽ ഖേദിക്കുന്നു.

ചന്തകളെ സംബന്ധിച്ചിടത്തോളം പെരുംമ്പെട്ടി ചന്ത നേരത്തേതന്നെ നിലവിലിരുന്നതാണ്. 1949-ൽ മുണ്ടംങ്കാവുങ്കലിൽ 'വൃന്ദാവനം' എന്ന പേരിൽ ഒരു ചന്ത പ്രവർത്തനം ആരംഭിച്ചു. ഇതോടുകൂടി ചുറ്റുപാടുമുള്ള പ്രദേശങ്ങൾ വൃന്ദാവനം എന്ന പേരിൽ സ്ഥിരപ്പെട്ട് അറിയപ്പെടുന്നു. വെള്ളയിൽ ഒരു പബ്ലിക്ക് മാർക്കറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലവാസിയായ നെല്ലിക്കാംപുറത്ത് (രാമവിലാസം) എൻ.ജി. ശിവരാമൻ നായർ 50 സെൻറ് സ്ഥലം സൗജന്യമായി നല്കിയതിൽ 1959-ൽ ചന്ത ആരംഭിച്ചുവെങ്കിലും പൊതുജന സഹകരണം കുറഞ്ഞുവന്നതിനാൽ ചന്തയുടെ പ്രവർത്തനം പ്രയേണ നിലയ്ക്കാണുണ്ടായത്. തുടർന്ന് കണ്ടംപേരൂരിലും തീയാടിയ്ക്കലിലും ചന്തകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

അരയുഴം ഭാഗത്ത് പൂവനക്കടവ്-ചെറുകോൽപ്പുഴ റോഡരുകിൽ റവന്യൂ പുറമ്പോക്കായി കിടന്ന 62 സെൻറ് സ്ഥലം അന്നത്തെ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രമഫലമായി സർക്കാർ 1-4-59-ൽ പഞ്ചായത്തിനു വിട്ടുതന്നു. ഈ സ്ഥലത്ത് 1961-ൽ ഒരു കന്നുകാലി ചന്ത ആരംഭിച്ചെങ്കിലും കുറച്ചു കാലത്തിനുള്ളിൽ അത് നിലയ്ക്കുകയും ചെയ്തു. ഈ സ്ഥലത്തിൽ 50 സെന്റ് ഖാദിബോർഡിന് നൂൽനൂൽപ്പുകേന്ദ്രം സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് ദാനമായി വിട്ടുകൊടുത്തു. ഈ സ്ഥാപനത്തിൽ 55 പാവപ്പെട്ട വനിതകൾ ജോലി ചെയ്തുവരുന്നു. ബാക്കിയുള്ള 12 സെൻറ് സ്ഥലത്തിൽ കൃഷിഭവൻ പണികഴിപ്പിക്കുന്നതിനു വേണ്ടി കൃഷി വകുപ്പിന് നിയമാനുസൃതം വിട്ടുകൊടുക്കുന്നതിന് ഇപ്പോഴത്തെ പഞ്ചായത്തു കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്.

1972-ൽ ഗവ: റൂറൽ ഡിസ്‌പെൻസറികൾ പഞ്ചായത്തുകൾക്ക് അനുവദിച്ച സമയം ഈ പഞ്ചായത്തിനും ഒരെണ്ണം അനുവദിച്ചു തന്നതിന്റെ പ്രവർത്തനം പഞ്ചായത്ത് ആപീസ് വൃന്ദാവനത്തിലേക്ക് മാറ്റിയതുമൂലം മഠത്തുംചാലിൽ ഒഴിവുവന്ന കെട്ടിടത്തിൽ 1972 ഫെബ്രുവരി മാസത്തിൽ ആരംഭിച്ചു. റൂറൽ ഡിസ്പെൻസറിക്കായി പഞ്ചായത്ത് പണികഴിപ്പിച്ച പുതിയ കെട്ടിടവും പഴയ കെട്ടിടവും സഹിതം ഒരു ഏക്കർ സ്ഥലം 1984ൽ പൊതുജനാരോഗ്യ വകുപ്പിന് കൈമാറ്റം നടത്തി. തുടർന്ന് റൂറൽ ഡിസ്‌പെൻസറി പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയിരിക്കയാണ്. 20 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്.

പെരുംമ്പെട്ടി കേന്ദ്രമാക്കി ഒരു ഫാമിലി വെൽഫയർ സെന്റർ ആരംഭിക്കുന്നതിന് പുതിയവീട്ടിൽ ശ്രീ പി.കെ. ഗോപാലപിള്ള സംഭാവന ചെയ്ത സ്ഥലത്ത് മല്ലപ്പള്ളി ബ്ലോക്കിന്റെയും സ്ഥലവാസികളുടെയും സഹകരണത്തിൽ കെട്ടിടം പണിയിച്ച് പ്രവർത്തിച്ചുവരുന്നു.

അന്നത്തെ M.L.A ആയിരുന്ന ശ്രീ സി.എ. മാത്യുവിന്റെ ശ്രമഫലമായി അനുവദിച്ചുകിട്ടിയ പത്തനംതിട്ട ജില്ലാ ഹോമിയോ ആശുപത്രി 1990-ൽ കുമ്പളന്താനം ജംഗ്ഷനു സമീപമുള്ള ഒരു വാടകകെട്ടിടത്തിൽ ബഹു. ആരോഗ്യവകുപ്പ് മന്ത്രി ശ്രീ എ.സി. ഷൺമുഖദാസ് ഉദ്ഘാടനം ചെയ്തു പ്രവർത്തിച്ചുവന്നു. കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടതായ സാഹചര്യം വന്നപ്പോൾ വെള്ളയിൽ സൗകര്യപ്രദമായ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് ആശുപത്രി അങ്ങോട്ടുമാറ്റുകയുണ്ടായി. ആശുപത്രിക്ക് വേണ്ട സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് മുന്നോട്ടുവരികയും രോഗികൾക്കായി അനുവദിച്ച 25 ബഡിൽ ആഹാരം കൊടുക്കുന്നതിനുള്ള പെർമിറ്റ് അനുവദിക്കുന്നതിനു മുൻകൈയെടുത്തതും വലിയകുന്നം പൗരസമിതിയാണ്. വെള്ളയിലെ നിന്നുപോയ ചന്തസ്ഥലത്ത് ആ സ്ഥലം സംഭാവന ചെയ്തശ്രീ എൻ.ജി. ശിവരാമൻനായരുടെ സമ്മതത്തോടുകൂടി ജില്ലാ ഹോമിയോ ആശുപത്രിക്കാവശ്യമായ കെട്ടിടം പണികഴിപ്പിക്കുന്നതിനു പഞ്ചാ യത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. പ്രൊഫ. പി.ജെ. കുര്യൻ എം.പി.യുടെ ഫണ്ടിൽ നിന്നും രണ്ടര ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്; പണി താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കങ്ങഴ എം.ജി.ഡി.എം. ഹോസ്പിറ്റലിന്റെ ഒരു യൂണിറ്റ് വെള്ളയിൽ നെല്ലിക്കാംപുരത്ത് ശ്രീ നാരായണപണിക്കർ സംഭാവന ചെയ്ത സ്ഥലത്ത് കെട്ടിടം പണിയിച്ച് ഉദ്ദേശം 20 വർഷത്തോളം പ്രവർത്തിച്ചിരുന്നു. ആരംഭിച്ച കാലത്ത് ഡോക്ടർമാർ വരുകയും രോഗികളെ പരിശോധിച്ച് സൗജന്യമായി ചികിത്സിക്കയും ചെയ്തിരുന്നു. വിദേശസഹായം നിർത്തൽ ചെയ്തതോടുകൂടി ഈ ചികിത്സാകേന്ദ്രം പ്രവർത്തനരഹിതമാകുകയും ഇപ്പോൾ ഈ കെട്ടിടത്തിൽ വനിതകൾക്ക് തയ്യൽ പരിശീലനവും മല്ലപ്പള്ളി ബ്ലോക്കിന്റെ ഒരു ഫീഡിംഗ് സെന്ററും നടത്തിവരുന്നതും ആകുന്നു.

വെള്ളയിൽ നെല്ലിക്കാംപുറത്ത് ശ്രീ നാരായണ പണിക്കർ സൗജന്യമായി നല്കിയ 25 സെൻറ് സ്ഥല ത്ത് മല്ലപ്പള്ളി ബ്ലോക്ക് മുഖാന്തിരം പണികഴിപ്പിച്ച കെട്ടിടത്തിൽ 1960 മതൽ മൃഗാശുപത്രി പ്രവർത്തി ച്ചുവരുന്നു.

മുൻകാലത്ത് എഴുമറ്റൂർ അഞ്ചലാഫീസിൽ നിന്നും അഞ്ചൽ ശിപായി നടന്നുവന്ന് എഴുത്തുകൾ വി തരണം ചെയ്തുകൊണ്ടിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം കൊറ്റനാട് കേന്ദ്രമാക്കി ഒരു പോസ്റ്റ് ആഫീസ് സ്ഥാപിക്കപ്പെട്ടു. തുടർന്ന് പെരുംമ്പെട്ടി, കര്യംപ്ലാവ്, വെള്ളയിൽ, ചാലാപ്പള്ളി എന്നീ പോസ്റ്റ് ആഫീസുകൾ നിലവിൽവന്നു. ഇപ്പോൾ വാർത്താവിനിമയ സൗകര്യം സാമാന്യം തൃപ്തികരമാണ്.

ഈ പഞ്ചായത്തിൽ "കുന്നം പരസ്പര സഹാ യസഹകരണ സംഘം", "കൊറ്റനാട് പരസ്പര സഹായ സഹകരണ സംഘം" എന്നിവ പ്രവർത്തി ച്ചിരുന്നു. എന്നാൽ ക്രമേണ അവയുടെ പ്രവർ ത്തനം നിലയ് ക്കുകയും ചെയ്തു. പിന്നീട് കൊറ്റനാട് സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് A. 153-ാം നമ്പരാ യി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ഈ സംഘം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കായി ഉയർ ത്തി ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടു ത്തുകയും ചെയ്തു. തൃപ്തികരമായ വിധത്തിൽ പ്രവ ർത്തനം നടത്തിവരുന്നു. വൃന്ദാവനത്തിൽ സ്വന്തമായി പണിത ബാങ്ക് കെട്ടിടത്തിലും പെരുംമ്പെട്ടിയിൽ പണിത സ്വന്തം കെട്ടിടത്തിലും കണ്ടംപേരൂരിൽ വാടക കെട്ടിടത്തിലും വളം ഡിപ്പോ സ്ഥാപിച്ച് പ്രവർത്തനം നട ത്തിവരുന്നു.

ഇതിനുംപുറമേ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വൃന്ദാവനം, SIB തീയാടിക്കൽ, IOB കണ്ടൻപേരൂർ, പത്തനംതിട്ട ഡിസ്ട്രിക്ട് കോഓപ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ച് ചാലാപ്പള്ളി, തിരുവല്ലാ ഈസ്റ്റ് കോഓ പ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ച് പെരുംമ്പെട്ടി എന്നിവയും അതതു സ്ഥലവാസികളുടെ താല്പര്യപ്രകാരം അനു വദിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

മുൻകാലത്ത് ക്രമസമാധാനനില തൃപ്തികരമായിരു ന്നില്ല. എന്നാൽ അതതു പ്രദേശങ്ങളിലെ കരപ്രമാ ണികളുടെ നേതൃത്വത്തിൽ കേസുകളും തർക്കങ്ങളും പറഞ്ഞുതീർത്തുവന്നു. ഈ പ്രദേശം ആറന്മുള പൊ ലീസ് സ്റ്റേഷന്റെ അതിർത്തിയിലായിരുന്നു. പിന്നീട് കീഴ്വായ്പൂർ പൊലീസ് സ്റ്റേഷന്റെ പരിധിയിലായി. പെരുംമ്പെട്ടി ചന്തയ്ക്കു സമീപം പുതിയവീട്ടിൽ ശ്രീ രാമകൃഷ്ണക്കുറുപ്പ് സംഭാവന ചെയ്ത സ്ഥലത്ത് പൊ ലീസ് ഓട്ട്പോസ്റ്റ് പ്രവർത്തിച്ചുവന്നു. തുടർന്ന് സ്ഥല വാസികളുടെ സഹായസഹകരണത്തോടുകൂടി കെട്ടി ടം പണിയിച്ച് പൊലീസ് സ്റ്റേഷനായി ഉയർത്തി 1990 മുതൽ പ്രവർത്തിച്ചുവരുന്നു.

പെരുംമ്പെട്ടി കേന്ദ്രമാക്കി അനുവദിച്ച പെരുംമ്പെട്ടി വില്ലേജ് ആഫീസ് പന്നികുന്നേൽ വക കെട്ടിടത്തിൽ പ്രവർത്തനം നടത്തിവന്നിരുന്നു. പിന്നീട് പുതിയവീട്ടിൽ ശ്രീ കെ. രാമകൃഷ്ണക്കുറുപ്പ് സൗജന്യമായി നല്കിയ 10 സെൻറ് സ്ഥലത്ത് നാട്ടുകാരുടെ സഹായ സഹക രണത്തിൽ കെട്ടിടം പണിയിച്ച് വില്ലേജ് ആഫീസ് സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിച്ചവരുന്നു.

കൊറ്റനാട്, കോട്ടാങ്ങൽ, എഴുമറ്റൂർ പഞ്ചായത്തു കൾക്ക് അന്നത്തെ സ്ഥലം MLA ആയിരുന്ന ശ്രീ സി.എ. മാത്യുവിന്റെ ശ്രമഫലമായി അനുവദിച്ചുകിട്ടിയ മാവേലി സ്റ്റോർ ചാലാപ്പള്ളി കവലയ്ക്കു സമീപം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

കൃഷിയെയും കർഷകരേയും കരുതി കേരളത്തി ലെ എല്ലാ പഞ്ചായത്തുകളിലും ഓരോ കൃഷിഭവൻ ഉണ്ടായിരിക്കണമെന്നുള്ള അന്നത്തെ സർക്കാരിന്റെ തീരുമാനപ്രകാരം കൊറ്റനാട് പഞ്ചായത്തിന് അനുവ ദിച്ച കൃഷിഭവൻ വൃന്ദാവനത്ത് സൗകര്യപ്രദമായ ഒരു വാടകകെട്ടിടത്തിൽ 1984-ൽ സ്ഥാപിച്ചു പ്രവ ർത്തിച്ചുവരുന്നു.

1949-ൽ ചെറിയകുന്നം വില്ലേജ് യൂണിയൻ നില വിൽവന്നു. ആയതിന്റെ പ്രസിഡൻറ് കൊല്ലന്റെ പടി ക്കൽ ശ്രീ എ.കെ. രാഘവൻപിള്ള ആയിരുന്നു. ആ ഫീസ് മഠത്തുംചാലിനു സമീപത്തുള്ള ചൂരക്കുന്ന ത്തുവക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവന്നത്.

തുടർന്ന് 1953-54-ൽ കൊറ്റനാട് പഞ്ചായത്ത് നില വിൽവന്നു. പ്രസിഡൻറ് കാവുംപടി പുത്തൻവീട്ടിൽ ശ്രീ. പി. രാമൻനായരായിരുന്നു. ആ വർഷം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിച്ച് 1977-78 വരെ പ്രസിന്റായി തുടർന്നു. അദ്ദേഹം പ്രസി ഡന്റായപ്പോൾ പഞ്ചയാത്ത് ആഫീസ് വൃന്ദാവനം ചന്തയ്ക്കു സമീപമുള്ള കെട്ടിടത്തിലേക്ക് മഠത്തിൻ ചാലിൽനിന്നും മാറ്റി പ്രവർത്തിച്ചുവന്നു. മഠത്തുംചാൽ കവലയ്ക്ക് സമീപമുള്ള പൊതുമാരമത്ത് വക മുസാവരിയും 1 ഏക്കർ 14 സെൻറ് സ്ഥലവും 1954-ൽ പഞ്ചായത്ത് സർക്കാരിൽനിന്നും വിലയ്ക്കുവാങ്ങി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി പഞ്ചായത്ത് ആഫീസ് വൃന്ദാവനത്തിൽ നിന്നും മാറ്റി അവിടെ പ്ര വർത്തിച്ചുവരുകയും ചെയ്തിരുന്നു. വൃന്ദാവനത്തിൽ പഞ്ചായത്ത് ആഫീസിനുവേണ്ടി കെട്ടിടം പണികഴി പ്പിച്ച് പഞ്ചായത്ത് ആഫീസ് 1-4-1972-ൽ മഠത്തും ചാലിൽ നിന്നുമാറ്റി ഇവിടെ പ്രവർത്തിച്ചവരുന്നു.

# പഞ്ചായത്ത് കമ്മറ്റികളുടെ വിവരം

**1953-63**

1. ശ്രീ. പി. രാമൻനായർ, കാവുംപടിയിൽ
   പ്രസിഡൻറ്
2. ശ്രീ. തോമസ് ഏബ്രഹാം, പുതുപ്പറമ്പിൽ
   വൈസ് പ്രസിഡൻറ്
3. ശ്രീ. ആർ. കേശവൻനായർ,
   നെല്ലിക്കാംപ്പുറത്ത്
4. ശ്രീ. കെ.സി. മാത്യു, കുറ്റിക്കണ്ടത്തിൽ
   താന്നിയ്ക്കൽ
5. ശ്രീ. എം.കെ. ചെറിയാൻ, മാളിയേക്കൽ
6. ശ്രീ. കെ.സി. ഈശ്വരപിള്ള,
   അരയാലുങ്കൽ
7. ശ്രീ. വി.കെ. നാണു, രവിപുരം

**1963-79**

1. ശ്രീ. പി. രാമൻനായർ, കാവുംപടിയിൽ
   പ്രസിഡൻറ്
2. ശ്രീ. സി.എ. മാത്യു, ചെറുകര
   വൈസ് പ്രസിഡൻറ്
3. ശ്രീ. സി.പി. കുട്ടപ്പൻനായർ, മേലേൽ
   കുറച്ചുകാലം പ്രസിഡന്റായിരുന്നു; പിന്നീട്
   രാജിവച്ചു.
4. ശ്രീ. തോമസ് ഏബ്രഹാം, പുതുപ്പറമ്പിൽ
5. ശ്രീ. പി.കെ. ഗോപാലപിള്ള, പുതിയവീട്ടിൽ
6. ശ്രീ. കൊച്ചുകുഞ്ഞുപിള്ള, പന്നിക്കുന്നേൽ
7. ശ്രീ. സി.കെ. നാരായണൻ, ചക്കാനിൽ
8. ശ്രീ. ആർ. കേശവ പണിക്കർ,
   നെല്ലിക്കാംപുറത്ത് - ശ്രീ സി.പി. കുട്ടപ്പൻ
   നായർ രാജിവച്ച ഒഴുവിൽ
9. ശ്രീമതി പി.ആർ. കമലാക്ഷി, ചേറ്റുതടം
   (നോമിനേറ്റഡ്)

**1979-84**

1. ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ നായർ,
   കാവുംപടിയിൽ - പ്രസിഡൻറ്
2. ശ്രീ. കെ.എ. കുഞ്ഞൻ, കല്ലുപറമ്പിൽ -
   വൈസ് പ്രസിഡൻറ്
3. ശ്രീ. സി.എ മാത്യു, ചെറുകര
4. ശ്രീ. ജെയിക്കബ് കുര്യൻ, ഇലവുങ്കൽ
5. ശ്രീ. ജോൺ തോമസ്, തെക്കേക്കര
6. ശ്രീ. വി. ഇട്ടി മത്യു, വാറുകുന്നേൽ
7. ശ്രീ. കെ.കെ. രാമചന്ദ്രൻനായർ, കിഴക്കേൽ
8. ശ്രീ. ശ്രീമതി പി.പി. ലക്ഷ്മിക്കുട്ടിയമ്മ,
   നെല്ലിക്കാംപുറത്ത്

**1984-88**

അഡ്മിനിസ്ട്രേറ്റർ ഭരണം

**1988-96**

1. ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ, കാവുംപടിയിൽ
   പ്രസിഡൻറ്
2. ശ്രീ. കെ.ഇ. വറുഗീസ്, തുണ്ടിയിൽ
   വൈസ് പ്രസിഡൻറ്
3. ശ്രീ. എൻ.ജി. ശിവരാമൻ നായർ,
   രാമവിലാസം
4. ശ്രീ. പി.എ. മാത്യു, പാലയ്ക്കാമണ്ണിൽ
5. ശ്രീ. എൻ.കെ. ചന്ദ്രദാസ്, നെടുംമ്പുര
   തെക്കേചരുവിൽ
6. ശ്രീ. കെ.കെ. രാമചന്ദ്രൻനായർ, കിഴക്കേൽ
7. ശ്രീമതി അന്നമ്മ മാത്യു, മേപ്രത്ത്
   തോമരത്തിൽ
8. ശ്രീമതി എ.ജെ. മറിയാമ്മ, മാപ്പുതുണ്ടിയിൽ

**1995 മുതൽ**

1. ശ്രീ. സാജൻ തോമസ്, അത്യാലിൽ
   പ്രസിഡൻറ്
2. ശ്രീ. കെ.ഇ. വറുഗീസ്, തുണ്ടിയിൽ
   വൈസ് പ്രസിഡൻറ്
3. ശ്രീമതി കെ.എം. ഏലിയാമ്മ,
   കുറ്റിക്കണ്ടത്തിൽ താന്നിയ്ക്കൽ
   സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ
4. ശ്രീ. മധു കുഞ്ഞൻ, കാക്കമല
5. ശ്രീ. മാത്യു തോമരം, മേപ്രത്ത്
   തോമരത്തിൽ
6. ശ്രീമതി ശോശാമ്മ തോമസ്,
   പാലനില്ക്കുന്നതിൽ
7. ശ്രീമതി ഏലിയാമ്മ ഈപ്പൻ, തുണ്ടിയിൽ
8. ശ്രീ. പി.സി. ദാമോദരപണിക്കർ,
   പുത്തൻ പറമ്പിൽ

മേൽ വിവരിച്ചിട്ടുള്ളവരിൽ ശ്രീമാന്മാരായ പി. രാമൻനായർ, കെ.സി. ഈശ്വരപിള്ള, കൊച്ചുകുഞ്ഞു പിള്ള, കെ.സി. മാത്യു, ആർ. കേശവപിള്ള, എ.കെ. രാഘവൻ പിള്ള എന്നിവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. അവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

ഈ പഞ്ചായത്തിലെ ആദ്യത്തെ എക്സിക്യൂട്ടീവ് ആഫീസർ കോഴഞ്ചേരി സ്വദേശി ശ്രീ പി.എൻ. വെങ്കിടേശ്വര പൈ ആയിരുന്നു. തുടർന്ന് ഈ ദേശവാസികളായ ശ്രീകുമാർ, എം.എൻ. ചന്ദ്രശേഖര ക്കുറുപ്പ്, വി. പ്രഭാകരപണിക്കർ, പി.എസ്. രാജപ്പൻ എന്നിവരും അന്യസ്ഥലങ്ങളിൽ നിന്നും മറ്റനേകരും കുറഞ്ഞ കാലങ്ങലിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ ശ്രീ പി.എസ്. രാജപ്പൻ 1955 മുതൽ 1962 വരെ പഞ്ചായത്ത് അസിസ്റ്റന്റായും 1966 മുതൽ 1990 വരെയുള്ള സമയം പല കാലങ്ങളിലായി 20 വർഷത്തിനുമേൽ ഈ പഞ്ചായത്തിൽ എക്സിക്യൂട്ടീവ് ആഫീസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് ആക്റ്റ് 1995-ൽ നടപ്പിൽ വന്നതോടുകൂടി എക്സിക്യൂട്ടീവ് ആഫീസറുടെ തസ്തിക ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നാക്കി മാറ്റി. ഈ ഗ്രാമ പഞ്ചയാത്തിലെ ആദ്യ സെക്രട്ടറി ശ്രീമതി പി.റ്റി. മേരിയായിരുന്നു. 1997 ജനുവരി മുതൽ ശ്രീമതി കെ. ലളിതാമണി സെക്രട്ടറിയായി സേവനം ചെയ്തുവരുന്നു.

## പ്രവർത്തന-നേട്ടങ്ങൾ

പൊതു ശ്മശാനത്തിനായി പുള്ളോലി പട്ടികജാതി സങ്കേതത്തിനു സമീപമായി 22 സെൻറ് സ്ഥലം 1992-ൽ വിലയ്ക്കു വാങ്ങിയിട്ടുണ്ട്. വെള്ളയിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 50 സെൻറ് സ്ഥലം പഞ്ചായത്ത് വിലയ്ക്കു വാങ്ങിയിട്ടുണ്ട്. പഞ്ചായത്താഫീസിനു സമീപം ഉള്ള കമ്മ്യൂറ്റിഹാൾ സർക്കാരിന്റെ 7 ഇന പരിപാടിയിൽ പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ളതാണ്. 11 ഇന പരിപാടിയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ ഒരു ശ്യവണദൃശ്യകേന്ദ്രവും പണികഴിപ്പിച്ചിരിക്കുന്നു.

1960-ൽ പഞ്ചായത്ത് പണികഴിപ്പിച്ച കെട്ടിടത്തിൽ വിലപിടിപ്പുള്ള റഫ്രൻസ് ബുക്കുകൾ ഉൾപ്പെടെ അനേകം പുസ്തകങ്ങൾ സഹിതം 27-10-1960 മുതൽ ലൈബ്രറിയും വായനശാലയും പ്രവർത്തിച്ചുവരുന്നു. ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനശാലയിൽ ലഭ്യമാക്കിയിട്ടുണ്ട്.

സാധാരണക്കാർക്ക്, പ്രത്യേകിച്ച് തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനം ലഭിക്കുന്നതിനായി പഞ്ചായത്താഫീസിനു സമീപം സൈറൺ ടവർ പണികഴിപ്പിച്ച് സൈറൺ വാങ്ങി സ്ഥാപിച്ച് 1972 മുതൽ പ്രവർത്തിച്ചുവരുന്നു.

ഭൂരഹിത തൊഴിലാളികൾക്ക് വീടുകൾ പണിയുന്നതിനായി പുള്ളോലി, നടയ്ക്കൽ എന്നീ സ്ഥലങ്ങളിലായി 2 ഏക്കർ 80 സെൻറ് സ്ഥലം വാങ്ങി. 70 കുടുംബങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം വിതരണത്തിനായി 1 ഏക്കർ 13 സെൻറ് സ്ഥലം ചാന്തോലി ഭാഗത്തു വാങ്ങിയിട്ടുണ്ട്.

1972ലെ ലക്ഷംവീടു പദ്ധതിയിൽ ചാന്തോലിൽ, വെള്ളയിൽ, മത്തുംചാൽ, അത്യാൽ, നടയ്ക്കൽ എന്നീ സ്ഥലങ്ങളിലായി 5 ഏക്കർ സ്ഥലം വിലക്കു വാങ്ങി വീടുകൾവയ്ക്കുന്നതിനായി 100 കുടുംബങ്ങൾക്കായി വിതരണം ചെയ്തു. പദ്ധതിപ്രകാരം 16 വീടുകൾ പണികഴിപ്പിച്ചു കൊടുത്തിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട മിക്കവാറും കുടുംബങ്ങൾക്കും വീടുകൾ പണിയുന്നതിന് വിവിധ പദ്ധതികളിൽ സഹായം നല്കിയിട്ടുണ്ട്.

അതതുകാലം സർക്കാർ അനുവദിച്ചുതന്ന ജവഹർ തൊഴിൽദാന പദ്ധതി ഫണ്ട്, ഉപാധിരഹിത ഫണ്ട് എന്നിവ ഉപയോഗിച്ച് നിരവധി പട്ടികജാതിക്കാർക്കും ദുർബല വിഭാഗത്തിൽപ്പെട്ട ചുരുക്കം ആളുകൾക്കും വീടുകളും കക്കൂസുകളും പണിയിക്കുന്നതിന് സഹായം നല്കിയിട്ടുണ്ട്. ഏതാനും വീടുകളും വൈദ്യുതീകരിക്കുകയും ചെയ്തു.

പുള്ളോലി, പന്നയ്ക്കപതാൽ എന്നീ പട്ടികജാതി സങ്കേതങ്ങളിൽ ഓരോ ചെറിയ കമ്മ്യൂണിറ്റിഹാൾ പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ, കുരിശുമുട്ടം സങ്കേതത്തിൽ ഒരു T.V. സെറ്റു സ്ഥാപിച്ചു.

ജവഹർ തൊഴിൽദാന പദ്ധതിയിൽ 1990-ൽ മൂന്നു കടമുറികളും ഒരു വെയിറ്റിംഗ് ഷെഡും ഉള്ള ഷോപ്പിംഗ് സെന്റർ മത്തുംചാൽ ജംഗ്ഷനു സമീപം പണികഴിപ്പിച്ചു.

ജവഹർ തൊഴിൽദാന പദ്ധതിയിലും ഉപാധിരഹിത ഫണ്ടിലും ഉൾപ്പെടുത്തി ഏതാനും പണികൾ ചെയ്തിട്ടുണ്ട്. ചീരംപടവ് കലുങ്ക്, കുന്നത്തെ കുളത്തിന്റെ പുനരുദ്ധാരണം, ടാറിംഗ് ഉൾപ്പെടെ ഏതാനും റോഡുകളുടെ പുനരുദ്ധാരണം ആദിയായവ ഇതിൽപ്പെടും. ലഭിച്ച തുകയിൽ ഒരു നല്ല പങ്ക് സാധുജനങ്ങൾക്കുവേണ്ടി വീടുകളും കക്കൂസുകളും പണിയുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

ഈ പ്രദേശത്ത് വൈദ്യുതി എത്തിയത് 1960-ൽ മാത്രമാണ്. പ്രധാന റോഡുകളിലാണ് ആദ്യം തെരുവു വിളക്കുകൾ സ്ഥാപിച്ചത്. കാലക്രമേണ കുറച്ചു റോ

ഡുകളിൽക്കൂടി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും ചില കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനും സാധിച്ചു. എന്നാൽ വൈദ്യുതി എത്തിയിട്ടില്ലാത്ത പല ഭാഗങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

1984-ൽ ആണ് ഈ പ്രദേശത്ത് ആദ്യമായി രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടായത്. ആ വർഷം പഞ്ചായത്ത് ലോറികളിൽ ശുദ്ധജല വിതരണം നടത്തി. മല്ലപ്പള്ളി ബ്ലോക്ക് മുഖാന്തിരം അന്ന് നിലവിലിരുന്ന പല കിണറുകളുടേയും ആഴം വർദ്ധിപ്പിക്കുകയും താഴ്ന്ന പ്രദേശങ്ങളിൽ താല്കാലിക കിണറുകൾ കുഴിപ്പിക്കുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റി പെരുംമ്പെട്ടിയിൽ പോത്രയിൽ കുളത്തിനു സമീപം കുഴൽകിണർ കുഴിച്ച് മോട്ടോറും പമ്പും സ്ഥാപിച്ച് സമീപ പ്രദേശങ്ങളിലെ റോഡുകളുടെ വശത്ത് പൈപ്പ് ലൈൻ ഇട്ട് 50 പൊതു ടാപ്പുകൾ ഇണക്കി ജലവിതരണം ആരംഭിച്ചു. ഇവിടെ ഓവർഹെഡ് ടാങ്ക് നിർമ്മിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനു സാധിച്ചിട്ടില്ല.

ഈ പഞ്ചായത്തിലെ ജലക്ഷാമത്തിനു സ്ഥിരമായ പരിഹാരം ഉണ്ടാക്കുന്നതിനായി പ്രൊഫ. പി.ജെ. കുര്യൻ എം.പി.യുടെ ശ്രമഫലമായി പെരുംമ്പെട്ടി വില്ലേജ് 'പ്രോബ്ലം' വില്ലേജായി പ്രഖ്യാപിച്ച് 'പെരുംമ്പെട്ടി മേജർ വാട്ടർ സപ്ലേ സ്കീം' അനുവദിച്ചു. ഇതിനായി ഒരു കോടി പന്ത്രണ്ടുലക്ഷം രൂപായുടെ എസ്റ്റിമേറ്റ് 1994-ൽ പാസാക്കി 1995-ൽ പണി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ മന്ദീഭവിച്ചിരിക്കയാണ്. ടാങ്ക് പണിയുന്നതിന് കളമ്പാലയിൽ 5 സെൻറ് സ്ഥലം കുറ്റിക്കണ്ടത്തിൽ കൈമണ്ണിൽ ശ്രീ കെ.സി. ചാക്കോയും വാദ്ധ്യാൻമലയിൽ 5 സെൻറ് സ്ഥലം ചരിവുകാലായിൽ ശ്രീ വർണ്ണൻ വറുഗീസും, മാര്യകാവിൽ തടത്തിൽ 5 സെൻറ് സ്ഥലം പാലയ്ക്കാമണ്ണിൽ ശ്രീ പി.എ. വറുഗീസും കാവുങ്കൽ നൈനാനും ചേർന്ന് സൗജന്യമായി നല്കിയിട്ടുണ്ട്.





# 4

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

## ഭൂപ്രകൃതി

17.01 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കൊറ്റനാട് ഗ്രാപഞ്ചായത്തിനെ 5 മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം, 2. ചെരുചെരിവ്, 3. ഇടത്തരം ചെരിവ്, 4. സമതലം, 5. താഴ്‌വര

താഴ്‌വരയെന്നു ഉദ്ദേശിക്കുന്നത് രണ്ടു കുന്നുകളുടെ അടിവാരമാണ്. ഇങ്ങനെയുള്ള നിലങ്ങളിൽ ഭൂരിഭാഗവും നെൽപാടങ്ങളാണ്. സമതലത്തും നിലങ്ങളുണ്ട്; ഇതും നെൽപ്പാടങ്ങളാണ്. നെല്ലു കൂടാതെ മരച്ചീനി, ഏത്തവാഴ മുതലായവ കൃഷി ചെയ്തു വരുന്നു. മൊത്തം ഭൂമിയുടെ 30 ശതമാനം ഈ മേഖലകളിലാണ്. തെങ്ങ് കൂടുതലായി കണ്ടുവരുന്നത് സമതലങ്ങളിലാണ്. മറ്റുള്ള എല്ലാ മേഖലകളിലും റബ്ബർ കൃഷി നടത്തുന്നു. ഈ പഞ്ചായത്തിൽ 1242 1/2 ഏക്കർ റിസേർവ്വ് വനമാണ്.

## ജനപ്രകൃതി

1991-ലെ സെൻസസ് അനുസരിച്ച് കൊറ്റനാട് ഗ്രാമപഞ്ചയാത്തിലെ ജനസംഖ്യ 14188 ആയിരുന്നു. ഇതിൽ 6919 പുരുഷന്മാരും 7269 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ. ജനങ്ങളിൽ 90 ശതമാനം പേരും സാക്ഷരരാണ്.

ജനങ്ങൾ പൊതുവേ സൗമ്യശീലരും സമാധാനപ്രിയരുമാണ്. മിക്കവാറും എല്ലാവരും ഈശ്വര വിശ്വാസികളാണ്. എന്നാൽ ജാതിയുടെ പേരിലോ, മതത്തിന്റെ പേരിലോ ഇവിടെ കലഹമൊന്നും ഉണ്ടാകാറില്ല. പഞ്ചായത്തിലെ ഏതു വാർഡിൽ ചെന്നാലും എല്ലാ മതസ്ഥരുടെയും ദേവാലയങ്ങൾ കാണാൻ സാധിക്കും.

ജനസംഖ്യയിൽ 20-ൽ ശതമാനം ജനങ്ങൾ വിദേശങ്ങളിലോ, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലോ ജോലി സംബന്ധിച്ച് താമസിച്ചുവരുന്നു.

## ജലപ്രകൃതി

ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. സെപ്റ്റംബർ, നവംബർ മാസത്തിൽ കുറെ മഴ ലഭിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ ഈ കണക്കെല്ലാം തെറ്റിയിരിക്കുകയാണ്. ഫെബ്രുവരി മുതൽ ഏപ്രിൽ വരെ സാധാരണയായി മഴ ലഭിക്കുന്നില്ല. ഇതുമൂലം ഈ പഞ്ചായത്തിലെ ജലക്ഷാമം രൂക്ഷമാകുന്നു.

നദിയുടെ സാമീപ്യം ഈ പഞ്ചായത്തിനില്ല. മഴക്കാലത്തുമാത്രം നീരൊഴുക്കുള്ള ഏതാനും തോടുകളാണ് നമുക്കുള്ളത്. പ്രകൃതിദത്തമായ ഒരു ജലസ്രോതസ്സും കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ ഇല്ല. ഈ കാരണങ്ങൾ പരിഗണിച്ചാണ് പെരുംപെട്ടി പ്രോബ്ലം വില്ലേജായി കേന്ദ്ര സർക്കാർ 1992-ൽ പ്രഖ്യാപിച്ച് പെരുംപെട്ടി മേജർ വാട്ടർ സപ്ലൈ സ്കീം അനുവദിച്ചത്. 3 ചെറിയ കുളങ്ങളാണ് നമുക്കുള്ളത്.





5

# സാമൂഹിക സാമ്പത്തിക മേഖലകൾ



1



5-1

# കൃഷിയും ജലസേചനവും

കൊറ്റനാട് ഗ്രാമപഞ്ചായത്തു പ്രദേശം ഒരു കർഷകഗ്രാമമാണ്. കുന്നിൻ ചരിവും, താഴ്‌വരയും, നിലങ്ങളും ഇടകലർത്തുന്ന ഭൂപ്രദേശമാണ് ഈ പഞ്ചായത്ത് പുഴകളുടെ സാമീപ്യമില്ല. മഴക്കാലത്ത് മാത്രം ജലപ്രവാഹമുള്ള തോടുകളാണ്. പ്രധാനമായും ഇങ്ങനെയുള്ള അഞ്ച് തോടുകളാണ് നിലവിലുള്ളത്. മുൻകാലത്ത് ഈ പ്രദേശത്ത് സ്ഥിരമായ ഉറവയും നീരൊഴുക്കും ഉള്ള സ്ഥലങ്ങളും തോടുകളും ഉണ്ടായിരുന്നു. അനധികൃത കയ്യേറ്റവും, സംരക്ഷണ ഇല്ലായ്മയും, സസ്യാവരണത്തിൻെറ കുറവും, നിമിത്തം ചെറിയ തോടുകൾ അപ്രത്യക്ഷമായിരിക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 300 മുതൽ 350 മീറ്റർവരെ ഉയരത്തിൽ ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്തെ തോടുകൾ പ്രധാന നദികളായ പമ്പ, മണിമല എന്നീ നദികളിൽ ചേരുന്നു.

## മണ്ണിൻെറ ഘടന

വെട്ടുകൽ ചേരുവയുള്ള ചെങ്കൽ മണ്ണ്, വെള്ളാരൻ കല്ലുചേർന്ന മണ്ണ്, കറുത്ത മണ്ണ്, ചെളിമണ്ണ് പാറക്കെട്ടുകൾ എന്നിവയുൾപ്പെട്ടതാണ് ഈ പ്രദേശം. 90% പ്രദേശത്തും മഴയെ ആശ്രയിച്ചുള്ള ജലലഭ്യതയാണ് ഉള്ളത്. വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. കുടിവെള്ളത്തിനുപോലും ജലം ലഭ്യതയില്ലാത്തതു കാരണം ജനങ്ങൾ തിയാടിയ്ക്കൽ കുമ്പളന്താനം തടം, നാടമലക്കുന്ന്, ഉറുമ്പിൽ തടം, പുല്ല്യാന്നിത്തടം, മാര്യകാവ് തടം, ഊഴിയംകാവ്, ഉപ്പോലി, പുള്ളോലിൽത്തടം, ഉന്നത്തോലിൽ, കാക്കമല മഠത്തുങ്കൽ എന്നീ സ്ഥലങ്ങൾ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

## സസ്യാവരണം

പഞ്ചായത്തു പ്രദേശത്തെ പ്രധാന കൃഷി ഇപ്പോൾ റബ്ബർ ആണ്. തെങ്ങ്, കമുക്, കുരുമുളക്, നെല്ല്, മരച്ചീനി, വാഴ എന്നിവയും ഇടവിളകളായി ചേമ്പ്, കിഴങ്ങ്‌വർഗ്ഗങ്ങൾ, കൊക്കോ എന്നിവയും കൃഷി ചെയ്യുന്നു. ആളോഹരി കൃഷിഭൂമി 10 ആർ എന്ന് കണക്കാക്കുന്നു.

75 വർഷത്തിനു മുമ്പ് ഈ പ്രദേശം ജനനിബിഡമല്ലായിരുന്നു. ഭൂമി ഏതാനും ജന്മികളുടെ കൈവശാവകാശം മാത്രമായിരുന്നു. ജന്മികളിൽ നിന്നും വാരത്തിനും പാട്ടത്തിനും സ്ഥലം കൃഷിക്കെടുത്ത് നെല്ല്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ് എന്നിവ കൃഷി ചെയ്തിരുന്നു. ആദ്യകാലത്ത് കൂടുതൽ ശ്രദ്ധയും പരിചരണവും ഒക്കെ ചെയ്തിരുന്നത് നെൽക്കൃഷിക്കായിരുന്നു. അക്കാലത്ത് തോടുകളും ജലസ്രോതസ്സുകളും സജീവമായിരുന്നു. ചിറകെട്ടിയും, കുളങ്ങൾ കുഴിച്ചും പരസ്പരധാരണയോടെ കൃഷി ചെയ്തിരുന്നു. ഭൂമിയിൽ ജൈവസമ്പത്ത് ധാരാളം ഉണ്ടായിരുന്നു. തുടന്ന് രാസവള പ്രയോഗം ഉണ്ടായ ആദ്യകാലങ്ങളിൽ വിളവ് നല്ലവണ്ണം വർദ്ധിക്കുകയും ചെയ്തു. 1980 മുതൽ ഈ വർദ്ധനവ് നിലനിർത്താൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ ഉഴവുവെട്ടി മലമ്പ്രദേശങ്ങളിൽ ഒരുപ്പു കൃഷിയും നിലനിന്നിരുന്നു. ആ കാലങ്ങളിൽ കൃഷിയിറക്കുന്നതിനും, വിളവ് എടുക്കുന്നതിനും സ്ഥിരം തൊഴിലാളികളുടെ സജീവ സാന്നിദ്ധ്യം

ഉണ്ടായിരുന്നു. നിലം ഉഴുന്നതിനു കാളകളെയും പോത്തുകളെയും ആണ് ഉപയോഗിച്ചിരുന്നത്. വെള്ളം കയറ്റു ന്നതിനും ഇറക്കുന്നതിനും ചക്രങ്ങളും ഉപയോഗിച്ചിരുന്നു. ആ കാലഘട്ടങ്ങളിൽ മരച്ചീനി കൃഷിയും മലഞ്ചരക്കു കൃഷിയും വ്യാപകമായിരുന്നു.

ഭൂപരിഷ്കൃത നിയമം നിലവിൽവന്നതോടുകൂടി ജന്മി കുടിയാൻ ബന്ധത്തിന് ഉലച്ചിൽ ഉണ്ടാവുകയും ഭൂഉടമകൾ അവരവർക്കുള്ള സ്ഥലത്ത് റബ്ബർ, തെങ്ങ്, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ കൃഷിയിറക്കുകയും, കൂലിച്ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചതു കാരണം കൃഷിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് വളരെ കുറയുകയും ഭക്ഷ്യധാന്യങ്ങളുടെയും, പച്ചക്കറി ഇനങ്ങളുടെയും ഉല്പാദനം ഗണ്യമായി കുറയുകയും ചെയ്തിട്ടുള്ളതാണ്. നെൽപാടങ്ങൾ നികത്തി വാഴ, മരച്ചീനി, നാണ്യവിളകൾ, തെങ്ങ്, കമുക്, റബ്ബർ തുടങ്ങിയയ്ക്കു പുറമേ നിലം നികത്തി കെട്ടിടം വയ്ക്കുന്നതിന് ഉപയോഗിക്കുന്നതു കാരണം നെൽപ്പാടങ്ങളുടെ വിസ്തൃതി വർഷംതോറും കുറയുകയും ജലസ്രോതസ്സുകൾ നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

(വില്ലേജ് ആഫിസിലെ റിക്കാർഡുപ്രകാരം)

| | | |
|---|---|---|
| പുരയിടം | : | 3768 ഏക്കർ |
| നിലം | : | 203 ഏക്കർ 59 സെന്റ് |
| പുറംമ്പോക്ക് | : | 1674 ഏക്കർ 41സെന്റ് (വനം ഉൾപ്പെടെ) |
| | | 5646 ഏക്കർ |

## പുറമ്പോക്കു ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| റോഡ് | 33.57 |
| ഇടവഴി | 59.39 |
| തോട് | 28.85 |
| കുളം (3) | 5.32 |
| മറ്റുള്ളവ. | 33.22 |
| **ആകെ.** | **160.33** |

ഈ പഞ്ചായത്തിലുള്ള റോഡുകളുടെ നീളം 69.538 കിലോമീറ്ററും PWD റോഡിന്റെ നീളം 20 കിലോമീറ്ററും ആകുന്നു. പഞ്ചയാത്തു റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ ഗതാഗതത്തിന് അനുയോജ്യമല്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെയും ഗവൺമെന്റിന്റെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

റബ്ബർ: 2000 ഏക്കർ സ്ഥലത്ത് ഇപ്പോൾ കൃഷിയുണ്ട്. ഇപ്പോ ഴും മുറിച്ചുമാറ്റിയിട്ടില്ലാത്ത നാടൻ ഇനങ്ങൾ ചില ഭാഗത്ത് ഇപ്പോഴും ഉണ്ട്. ഭൂരിഭാഗവും ഉല്പാദനക്ഷമത കൂടുതലുള്ള RRI-105, 600, 235, GTI എന്നീ ഇനങ്ങളാണ്. ഈ പഞ്ചായത്തിൽ മൂന്ന് ചെറുകിട റബ്ബർ ഉല്പാദകസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. അവയുടെ പ്രവർത്തനം റബ്ബർ കൃഷിയെ സംബന്ധിച്ചിടത്തോളം പ്രോത്സാഹജനകമാണ്. റബ്ബർ ബോർഡിൽ നിന്നും ഉല്പാദകസംഘങ്ങൾ വഴി വളവും മറ്റ് കാർഷിക ഉല്പാദന ഉപാധികളും സഹായനിരക്കിൽ വിതരണം ചെയ്തുവരുന്നു. മുൻകാലങ്ങളിൽ റബ്ബറിന്റെ ഉല്പാദനക്ഷമത വളരെ കുറവായിരുന്നു. ഇപ്പോൾ റബ്ബർ ബോർഡിന്റെ നിരന്തരമായ ബോധവൽക്കരണം വഴി നല്ലയിനം റബ്ബർ വച്ചുപിടിപ്പിക്കുന്നതിനും, ശാസ്ത്രീയമായ വളപ്രയോഗം നിഷ്കർഷിച്ചിട്ടുള്ളതുമായ പ്രവർത്തനങ്ങൾ മൂലവും റബ്ബർ ഇപ്പോൾ ആദായകരമായ വിളയാണ്. ഉല്പാദനക്ഷമതയുള്ള റബ്ബർ തൈകൾ വച്ചിപിടിപ്പിച്ച് ശുശ്രൂഷിച്ച് വളർത്തുന്നുണ്ടെങ്കിലും പലവിധ രോഗങ്ങളും കർഷകനു ഭീഷണിയായിട്ടുണ്ട്. ചീക്കുരോഗം, പാച്ച്കാംഗർ, പട്ടമരപ്പ് മുതലായ വ്യാപകമായിട്ടുണ്ട്. ചില രോഗങ്ങൾ ബോർഡോമിശ്രിതം, കോപ്പർ ഓക്സിക്ലോറൈഡ്, ബോർഡോക്കുഴമ്പ് തുടങ്ങിയ സ്പ്രേ ചെയ്തും പുരട്ടിയും നിയന്ത്രിക്കുന്നുണ്ട്. എന്നാൽ പട്ടമരപ്പിന് യാതൊരു പ്രതിവിധിയും കണ്ടുപിടിച്ചിട്ടുള്ളതായി ഇതുവരെയും അറിവായിട്ടില്ല. ആദ്യകാലങ്ങളിൽ റോക്കർ സ്പ്രേയർ ഉപയോഗിച്ച് ബോർഡോമിശ്രിതം സ്പ്രേ ചെയ്തിരുന്നു. പിന്നീട് മൈക്രോൺ സ്പ്രെയർ ഉപയോഗിച്ച് കോപ്പർ ഓക്സിക്ലോറൈഡ് ഓയിൽ സ്പ്രേ ചെയ്തും വന്നിരുന്നു. ആയതിന് ഉല്പാദകേന്ദ്രസംഘങ്ങൾക്ക് എസ്.സി.സി. യോടുകൂടി മൈക്രോൺ സ്പ്രേയറും കൊടുത്തിരുന്നു. എന്നാൽ ഇതി ലേക്കുള്ള തൊഴിലാളികളുടെ അഭാവവും, അമിതമായ കൂലി വർദ്ധനവും മൂലം സ്പ്രേയിംഗ് ഇപ്പോൾ മിക്കവരും നിലച്ചിരിക്കുകയാണ്. ഒരു ഹെക്ടറിന് 1200 മുതൽ 2500Kg വരെ റബ്ബർ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. കർഷകരിൽനിന്നും ചെറുകിട റബ്ബർ ഉല്പാദകസംഘങ്ങളും പ്രൈവറ്റ് ഏജൻസികളും റബ്ബർ പാൽ (ലാറ്റക്സ്) ശേഖരിച്ച് വിപണനം നടത്തുന്നുണ്ട്. പ്രൈവറ്റ് ഏജൻസികളുടെ കടന്നുകയറ്റം റബ്ബർ ഉല്പാദകസംഘങ്ങളുടെ ലാറ്റക്സ് സംഭരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഒരു വിഭാഗം കർഷകർ റബർപാൽ ഉറ ഒഴിച്ച് ഷീറ്റാക്കി പുകപ്പുരകളിലും, അടുക്കള ചിമ്മിനികളിലും ഇട്ട് ഉണക്കി വിപണനം നടത്തുന്നുണ്ട്. ഏതാനും

കർഷകർ മുന്തിയ തരം ഗ്രേഡു ഷീറ്റുകൾ തയ്യാറാക്കിയും വിപണനം ചെയ്യുന്നുണ്ട്. എന്നാൽ ഭൂരിഭാഗം കർഷകരും കാര്യമായി ശ്രദ്ധചെലുത്താതെ റബർ ഷീറ്റു തയ്യാറാക്കുന്നതു കാരണം തരംതിരിക്കാത്ത റബറിൻെറ ലേബലിൽ കുറഞ്ഞ വിലയ്ക്കു വിൽക്കേണ്ടതായി വരുന്നു. വിപണന ഏജൻസികൾ മിക്കവാറും ഗ്രേഡ്ഷീറ്റ് അതിൻെറ റേറ്റിൽ എടുക്കാത്തതു കാരണം കർഷകർക്ക് കാര്യമായ നഷ്ടം നേരിടുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ റബർ ഷീറ്റിന് മറ്റു ജില്ലകളിലെ ഷീറ്റിൻെറ വിലയെക്കാൾ കുറഞ്ഞവിലയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ആയത് ജില്ലയിലെ കർഷകർക്ക് ഒരു വലിയ നഷ്ടവും ആണ്. അസംസ്കൃത റബർ സുലഭമായ ഈ പഞ്ചായത്തിൽ റബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

**തെങ്ങ്** -മുൻകാലത്ത് ഈ പഞ്ചായത്തിൽ തെങ്ങ് സമൃദ്ധിയായി വിളവു നൽകിയിരുന്നു. കാറ്റു വീഴ്ച തുടങ്ങിയ രോഗങ്ങൾ കാരണം തെങ്ങിൻെറ ഉത്പാദനക്ഷമത വളരെ കുറഞ്ഞതു തെങ്ങ് റബർ കൃഷിക്ക് വഴിമാറിയിരിക്കുകയാണ്.

## കാരണങ്ങൾ.

1. റബർ ബോർഡുപോലെ ഒരു കേന്ദ്രീകൃത ഏജൻസി കേരകൃഷിയെ സംബന്ധിച്ചിടത്തോളം പ്രാബല്യത്തിലില്ല.
2. നാളികേരത്തിന് സ്ഥിരമായ വില നിലവാരം ഇല്ല.
3. കൊപ്രാ സംസ്കരണ ഏജൻസികൾ മിക്കവാറും അപ്രത്യക്ഷമായിരിക്കുന്നു.
4. തെങ്ങുകയറ്റത്തൊഴിലാളികളുടെ ലഭ്യതയും കുറഞ്ഞു.
5. ജലസേചന സൗകര്യക്കുറവ്.

കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി നല്ലയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കർഷകരെ സർക്കാർ പ്രോത്സാഹിപ്പിക്കണം.

**കമുക്-** ഏകദേശം 150 ഏക്കർ സ്ഥലത്ത് കമുക് കൃഷിയുണ്ട്. കാറ്റുവീഴ്ചരോഗം കമുകു കൃഷിയെയും ബാധിച്ചിട്ടുണ്ട്.

**കുരുമുളക്:-** മുൻകാലത്ത് കുരുമുളകു സമൃദ്ധിയായി ഉണ്ടായിരുന്ന പ്രദേശമാണ് കൊറ്റനാട് ഗ്രാമപഞ്ചായത്ത്. 650 ഏക്കറോളം സ്ഥലത്ത് ഈ കൃഷി നിലവിലുണ്ട്. 1983-84 മുതൽ കാലാവസ്ഥയിലുണ്ടായ വ്യത്യാസവും, വരൾച്ചയും, ജലസേചന സൗകര്യമില്ലായ്മയും നിമിത്തം ഈ കൃഷി വർഷംതോറും കുറഞ്ഞുവരികയാണ്.

**കൊക്കോ:-** തെങ്ങുകൃഷിയുടെ ഇടവിളയായും മറ്റും ഏകദേശം 80 ഏക്കർ സ്ഥലത്ത് കൊക്കോ കൃഷിയുണ്ട്. കാഡ്ബറിയും മറ്റ് ഏജൻസികളും കൊക്കോ അരി സംഭരിക്കുന്നുണ്ട്. കൊക്കോ കായുടെ തോട് കന്നുകാലികളുടെ ആഹാരമായും ഉപയോഗിക്കുന്നു. കൊക്കോ കൃഷിയുടെ ശരിയായ വളർച്ചക്കും ഉത്പാദനത്തിനും ജലസേചനം അത്യാവശ്യമാണ്. ആയതിന് ഈ പ്രദേശത്ത് സൗകര്യമില്ല. മരപ്പട്ടി, അണ്ണാൻ, എലി, തുടങ്ങിയ വയുടെ ആക്രമണവും മഴക്കാലത്തുണ്ടാകുന്ന കുമിൾ രോഗവും നിമിത്തം 50 ശതമാനത്തിലേറെ കായ്കൾ നഷ്ടപ്പെടുന്നുണ്ട്. തൻമൂലം കർഷകർ ഈ കൃഷി യോട് ആഭിമുഖ്യം പുലർത്തുന്നില്ല.

**കശുമാവ്:-** ഏകദേശം 50 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷിയുണ്ട്. റബർ കൃഷി പ്രോത്സാഹിപ്പിച്ചിട്ടുള്ളതു കാരണം ഈ കൃഷിയിൽ കർഷകർക്ക് താല്പര്യമില്ല.

**നെല്ല്:-** 250ൽപരം ഏക്കർ പാടങ്ങളിൽ ഈ പഞ്ചായത്തിൽ നെൽകൃഷി ഉണ്ടായിരുന്നു. വില്ലേജ് റിക്കാർഡുകൾ പ്രകാരം 203 ഏക്കർ 59 സെൻ്റ നിലങ്ങളിലാണ് ഇപ്പോൾ നെൽകൃഷിയുള്ളത്. അതിൽ തന്നെ നെൽകൃഷി തുടരുന്നത് 125 ഏക്കർ സ്ഥലത്താണ്. കൂടുതലും ഇരുപ്പു നിലങ്ങളാണ്. കാലാവസ്ഥയിൽ സ്ഥിരമായി ഉണ്ടായിരിക്കുന്ന വ്യതിയാനം നിമിത്തം ഒരു കൃഷി മാത്രമെ നടക്കുന്നൊള്ളു. ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ടും, വർഷകാലത്തു മാത്രം വെള്ളമുള്ള ആഴമില്ലാത്ത തോടുകളായതിനാലും ഒരു കൃഷി മാത്രമെ നടത്തുവാൻ കഴിയുള്ളു. ഈ പഞ്ചായത്തിൽ നാലു പാടശേഖര സമിതികൾ പ്രവർത്തിക്കുന്നു. പാടശേഖര സമിതിക്ക് രണ്ടും പ്രൈവറ്റ് ഏജൻസിവക യായി ഒന്നും ട്രില്ലറുകൾ ഒന്നും ഈ പഞ്ചായത്തിലുണ്ട്. ഇവിടെ കൃഷി ചെയ്തു വരുന്ന നെൽവിത്തുകൾ ജയ, ജ്യോതി, പവിഴം, ത്രിവേണി, ഭാരതി തുടങ്ങിയവയാണ്. ഉത്പാദനക്ഷമത ഹെക്ടർ പ്രതി 2000 കിലോഗ്രാമാണ്. നെല്ലിൻെറ പുഴുവിനും, ചാഴിക്കും കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ കീടനാശിനികളുടെ അമിതമായ വില, അമിതമായ കൂലിചെലവ്,. വളംവില, യഥാവസരം തൊഴിലാളികളുടെ ലഭ്യത തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷി ആദായകരമല്ലാതായിരിക്കയാണ്. തന്മൂലം കർഷകർ നെൽപ്പാട

ങ്ങളിൽ വാഴ, മരച്ചീനി, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നു. ഇതിനു പുറമെ വലിയകാവ് റിസർവ് വനത്തിന്റെ ഒരു ഭാഗം ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ 7,8 വർഡുകളിൽ കാട്ടു പന്നി ശല്യം വർദ്ധിച്ചിരിക്കുന്നു. തന്മൂലം മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ യാതൊന്നും കൃഷി ചെയ്യാൻ കഴിയുന്നില്ല. കാട്ടുപന്നി യുടെ ശല്യം ഒഴിവാക്കുന്നതിന് ഗവൺമെന്റു മുഖാന്തിരം നടപടി സ്വീകരിക്കേണ്ടതാണ്.

**മരച്ചീനി:** ഈ പഞ്ചായത്തു പ്രദേശത്തെ ഒരു പ്രധാന കൃഷിയായിരുന്നു മരച്ചീനി. ഈ പ്രദേശത്തുള്ളവരുടെ ആവശ്യം കഴിഞ്ഞുള്ള മരച്ചീനി അരിഞ്ഞു വാട്ടി ഉണങ്ങി ചങ്ങനാശ്ശേരി, ആലപ്പുഴ മുതലായവ കമ്പോളങ്ങളിൽ കൊണ്ടുപോയി വില്പന നടത്തുന്ന പതിവുണ്ടായിരുന്നു. അരിക്ക് ക്ഷാമമുണ്ടായിരുന്ന കാലത്ത് ഈ പ്രദേശത്തെ ജനങ്ങളുടെ ഒരു പ്രധാന ഭക്ഷ്യവസ്തുവായിരുന്നു മരച്ചീനി. ഈ കൃഷി ഇപ്പോൾ അല്പമാത്രമായി പുരയിടങ്ങളിലും പ്രധാനമായും പാടങ്ങളിലും ആണ് കൃഷി ചെയ്യുന്നത്. മരച്ചീനി അരിഞ്ഞുവാട്ടി ഉണങ്ങിവിൽക്കത്തക്കവിധം ഇപ്പോൾ ഉത്പാദനം ഇല്ല. മരച്ചീനി കൃഷി കുറയുന്നതിനുണ്ടായ കാരണം റബ്ബർ കൃഷിയുടെ അതിപ്രസരമാണ്. കൂടാതെ എലി ശല്യം ധാരാളമായിട്ടുള്ളതുകൊണ്ട് വീട്ടുവളപ്പിൽ പോലും മരച്ചീനി കൃഷി ചെയ്യുവാൻ തയ്യാറാകുന്നില്ല.

**വാഴ:-** ഏത്തവാഴയും, കുടിവാഴയും ഈ പ്രദേശത്തെ ഒരു പ്രാധാന കൃഷിയാണ്. ഇപ്പോഴും വാഴ കൃഷി കുറെയൊക്കെ നിലവിലുണ്ട്. ഏത്തവാഴ പ്രധാനമായും പാടങ്ങളിലും, കുടിവാഴ പ്രധാനമായും വീട്ടുവളപ്പിലും കൃഷി ചെയ്യുന്നു. ഇപ്പോൾ ഏകദേശം 250 ഏക്കർ സ്ഥലത്ത് വാഴ കൃഷിയുണ്ട്.

**ഇഞ്ചി:-** മുൻകാലത്ത് ധാരാളമായി ഇഞ്ചി കൃഷി ചെയ്തിട്ടുണ്ട്. ഇപ്പോൾ ഏകദേശം 50 ഏക്കർ സ്ഥലത്ത് ഇഞ്ചി കൃഷിയുണ്ട്. ഇത് പ്രധാനമായും മണൽ ചേരുവയുള്ള നിലങ്ങളിലും, റബർ തൈകളുടെ ഇടയിലുമായിട്ടാണ് ഇപ്പോൾ കൃഷി ചെയ്തു വരുന്നത്. ഇഞ്ചി കൃഷിക്ക് രോഗബാധ ഉണ്ടാകാനിടയുള്ളതിനാൽ കൃഷി നഷ്ടമായിത്തീരുന്നുണ്ട്. തന്മൂലം പല കർഷകരും ഇഞ്ചി കൃഷി ചെയ്യുവാൻ താല്പര്യപ്പെടുന്നില്ല.

**കിഴങ്ങുവർഗ്ഗങ്ങൾ:-** ചേന, കാച്ചിൽ, ചേമ്പ്, കിഴങ്ങ് തുടങ്ങിയവയും ഈ പ്രദേശത്തെ പ്രധാന കൃഷിയായിരുന്നു. ഇപ്പോഴും കുറെയൊക്കെ നിലവിലുണ്ട്. എലിശല്യവും കാട്ടുപന്നി ശല്യവും ഈ കൃഷിയെ ബാധിക്കുന്നുണ്ട്. തന്മൂലം കിഴങ്ങുവർഗ്ഗ കൃഷികൾ കുറയുവാൻ ഇടയായിട്ടുള്ളതുമാണ്.

**പച്ചക്കറികൾ:-** മുൻകാലങ്ങളിൽ കമ്പോളങ്ങളിൽ വിൽക്കത്തക്കവിധം പച്ചക്കറികളും പയറുവർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു. ആയത് ഇപ്പോൾ സ്വന്തം ആവശ്യത്തിനുപോലും മതിയാകുന്നില്ല. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ വില്ക്കുന്ന സ്റ്റാളുകൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും നിലവിലുണ്ട്, ഏകദേശം 25 ഏക്കർ സ്ഥലത്തു മാത്രമെ പച്ചക്കറികൃഷി നിലവിലുള്ളു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധ പതിയണം.

**ജൈവസമ്പത്ത്:-** പഞ്ചായത്തിലെ ജൈവവിള സമ്പത്തു കുറഞ്ഞുകൊണ്ടിരിക്കുന്നു. പച്ചിലവളം ലഭിക്കുന്നതിനു സാദ്ധ്യത കുറഞ്ഞിരിക്കുന്നു. കന്നുകാലി, ആട്, കോഴി എന്നിവയെ വളർത്തുന്നതിന് സാഹചര്യം കുറവാണ്. ഇപ്പോൾ കർഷകർ ഉത്പാദനക്ഷമതയോടുകൂടിയ ഇനങ്ങളെ വളർത്തുന്നുണ്ട്. അവ എണ്ണത്തിൽ വളരെ കുറവാണ്. തന്മൂലം ജൈവവളത്തിന്റെ ലഭ്യത വളരെ കുറഞ്ഞു. മുൻകാലത്ത് ഉത്പാദന ക്ഷമത കുറഞ്ഞ ധാരാളം കന്നുകാലികൾ ഉണ്ടായിരുന്നു. പച്ചില വളങ്ങളും ലഭ്യമായിരുന്നു. ഈ പ്രദേശത്തു കാണപ്പെടുന്ന പറവകൾ കാക്കയും, കണ്ടത്തിൽ മുണ്ടിയും ആണ്. അവയിൽ നിന്നും കിട്ടുന്ന ജൈവവള നിക്ഷേപങ്ങളും കുറവാണ്.

**മനുഷ്യ വിഭവം:-** കൃഷിയെ പറ്റി പ്രതിപാദിക്കുമ്പോൾ ഭൂമിയിൽ അധ്വാനിക്കുന്ന മനുഷ്യരെപറ്റി പറയേണ്ടതുണ്ട്. ജനങ്ങൾ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണ്. കൃഷികാര്യങ്ങളിൽ താല്പര്യമുള്ള ഒരു തലമുറയല്ല ഇപ്പോൾ വളർന്നുവരുന്നത്. എസ്.എസ്.എൽ.സിവരെയെങ്കിലും പഠിച്ചിട്ടുള്ളവർ കൃഷിയിൽ ഇടപെടുന്നത് ഒരു കുറച്ചിൽ ആയി കണക്കാക്കുന്നു. ഏതെങ്കിലും ഒരു തുറയിൽ സർക്കാറുദ്യോഗസ്ഥനായി പ്രവേശിക്കുന്നതിന് സ്വപ്നം കണ്ടുകൊണ്ട് സമയം പാഴാക്കുന്ന പ്രവണതയാണുള്ളത്. ആയതിന് സാദ്ധ്യതയില്ലാത്തവർ പുറം സംസ്ഥാനങ്ങളിലും മറുനാടുകളിലും ജോലി അന്വേഷിച്ച് പൊയ്ക്കൊണ്ടിരിക്കുന്നു. കൂടുതൽ ആളുകളും കൃഷി മുഖ്യതൊഴിലായി സ്വീകരിക്കുകയോ ഉപജീവനമാർഗ്ഗമായോ കരുതുന്നില്ല. മിക്ക വീടുകളിലും ഒന്നോ ഒന്നിലധികമോ ആളുകൾ ഗൾഫ് നാടുകളിൽ ജോലി ചെയ്തു സമ്പാദിക്കുന്ന പണം മുഖാന്തിരം ക്രയവിക്രയങ്ങൾ നടത്തി

ജീവിക്കുന്നു. തന്മൂലം കൃഷിക്ക് താല്പര്യമുള്ള ആളുകൾ വളരെ കുറവാണ്. ഗൾഫ് പണം കൂടുതലും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കല്ലാതെ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല. കർഷകതൊഴിലാളികളുടെ കുറവിനും ഒരു കാരണം ഇതാണ്. ഇത് പൊതുവെ ആപൽക്കരമായ ഒരു ചിത്രമാണ് കാഴ്ചവയ്ക്കുന്നത്. സ്ത്രീ തൊഴിലാളികളുടെ കാർഷിക മേഖലയിലുള്ള ജോലിക്കും ആളുകൾ വളരെ കുറവാണ്. പുരുഷൻമാർക്ക് 80രൂപ മുതൽ 100 രൂപാ വരെയും സ്ത്രീതൊഴിലാളികൾക്ക് 40രൂപ മുതൽ 60രൂപവരെയുമാണ് കാർഷിക മേഖലയിലുള്ള കൂലി നിരക്ക്. തൊഴിലാളികൾ കൂടുതലായും ലോഡിംഗ്, കെട്ടിടംപണി, ടാപ്പിംഗ് തുടങ്ങിയവവയിലാണു ആഭിമുഖ്യം പുലർത്തികാണുന്നത്. പ്രധാനമായും നെൽകൃഷിക്കു തൊഴിലാളികളുടെ ലഭ്യത കുറവും അമിതമായ കൂലി വർദ്ധനയും വളംവില, കീടനാശിനി ചെലവ്, ഉത്പാദനക്കുറവ്, കാലാവസ്ഥ വ്യതിയാനം എന്നിവ പരിഗണിക്കുമ്പോൾ നെൽകൃഷി ആദായകരമല്ല.

## രാസവള കീടനാശിനി വിപണനം

സഹകരണ മേഖലയിൽ കൊറ്റനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മൂന്നു ഡിപ്പോകളും സ്വാകര്യമേഖലയിൽ ആറു ഡിപ്പോകളും രാസവള വിപണിയിൽ ഏർപ്പെട്ടിട്ടുണ്ട്. കീടനാശിനി വിപണന കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. കൃഷിഭവൻ മുഖേന ലഭിക്കുന്ന ചില കീടനാശിനികൾ മാത്രമെ ഉള്ളൂ. റബർ ഉത്പാദന സംഘങ്ങൾ വഴിയും ഈ പ്രദേശത്ത് രാസവളം വിതരണം ചെയ്യുന്നുണ്ട്. കർഷകർ പൊതുവേ കൃഷിക്ക് കൂടുതലായി രാസവ ളമാണ് ഉപയോഗിക്കുന്നത്.

### പ്രശ്നങ്ങൾ

1. മണ്ണിന്റെ ജൈവ സമ്പത്ത് കുറഞ്ഞിരിയ്ക്കുന്നു.
2. മിക്ക സ്ഥലങ്ങളിലും മണ്ണൊലിപ്പ് ഉണ്ട്.
3. ജലസേചനത്തിനുള്ള വെള്ളം കിട്ടാനില്ല.
4. കീടബാധ സാർവ്വത്രികമാണ്.
5. തെങ്ങിന് കാറ്റുവീഴ്ചയും മഞ്ഞളിപ്പും വ്യാപകമായിട്ടുണ്ട്.
6. റബ്ബറിന് പട്ടമരപ്പും ചീക്കുരോഗവും ഉണ്ട്.
7. കർഷകത്തൊഴിലാളികളുടെ ലഭ്യത കുറവാണ്.
8. കർഷകത്തൊഴിലാളികൾക്ക് കൂലി സാധാരണ കർഷകന് താങ്ങാവുന്നതിലധികമാണ്.
9. ഉല്പന്നങ്ങൾ സംസ്കിരക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
10. രൂക്ഷമായ ജലക്ഷാമത്തിന് പരിഹാരമുണ്ടായിട്ടില്ല.

### സാദ്ധ്യതകൾ

1 പച്ചിലവളം ലഭ്യമാക്കുന്നതിന് ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക ഉദാ: തോട്ടക്കൊന്ന

2 ചപ്പുചവറുകളും ഭക്ഷണ അവശിഷ്ടങ്ങളും അടുക്കളയിലെ അവശിഷ്ടങ്ങളും ശേഖരിച്ച് കമ്പോസ്റ്റ് വളമായി ഉപയോഗിക്കുന്നതിന് വ്യാപകമായ പ്രചരണം കൊടുക്കുക.

3 കോഴി വളർത്തൽ വ്യാപകമാക്കുക.

4 മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കുന്നതിന് പരിശീലനവും, പ്രചരണവും കൊടുക്കുക.

5 സമ്മിശ്ര വള പ്രയോഗത്തിന് പ്രചാരണം കൊടുക്കുക.

6 ജലസംഭരണത്തിനായി വ്യാപകമായി നീർക്കുഴികൾ എടുക്കുക, കയ്യാല തീർക്കുക, റബ്ബർ മേഖലയിൽ ആവരണച്ചെടികൾ നടുക, വെള്ളത്തിന്റെ ഒഴുക്കു നിയന്ത്രിക്കുന്നതിന് കൈത, രാമച്ചം തുടങ്ങിയവ നടുക.

7 പാടശേഖരങ്ങളിൽ കൂടിയുള്ള ജലനിർഗ്ഗമന തോടുകൾ വീതി വർദ്ധിപ്പിച്ചും, ആഴം വർദ്ധിപ്പിച്ചും, സൈഡു കെട്ടിയും സൗകര്യപ്പെടുത്തുന്നതിനും, ജലസേചനത്തിന് ചെക്ക്ഡാം, തടയണ എന്നിവ നിർമ്മിക്കുന്നതിന് സർക്കാർ സഹായത്തോടുകൂടി പ്രാവർത്തികമാക്കുക.

(a) പൈങ്കാവു നിലത്തിന്റെ തോടുകൾ

(b) കളമ്പാല നിലത്തിന്റെ തോടുകൾ

(c) കണ്ടൻപേരൂർ നിലത്തിന്റെ തോടുകൾ

(d) അരയുഴം നിലത്തിന്റെ തോടുകൾ

(e) ചക്കാനിൽ നിലത്തിന്റെ തോടുകൾ

(f) മഠത്തുംചാൽ, ചീരംപടവ്, താളിയാനിക്കൽ നിലത്തിന്റെ തോടുകൾ

(g) അത്യാൽ നിലത്തിന്റെ തോടുകൾ

(h) പെരുംമ്പെട്ടി ക്ഷേത്രംപടി, കൂവപ്ലാവ്, വട്ടക്കാവ്, മണ്ണാത്തികുഴി നിലത്തിന്റെ തോടുകൾ

(i) കുരിശുമുട്ടം നിലത്തിന്റെ തോടുകൾ

8 ജലസേചനത്തിന് പമ്പാനദിയിൽ നിന്നും, മണിമല യാറ്റിൽനിന്നും കനാൽ വഴി വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം.

9 ശത്രുകീടങ്ങളെ ഉല്പാദിപ്പിക്കുന്നതിന് സാങ്കേതിക വിദ്യ പ്രചരിപ്പിക്കുകയും, നടപ്പാക്കുകയും ചെയ്യുക.

10 മൈക്രോൺ-സ്പ്രേയിംഗ്, റോക്കർ സ്പ്രേയിംഗ് മുതലായവ സജ്ജീവമാക്കുക.

11 കർഷകത്തൊഴിലാളികൾ രംഗത്തുവന്ന് പ്രവർത്തിക്കുന്നതിനുതകുന്ന പ്രോത്സാഹനങ്ങൾ നൽകുക.

12 അശാസ്ത്രീയമായ കൂലി വർദ്ധനവ് നിയന്ത്രിക്കുക.

13 റബ്ബർ, കൊപ്ര, മരച്ചീനി തുടങ്ങിയ കാർഷിക വിഭവങ്ങൾ സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിച്ചു പ്രവർത്തിക്കുക.

14 ജലക്ഷാമം പരിഹരിക്കുനതിന് ലോകബാങ്കിന്റെ സഹായത്തോടുകൂടി അനുവദിച്ചിട്ടുള്ള സപ്ലൈ സ്കീം കാലവിളംബം കൂടാതെ നടപ്പാക്കുക.

15 ഈ പഞ്ചായത്തിൽ കർഷകപരിശീലന കേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടി ഉണ്ടാകണം.

16 ഉല്പാദനസാധനങ്ങൾക്കു വില നിജപ്പെടുത്തി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

17 കാട്ടുപന്നികളുടെ ശല്യം ഇല്ലാതാക്കുന്നതിന് നടപടി ഉടനെ സ്വീകരിക്കുക.



5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കൊറ്റനാട് പഞ്ചായത്തിൽ വെള്ളയിൽ കേന്ദ്രമാക്കി ഒരു മൃഗാശുപത്രിയും, മഠത്തുംചാൽ, പെരുമ്പെട്ടി എന്നിവിടങ്ങളിൽ കൃത്രിമബീജ സങ്കലന കേന്ദ്രങ്ങളും, മഠത്തുംചാൽ, പെരുമ്പെട്ടി, വെള്ളയിൽ, മുക്കുഴി എന്നിവ കേന്ദ്രമാക്കി ആനന്ദ് മാതൃകയിലുള്ള ഓരോ ക്ഷീരസഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ഉത്പാദനക്ഷമത കൂടുതലുള്ള സങ്കരവർഗ്ഗ കന്നുകാലികളെയാണ് കർഷകർ വളർത്തുന്നത്. കന്നുകാലികളുടെ സംരക്ഷണ ചെലവ് വളരെ അധികമായതിനാൽ കന്നുകാലികളുടെ എണ്ണം ഉദ്ദേശം 1500 മാത്രമെ ഈ പഞ്ചായത്തിൽ ഉള്ളു. 20എരുമകളും, 2000ത്തോളം ആടുകളും 4500 കോഴികളും 100 താറാവുകളും ഈ പ്രദേശത്ത് ഉണ്ട്. വായ്പകൾ കിട്ടാനുള്ള സാദ്ധ്യതക്കുറവ്, ചുരുങ്ങിയ മേച്ചിൽ സ്ഥലങ്ങൾ, ജലക്ഷാമം, ഉത്പാദന ചെലവിലുള്ള വർദ്ധനവ്, സമീകൃതാഹാരം കിട്ടാനുള്ള ബുദ്ധിമുട്ട്, അഭ്യസ്ഥവിദ്യർ ഈ പ്രസ്ഥാനത്തിൽ കാര്യമായി ഇടപെടാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ മൃഗസംരക്ഷണം വേണ്ടവണ്ണം പുഷ്ടിപ്പെടുന്നില്ല.

അംഗീകൃത ബീജസങ്കന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനു പുറമെ വിത്തുകാളകളെക്കൂടി ഈ പ്രദേശത്ത് ഉപയോഗിക്കുന്നതിനാൽ രോഗങ്ങൾ പകരുന്നതിനും, നല്ലയിനം കന്നുകുട്ടികളെ ലഭിക്കാതെയിരിക്കുന്നതിനും സാദ്ധ്യതയേറുന്നതിനാൽ ആയത് നിരുത്സാഹപ്പെടുത്തണം.

## പ്രശ്നങ്ങൾ

1. സംരക്ഷണചെലവിന്റെ വർദ്ധന
2. തീറ്റപ്പുല്ലിന്റെ കുറവ്
3. മേച്ചിൽ സ്ഥലത്തിന്റെ കുറവ്
4. ശുചിയായ തൊഴുത്തിന്റെ കുറവ്
5. സാംക്രമണ രോഗങ്ങൾ
6. ജലക്ഷാമം

## സാദ്ധ്യതകൾ/ആവശ്യങ്ങൾ

1. സമീകൃതാഹാരം ഉണ്ടാക്കുന്നതിനുള്ള മിനി യൂണിറ്റ് സ്ഥാപിക്കുക
2. തെങ്ങിൻ തോപ്പുകളിലും, കയ്യാലകളിലും, ചരിവു പ്രദേശങ്ങളിലും തീറ്റപ്പുല്ല് വച്ചു പിടിപ്പിക്കുക
3. ബീജസങ്കലന കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുക
4. രോഗഗവേഷണ സൗകര്യങ്ങൾ മൃഗാശുപത്രിയോടനുബന്ധിച്ച് ഉണ്ടാകണം.
5. മുട്ടക്കോഴികളെയും, ഇറച്ചിക്കോഴികളെയും സാദ്ധ്യമായ സ്ഥലങ്ങളിൽ വളർത്തുകയും, നല്ലയിനം കോഴിക്കുഞ്ഞുകളെ പഞ്ചായത്തിന്റെ ചുമതലയിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

6. ചെങ്ങന്നൂരിനടുത്തുള്ള സെൻട്രൽ ഹാച്ചറിയിൽ നില വിലുള്ള സേവനസൗകര്യങ്ങൾ ഈ പഞ്ചായത്തിലുള്ള കർഷകർക്കും ലഭിക്കത്തക്കവിധമുള്ള സത്വരനടപടികൾ സ്വീകരിക്കണം.

7. അഞ്ച് പെൺപന്നിയും, ഒരു ആൺപന്നിയും ചേർന്ന മിനിയൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ട പ്രോത്സാഹനം നൽകണം.

8. മേൽതരം ആടുകളെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

9. സാങ്കേതിക വിദ്യ പങ്കുവയ്ക്കുന്നതിനും ക്രമീകരിക്കുന്നതിനും സഹകരണ മനോഭാവം പുലർത്തുന്നതിനും ബോധവൽക്കരണം നടത്തണം.

10. കൂടുതൽ മിൽമാ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

11. പേവിഷബാധ തടയുന്നതിന് തെരുവു നായ്ക്കളെ നശിപ്പിക്കണം.വളർത്തു നായ്ക്കൾക്ക് പേവിഷബാധ തടയുനതിന് പ്രതിരോധ കുത്തിവെയ്പ് നടത്തണം. പഞ്ചായത്ത് പ്രദേശത്ത് വളർത്തുന്ന എല്ലാ നായ്ക്കൾക്കും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി എടുക്കണം.

12. പ്രവർത്തനം മന്ദീഭവിച്ചു കിടക്കുന്ന വെള്ളയിലെ മൃഗാശുപത്രിക്ക് സ്ഥിരമായി ഡോക്ടറെയും സ്റ്റോക്ക്മാനേയും ആവശ്യമായ മറ്റു ജോലിക്കാരെയും നിയമിച്ച് ഗ്രേഡ് ഉയർത്തി പൊതുജനോപകാരപ്രദമായ വിധത്തിൽ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

## മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ ജലാശയങ്ങൾ ഇല്ലാത്തതിനാൽ മത്സ്യബന്ധനത്തിനു സാദ്ധ്യത വിരളമാണ്. എങ്കിലും കുന്നംക്ഷേത്രത്തിനു സമീപവും പെരുംമ്പെട്ടി ക്ഷേത്രത്തിനു സമീപവും ഉള്ള പഞ്ചായത്തുവക പൊതുകുളങ്ങളിൽ മത്സ്യം വളർത്തുകയും മത്സ്യബന്ധനത്തിനു വർഷം തോറും ലേലം ചെയ്തുകൊടുക്കയും ചെയ്യുന്നു. നിലങ്ങളിൽ സൗകര്യപ്രദമായ സ്ഥലത്ത് കുളംകുഴിച്ച് മത്സ്യം വളർത്തുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്.

പ്രകൃതിയുടെ സാന്തുലിതാവസ്ഥ നിലനിറുത്തുന്നതിനും മനുഷ്യൻെറ ആരോഗ്യകരമായ വളർച്ചക്കും സസ്യസമ്പത്തും മൃഗസമ്പത്തും മത്സ്യസമ്പത്തും പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

**പഞ്ചായത്തിലെ വളർത്തു മൃഗസംഖ്യ**

| | | |
|---|---|---|
| 1. | ആന | 1 |
| 2. | കാള-നാടൻ | 6 |
| 3. | " സങ്കരം | 354 |
| 4. | പശു-നാടൻ | 20 |
| 5. | " സങ്കരം | 1524 |
| 6. | എരുമ | 27 |
| 7. | പോത്ത് | 5 |
| 8. | ആട് | 1687 |

**പഞ്ചായത്തിലെ വളർത്തു പക്ഷിസംഖ്യ**

| | | |
|---|---|---|
| 1. | പൂവൻകോഴി | 2179 |
| 2. | പിടക്കോഴി | 14193 |
| 3. | താറാവ്-ആൺ | 20 |
| 4. | " പെൺ | 73 |
| 5. | ടർക്കി | 12 |
| 6. | കാട | 3 |



5-3

# വ്യവസായം

മലയോര പ്രദേശമായ കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ വൻകിട-ചെറുകിട വ്യവസായ യൂണിറ്റുകൾ പൊതുവെ കുറവാണ്. വ്യവസായം വഴിമുട്ടി നില്ക്കുകയുമാണ്. ഈ മേഖലയിൽ വളരെ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സാക്രി(Sakri) എന്ന സ്ഥാപനം അടച്ചു പൂട്ടിയിട്ട് വർഷങ്ങളായി. ഇലക്ട്രിക്കൽ അപ്ളയൻസ് ഉൽപ്പാദിപ്പിച്ചിരുന്ന ഈ വ്യവസായ സ്ഥാപനം പുനരാരംഭിക്കാൻ കഴിയണം.

പ്ലാന്തോട്ടത്തിൽ ഹരി എന്ന വ്യക്തി പോളിമർ പൈപ്പുകളും കേബിളുകളും നിർമ്മിക്കുന്ന ഒരു ഫാക്ടറി പെരുമ്പെട്ടിയിൽ സ്ഥാപിച്ചു. K.S.F.Cയിൽ നിന്നും വായ്പ സംഘടിപ്പിച്ച് ആവശ്യമായ യന്ത്രസാമഗ്രികളും സ്ഥാപിച്ചു. പത്തു വർഷം വൈദ്യുതകണക്ഷനുവേണ്ടി ആഫീസുകൾ കയറി ഇറങ്ങി. ഒടുവിൽ വൈദ്യുതി ലഭിക്കാതെ ഈ വ്യവസായം അകാല ചരമം പ്രാപിച്ചു. ഇപ്പോൾ സ്ഥാപനം ജപ്തി ചെയ്തിരിക്കയാണ്. വ്യവസായത്തിനു മുന്നോട്ടു വന്നയാൾ ഇന്ന് ഒന്നുമില്ലാതെ കഷ്ടപ്പെടുകയാണ്. ഇത്തരത്തിലാണ് വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതെങ്കിൽ വ്യവസായ സംരംഭകർ മുന്നോട്ടു വരുമോ? പരമ്പരാഗത വ്യവസായങ്ങളായ കുട്ട,പായ്, പരമ്പ് മുതലായവ ഈ പ്രദേശത്തു നിന്നും വേരോടെ പോയിരിക്കുന്നു.

**പഞ്ചായത്തിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ആകെ | പു. | സ്ത്രീ. | ആകെ |
| 1. | മെറ്റൽ ക്രഷർ യൂണിറ്റ് | 1 | - | 9 | 9 |
| 2. | സിമന്റ് കട്ട | 2 | 8 | - | 8 |
| 3. | അച്ചടി | 1 | 2 | 1 | 3 |
| 4. | ഖാദി | 1 | - | 12 | 12 |
| 5. | പ്ലാസ്റ്റിക്ക് | 3 | 6 | 4 | 10 |
| 6. | മറ്റിനം | 1 | 2 | - | 2 |
| | ആകെ | **9** | **21** | **26** | **44** |

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായ യൂണിറ്റാണ് വെള്ളയിലുള്ള മെറ്റൽ ക്രഷർ യൂണിറ്റ്. ലോറിയിൽ കരിങ്കല്ല് ഇറക്കി ചുറ്റിക കൊണ്ട് കല്ലടിച്ച് സൈസാക്കി വിപണനം നടത്തുന്ന ഒരു വ്യവസായ യൂണിറ്റാണിത്. ഇപ്പോൾ ഒൻപത് ആളുകൾ പണിയെടുക്കുന്ന ഈ സ്ഥാപനം സാമാന്യം നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. സ്ഥിരമായി പ്രവർത്തിക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ യൂണിറ്റിന് വാഹന ഗതാഗത സൗകര്യമുള്ള റോഡരുകിൽ രണ്ട് സെന്റ് സ്ഥലമെങ്കിലും ലഭ്യമാക്കുകയും കല്ലടിക്കാനുള്ള ഉപകരണങ്ങൾ സൗജന്യമായി നൽകുകയും ചെയ്യേണ്ടതാണ്. അന്തരീക്ഷ മലിനീകരണം ഉണ്ടാകുമെന്നുള്ളതിനാൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ക്രഷർ യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള സാദ്ധ്യത ഇല്ലാത്തതിനാൽ ഇങ്ങനെയുള്ള ചെറിയ സംരംഭങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം നല്കേണ്ടതാണ്.

കൊറ്റനാട് പഞ്ചായത്തിൽ വർഷങ്ങൾക്കു മുൻപ് ആരംഭിച്ച മഠത്തുംചാലിലുള്ള ഖാദി നൂൽനൂൽപ്പു കേന്ദ്രം അനാഥമായ നിലയിൽ ഒരു വിധം കഷ്ടിച്ച് പ്രവർത്തിക്കുന്നുണ്ട്. 64 പേർക്ക് ജോലി വാഗ്ദാനം ചെയ്തു പഞ്ചായത്തിൽ നിന്നും 50 സെന്റ് സ്ഥലം വിട്ടുകൊടുത്തതാണ്. ഇവിടെ നൂൽനൂൽപ്പിനു വേണ്ടി സാമാന്യം വലിയ ഒരു കെട്ടിടവും ഉണ്ട്. ആവശ്യത്തിനു ചർക്കയോ നൂലിനുള്ള അസംസ്കൃതസാധനങ്ങളോ യഥാസമയം എത്തുന്നുമില്ല. ഇലന്തൂർ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റിനെ പുനർജ്ജീവിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## വ്യവസായ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം

സാധാരണ പരമ്പരാഗത വ്യവസായ മേഖലകളിലാണ് സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായി കാണാറുള്ളത്. എന്നാൽ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്ന കണക്കനുസരിച്ച് വ്യവസായ മേഖലയിൽ സ്ത്രീകൾക്കാണ് പങ്കാളിത്തം കൂടുതലെന്നു വ്യക്തം.

കൊറ്റനാട് പഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. കാർഷികോൽപ്പന്നങ്ങളെ ആശ്രയിച്ചുള്ള വ്യവസായങ്ങളാണ് ഇവിടെ ഉണ്ടാകേണ്ടത്. ക്ഷീരോൽപാദന രംഗം മാത്രമാണ് ഇവിടെ സജ്ജീവം. മറ്റു വ്യവസായങ്ങളൊന്നും കാർഷികമേഖലയുമായി ബന്ധപ്പെട്ടതല്ല.

## വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

മലയോര പ്രദേശമായ കൊറ്റനാട് പഞ്ചായത്തിന്റെ ഒരു ഭാഗം വനത്തോടു ചേർന്നു കിടക്കുന്നു. ഈ ഭാഗത്തെ എട്ടാം വാർഡിൽപ്പെട്ട 450ഓളം കുടുംബങ്ങൾക്ക് പട്ടയം ഇനിയും കിട്ടിയിട്ടില്ല. ഈ പ്രദേശത്ത് ഒരു റേഷൻ കടപോലും ഇല്ലാത്ത അവസ്ഥയാണ്. വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

പഞ്ചായത്തിൽ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഗതാഗത സൗകര്യം, വെള്ളം മുതലായവ ഇന്നും ലഭ്യമല്ല. ഗാർഹിക ആവശ്യത്തിനുപോലും വൈദ്യുതിയും വെള്ളവും ലഭിക്കുന്നില്ല. റോഡുകളുടെ ശോച്യാവസ്ഥ പരിതാപകരമാണ്. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാതെ ഒരു വ്യവസായ സംരംഭകനും മുതൽ മുടക്കി വ്യവസായരംഗത്ത് ഇറങ്ങുകയില്ല.

ഇവിടെ വ്യവസായ സംരംഭകരെ ആട്ടിയോടിക്കുന്ന ഒരു വ്യവസ്ഥിതിയാണ് ഇന്നുള്ളത്. ഇവിടെ വ്യവസായം പുരോഗമിക്കണമെങ്കിൽ ജീർണ്ണിച്ച വ്യവസ്ഥിതിയും ഉദ്യോഗസ്ഥ മേധാവിത്വവും മാറിയേ പറ്റു.

വ്യവസായത്തിനുവേണ്ടി പണം മുടക്കാൻ ആരും തയ്യാറാകാത്ത് എന്തുകൊണ്ടാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇന്ന് പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ ഒന്നും തന്നെ ഉണ്ടാക്കുന്നില്ല. ഉപ്പുതൊട്ട് കർപ്പൂരംവരെ വില കൊടുത്തു വിപണിയിൽ നിന്നും വാങ്ങുകയാണ്. ഈ അവസ്ഥ മാറ്റിയെടുക്കുവാൻ കഴിയണം.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഘടകങ്ങളായ ഉയർന്നതോതിലുള്ള സാക്ഷരത, ആരോഗ്യപരിരക്ഷ, ജനക്ഷേമ പ്രവർത്തനങ്ങൾ, സുഖസൗകര്യങ്ങളോട് ജീവിക്കുന്നതിനുള്ള താല്പര്യം എന്നിവയെല്ലാം ഉണ്ടെങ്കിലും വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം, സാങ്കേതിക പരിജ്ഞാനം ഈ രംഗങ്ങളിൽ വളരെ പുറകിലാണ്. വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാതെ പോയതും അതുകൊണ്ടു തന്നെയാണ്.

# വ്യവസായരംഗം ശുഷ്കിച്ചു പോകാനുള്ള കാരണങ്ങൾ

1. മുഖ്യ കാർഷികവിളയായ റബർ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. കൂലി കുറവുമൂലം വ്യവസായരംഗത്തു പ്രവർത്തിക്കുന്നതിന് തൊഴിലാളികളെ കിട്ടുന്നില്ല.
3. വൈദ്യുതി ആവശ്യാനുസരണം ലഭിക്കാത്തത്.
4. സാങ്കേതിക പരിജ്ഞാനക്കുറവ്
5. ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം
6. വിപണന സാദ്ധ്യതക്കുറവ്
7. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
8. പരമ്പരാഗത തൊഴിലായ പായ്, കുട്ട, വട്ടി, പരമ്പ് മുതലായവക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കാത്തത്.
9. വനിതകൾക്ക് തൊഴിലവസര കുറവ്.
10. വ്യവസായ സംരംഭകരെ സഹായിക്കുന്നതിനു പകരം ഉപദ്രവിക്കുന്ന പ്രവണത.
11. വ്യവസായ മേഖലയിലുള്ള സമ്പർക്ക കുറവ്.
12. വ്യവസായവുമായി ബന്ധപ്പെട്ട ബോധവൽക്കരണ കുറവ്.

## സാദ്ധ്യതകൾ

പത്തനംതിട്ട ജില്ലയിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കളിൽ മുൻപന്തിയിൽ നിൽക്കാൻ യോഗ്യതയുള്ള നമ്മുടെ യുവതീയുവാക്കളിൽ നല്ലൊരു ഭാഗം വിദേശത്തോ മറ്റു സംസ്ഥാനങ്ങളിലോ ജോലി ചെയ്യുന്നവരാണ്. ഇവരിലധികവും വ്യവസായ മേഖലയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. കൃഷിക്കായി ആരും വിദേശത്ത് പോകാറില്ലല്ലോ.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന അസംസ്കൃത വസ്തു റബ്ബറാണ്. എന്നാൽ റബ്ബറുമായി ബന്ധപ്പെട്ട യാതൊരു വ്യവസായവും പൊതു മേഖലയിലോ സ്വകാര്യമേഖലയിലോ ഈ പഞ്ചായത്തിൽ ഇല്ല. റബ്ബർ ഉപയോഗിച്ച് ചെറുകിട മേഖലയിൽ സൈക്കിൾ ടയർ, ട്യൂബ്, റബർ ചെരുപ്പ്, റബ്ബർ ബാന്റ്, കൈഉറകൾ മുതലായ ധാരാളം റബ്ബർ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് വൻപിച്ച സാദ്ധ്യതകളാണുള്ളത്. തടിയുടെ വിലയും ലഭ്യതയും കണക്കാക്കിയാൽ റബ്ബർ തടി സംസ്രിക്കുന്നതിന് വളരെയേറെ സാദ്ധ്യതകളാണുള്ളത്. റബ്ബർ ഉപയോഗിച്ചുള്ള വിവിധയിനം ഉത്പന്നങ്ങളെപ്പറ്റി ബോധവൽക്കരണ പരിപാടികളും പരിശീലനവും നൽകുവാൻ കഴിഞ്ഞാൽ ഈ രംഗത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ കഴിയും.

## ഖാദിമേഖല

കൊറ്റനാട് പഞ്ചായത്തിൽ ഖാദിബോർജഡിന്റെ കീഴിൽ ഒരു നൂൽനൂൽപു കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയുള്ള ഒരു യൂണിറ്റാണ്. പഞ്ചായത്തിൽ നിന്നും വർഷങ്ങൾക്കു മുൻപു 50 സെന്റ് സ്ഥലം ഇതിനായി വിട്ടുകൊടുക്കുകയും വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തതാണ്. ഇപ്പോഴും പ്രവർത്തനം ഉണ്ട്. എന്നാൽ അടുത്ത കാലത്ത് ചർക്കയോ മറ്റ് അസംസ്കൃത സാധനങ്ങളോ ഇല്ലാത്തതുകൊണ്ട് തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. ഉൽപദനവും കുറഞ്ഞു. ഈ അവസ്ഥ മാറണം. കൂടുതൽ സ്ത്രീകൾക്ക് ജോലി കൊടുക്കാനും ആകർഷകമായ വേതനം കൊടുക്കാനും കഴിയണം. ഈ യൂണിറ്റ് നവീകരിച്ച് ഒരു നെയ്ത്തുശാല ആക്കുവാനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്. ഫർണിച്ചർ കമ്പനികൾക്ക് വളരെയേറെ സാദ്ധ്യതയുള്ള ഒരു പ്രദേശമാണ്. പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഫർണിച്ചർ കമ്പനിപോലുമില്ല. വനമേഖലയിൽ ഇങ്ങനെയുള്ള കമ്പനികൾക്ക് ലൈസൻസ്

കൊടുക്കുന്നില്ലന്നാണ് അറിവ്. ഇതും പരിശോധിക്കേണ്ടിയിരിക്കുന്നു. നിയമ തടസങ്ങളും, സാങ്കേതിക തടസങ്ങളും മാറ്റിയെടുക്കാതെ പുരോഗതിയുടെ പാതയിൽ മുമ്പോട്ടു പോകാനാവില്ല.

## ക്ഷീര വ്യവസായം

കൊറ്റനാടു പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്നു പാൽ സംഭരണ കേന്ദ്രങ്ങളുണ്ട്. ഇതിൽ പെരുമ്പെട്ടി കേന്ദ്രമായി പ്രവർത്തിക്കുന്ന യൂണിറ്റ് ഒരു ഒന്നാംകിട യൂണിറ്റായി മാറിക്കഴിഞ്ഞു. 1988ൽ ആരംഭംകുറിച്ച ഈ കേന്ദ്രത്തിൽ 302 അംഗങ്ങളുണ്ട്. 600-700ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. അംഗങ്ങൾക്ക് ആവശ്യമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുമുണ്ട്. പാൽ ഉത്പന്നങ്ങളായ സിപ്അപ്, പേട, ബർഫി, ഐസ്ക്രീം, മറ്റ് ആഹാരസാധനങ്ങൾ ഇവ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സാദ്ധ്യതകൾ വളരെ അനുകൂലമാണ്. ഇതുവഴി കൂടുതൽ ആളുകൾക്ക് ജോലി ലഭിക്കും. മൃഗസംരക്ഷണ വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ക്ഷീരവ്യവസായം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആടുകളെ വളർത്തുന്നതിന് ധനസഹായം ലഭ്യമാക്കണം. കന്നുകാലി വളർത്തൽ ഗ്രാമപഞ്ചായത്തിൻെറ അധികാരത്തിൽ ഉള്ള വിഷയമാണ്. ഈ വ്യവസായത്തിൻെറ പുരോഗതിക്ക് ആവശ്യമായ എല്ലാ നടപടികളും ത്വരിതപ്പെടുത്തേണ്ടതാണ്.

### ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ

1. റബ്ബർ തടി സംസ്കരണം
2. ഇരുചക്രവാഹനങ്ങൾക്കുള്ള ടയർ, ട്യൂബ് നിർമ്മാണം
3. റബർ ബാൻഡ് നിർമാണം
4. റബർ കൈയ്യുറ നിർമാണം
5. റബർ ചവിട്ടുമെത്ത നിർമ്മാണം
6. റബർ വാഷറുകൾ
7. ഹാവായ് ചെരുപ്പു നിർമ്മാണം
8. കല്ലുകൊണ്ടുള്ള വീട് ഉപകരണങ്ങൾ
9. പാൽ ഉൽപനങ്ങൾ
10. കന്നുകാലി ചാണകം ഉപയോഗിച്ചുള്ള ജൈവവള നിർമ്മാണം
11. ഫർണിച്ചർ
12. ഏത്തക്കാ ചിപ്സ്.

### വനിതകൾക്ക് ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ

1. ചക്ക, മാങ്ങ ഉപയോഗിച്ചുള്ള അച്ചാറുകൾ-ജാമുകൾ
2. അവിൽ വ്യവസായം
3. പപ്പട വ്യവസായം
4. വാഴനാരിൽ നിന്നും കരകൗശല വസ്തുക്കൾ
5. ബുക്ക് ബൈൻഡിംഗ്
6. പാൽ ഉൽപന്നങ്ങൾ
7. വിവിധയിനം ഉപ്പേരികൾ

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. മറ്റു സംസ്ഥാനങ്ങളിലോ ഇന്ത്യക്ക് വെളിയിലോ ഉണ്ടാക്കുന്ന സാധനങ്ങളാണ് നാം ഉപയോഗിക്കുന്നത്. നമ്മുടെ സംസ്ഥാനവും നമ്മുടെ ഗ്രാമവും സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ വ്യവസായരംഗത്ത് ഒരു കുതിച്ചുച്ചാട്ടം തന്നെ ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ ദിവസേന എത്രരൂപയുടെ സോപ്പ് ഉപയോഗിക്കുന്നു. ഇവിടെ സോപ്പ് ഉൽപാദിപ്പിക്കുന്ന ഒരു ചെറുകിട ഫാക്ടറിപോലും ഇല്ല. എല്ലാവരും ചെരുപ്പിടുന്നവരാണ്. ചെരുപ്പ് ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റു പോലും നമ്മുടെ പ്രദേശത്തില്ല. കൊറ്റനാട് പഞ്ചായത്തിലെ വിപണികൾ മാത്രം ലഭിച്ചാൽ പോലും വിപണന

സാദ്ധ്യതയുള്ള ധാരാളം വസ്തുക്കൾ നമുക്ക് ഉൽപാദിപ്പിക്കുവാൻ കഴിയണം. അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾ വ്യവസായ രംഗത്തേക്ക് ഇറങ്ങിവരാനുള്ള സാഹചര്യം സൃഷ്ടിച്ചാൽ ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും.

## ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1. ശാസ്ത്രീയമായ കോഴി വളർത്തൽ
2. കന്നുകാലി വളർത്തൽ
3. തടികൊണ്ടുള്ള ഫർണ്ണിച്ചർ
4. പ്ലാസ്റ്റിക് പാത്രങ്ങൾ
5. ഹവായ് ചെരുപ്പുകൾ
6. സ്കൂൾ ബാഗുകൾ
7. പ്ലാസ്റ്റിക് ബട്ടൺസ്
8. അലക്കു സോപ്പ്
9. ലിഖിഡിറ്റർ ജന്റ്
10. ക്ലീനിംഗ് പൗഡർ
11. റബർ ബാൻഡ് നിർമ്മാണം
12. വിവിധയിനം അച്ചാറുകൾ
13. സ്ക്വാഷുകൾ
14. വിവിയിനം ഉപ്പേരികൾ
15. ഇരുചക്രവാഹന റിപ്പയറിംഗ്
16. ഐസ്ക്രീം
17. വർക്ഷോപ്പ്
18. ഇലക്ട്രോണിക് ഉപകരണങ്ങൾ റിപ്പയറിംഗ്
19. വാച്ച് റിപ്പയറിംഗ്
20. ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ
21. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
22. സ്വിച്ച് ബോർഡ്
23. ബുക്ക് ബയന്റിംഗ്
24. പുകയില്ലാത്ത അടുപ്പ് നിർമ്മാണം
25. സിമന്റ് ഹോളോബ്രിക്സ്

## വനിതാ യൂണിറ്റുകൾ

1. റെഡിമെയ്ഡ് വസ്ത്രങ്ങൾ
2. അലക്ക് സോപ്പ്
3. സോപ്പുപൊടി നിർമ്മാണം
4. പേപ്പർ കവർ നിർമ്മാണം

# വൈദ്യുതി ഉത്പാദനവും വിതരണവും

പഞ്ചായത്തിൽ വൈദ്യുതിയുടെ ദൗർലഭ്യം വ്യവസായസംരംഭകരെ അലട്ടുന്ന ഒരു വലിയ പ്രശ്നമാണ്. വീടുകളിൽ പോലും ആവശ്യത്തിനു വൈദ്യുതി ലഭ്യമല്ല.

കൊറ്റനാടു പഞ്ചായത്തിൽ മുക്കിഴിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും വേണം. പെരുമ്പെട്ടിയിൽ ഒരു ട്രാൻസ്ഫോമർ സ്ഥാപിച്ചിട്ട് വർഷം ഒന്നായി. ഇനിയും അത് ചാർജ് ചെയ്തിട്ടില്ല. വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളേണ്ടതാണ്

**വൈദ്യുതി സംരക്ഷണം**

വൈദ്യുതിയുടെ അമിത ഉപഭോഗം കുറക്കുന്നതിന് KSEB, ANNERT, സർക്കാർ എന്നിവയുടെ സഹായത്തോട് സോളാർ ലാംബുകൾ സ്ഥാപിക്കുക.

ബയോഗ്യാസ് ഉപയോഗിച്ച് പാചകത്തിനും വെളിച്ചത്തിനും ആവശ്യമായ ഊർജ്ജം ഉത്പാദിപ്പിക്കുവാൻ ഖാദിബോർഡിന്റെ സഹായത്തോടെ ഗ്രാമപ്രദേശങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്. പകൽ സമയത്ത് വൈദ്യുതിയുടെ ഉപയോഗം വീടുകളിലും ഓഫീസുകളിലും കുറയ്ക്കുക.

**മിനി വ്യവസായ എസ്റ്റേറ്റ്**

സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് കുറഞ്ഞത് രണ്ടേക്കർ സ്ഥലമെങ്കിലും എടുത്ത് അനുയോജ്യമായ പ്രദേശത്ത് ഒരു വ്യവസായ കോംപ്ലക്സ് പണിത് വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കാവുന്നതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. തീപ്പെട്ടി നിർമ്മാണം
2. നെയ്ത്തുശാല
3. പ്രസ്സ്
4. കൊപ്രാ സംഭരണം
5. റബർ തടി പ്രോസസിംഗ്
6. റബർ അധിഷ്ഠിത വ്യവസായങ്ങൾ
7. മെഴുകുതിരി നിർമ്മാണം
8. സാമ്പ്രാണിതിരി നിർമ്മാണം
9. കോഴി വളർത്തൽ
10. ആടുമാടു വളർത്തൽ
11. തയ്യൽ യൂണിറ്റ്
12. തടിവ്യവസായം-ഫർണ്ണിച്ചർ
13. പ്ലാസ്റ്റിക് ഉപകരണങ്ങൾ
14. SAKRI എന്ന സ്ഥാപനം പുനരാരംഭിക്കുക
15. പ്ലാത്തോട്ടത്തിൽ ഹരികുമാറിന്റെ വ്യവസായ സ്ഥാപനം ഏറ്റെടുക്കുക.

### നിർദ്ദേശങ്ങൾ

1. റബർ സുലഭമായി ലഭിക്കാൻ സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ റബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

2. ഇപ്പോൾ നിലവിലുള്ള നൂൽ നൂൽപു കേന്ദ്രം വിപുലീകരിക്കകയും നെയ്തു ആരംഭിക്കുന്നതിനുള്ള നടപടികൾ ഉടനേ ആരംഭിക്കുകയും ചെയ്യുക.

3. ക്ഷീരോൽപാദനം അഭിവൃദ്ധിപ്പെടുത്തുന്നതിന് കർഷകർക്ക് ആവശ്യമായ ലോണും മറ്റ് സാമ്പത്തിക സഹായവും പഞ്ചായത്തിൽ നിന്നും നേരിട്ട് നൽകുകയും നടപടിക്രമങ്ങൾ ലഘൂകരിക്കയും ചെയ്യുക.

4. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന് പരസ്യം നൽകുകയും അതിൽ നിന്നും വ്യവസായ സംരഭകരെ വാർത്തെടുക്കുന്നതിന് സാങ്കേതിക പരിശീലനം നൽകുകയും ചെയ്യുക. കഴിവതും പരിശീലനം പഞ്ചായത്തിലോ താലൂക്കിലോ ആയിരിക്കേണ്ടത്.

5. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായി വ്യവസായം നടത്തിക്കൊണ്ടുപോകുന്നതിനും മറ്റു വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും വ്യവസായശാലകൾ സന്ദർശിക്കുന്നതിനുമായി പഠനയാത്രകൾ സംഘടിപ്പിക്കേണ്ടതാണ്.

6. ഈ പഞ്ചായത്തിൽ തന്നെ ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കണം.

7. വ്യവസായരംഗത്തേക്കു വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുവാൻ എല്ലാ ലൈനുകളും മുന്നു ഫെയിസാക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കണം.

8. ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി ഉണ്ടാകുമോ എന്ന ആശങ്ക വ്യവസായസംരംഭകരിൽ ഉണ്ടാകാം. ഇത് ദുരീകരിക്കുവാൻ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും പഞ്ചായത്തിൽ ഒരു സ്ഥിരം മോണിട്ടറിംഗ് കമ്മിറ്റി ഉണ്ടാകണം.

9. വ്യവസായ കേരളം എന്ന പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങളിൽ വ്യവസായരംഗത്ത് കാര്യമായ നേട്ടം കൈവരിക്കാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ എല്ലാം തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുകയാണ്. വെള്ളം പൊങ്ങിയാൽ ഗതാഗതം മുടങ്ങിയാൽ, തമിഴ്നാട്ടിൽ വേനൽ വന്നാൽ, ലോറി സമരം പ്രഖ്യാപിച്ചാൽ നമ്മുടെ സ്ഥിതി എന്താണ്? വിലക്കയറ്റം. ചോദിക്കുന്ന വിലകൊടുത്തു സാധനങ്ങൾ വാങ്ങേണ്ട സ്ഥിതിയാണുള്ളത്. ഇത് ഒഴിവാക്കണം. കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുകയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്താൽ നമുക്കും സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. നല്ലൊരു ശതമാനം ആളുകൾക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വരുമാനം ഉയരുകയും നമ്മുടെ ആളോഹരി വരുമാനം കൂടുകുയം ചെയ്യും. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു പലകാര്യങ്ങളിലും കേരളം മുൻപന്തിയിലാണ്. വിദ്യാഭ്യാസം, ആയുർദൈർഘ്യം. ശിശുമരണ നിരക്ക് ആരോഗ്യ സംരക്ഷണം മുതലായ കാര്യങ്ങളിൽ വികസിതരാജ്യങ്ങളുടെ നിരയിലാണ്. എന്നാൽ പ്രതിശീർഷ വരുമാനത്തിൽ നാം വളരെ പുറകിലാണ്. 60% ജനങ്ങൾ ദരിദ്രരേഖക്കു താഴെയാണ്. ജീവിത നിലവാരം മെച്ചപ്പെടണമെങ്കിൽ അദ്ധ്വാനം കാർഷികോൽപ്പന്നങ്ങളായും വ്യവസായികോൽപ്പന്നങ്ങളുമായി മാറണം. അതുകൊണ്ട് വ്യവസായ കാർഷികരംഗങ്ങളിൽ പുത്തൻ ഉണർവ്വ് ഉണ്ടായേ മതിയാവൂ.

ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടാനും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർത്തുവാനും നമുക്ക് കൂട്ടായി യത്നിക്കാം.


100
100
100



## 5-4

# വിദ്യാഭ്യാസം

കൊറ്റനാട് പഞ്ചായത്തിന്റെ സ്ഥാനം പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ താലൂക്കു ആസ്ഥാനമായ മല്ലപ്പള്ളിയിൽ നിന്നും ഉദ്ദേശം 15 കിലോമീറ്റർ തെക്കുകിഴക്കായിട്ടാണ്. പത്തനംതിട്ട ജില്ലയിലെ സാംസ്കാരികകേന്ദ്രമായ തിരുവല്ലയിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ കിഴക്കോട്ടു സഞ്ചരിച്ചാൽ ഇവിടെ എത്താം. ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയിൽ എത്താൻ ഇവിടെനിന്നും 25 കിലോമീറ്റർ തെക്കോട്ടു റോഡുമാർഗ്ഗം സഞ്ചരിക്കണം. ജില്ലയ്ക്കു പുറത്തുള്ള ചങ്ങനാശ്ശേരി, കോട്ടയം മുതലായ പ്രധാന പട്ടണങ്ങളുമായും ജില്ലയിലെ തന്നെ തിരുവല്ല പട്ടണവുമായും റോഡുമാർഗ്ഗം ബന്ധപ്പെടാം. കൊറ്റനാട് പഞ്ചായത്തിലുള്ളവർക്കു ട്രെയിൻ മാർഗ്ഗം സഞ്ചരിക്കണമെങ്കിൽ, ജില്ലയിലെ ഏക റയിൽവേ സ്റ്റേഷനായ തിരുവല്ലയിൽ എത്തണം.

സാക്ഷരതയിൽ കൊറ്റനാടു പഞ്ചായത്തിനുള്ള സ്ഥാനം, പത്തനംതിട്ടയിലെ മറ്റു പഞ്ചായത്തുകളുടെ മുമ്പിലാണ്. കേട്ടറിവനുസരിച്ച് 120 വർഷം മുമ്പു സ്ഥാപിച്ച പെരുമ്പെട്ടി C.M.S.L.P നേടുമ്പര സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. മറ്റു പലപ്രദേശങ്ങളിലെയുംപോലെ ഇവിടെയും ക്രിസ്തീയ സംഘടനയാണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്.

വേദപ്രചാരണത്തിനായി പിന്നോക്ക പ്രദേശമായ കരിയംപ്ലാവിൽ എത്തിയ നോയൽ സായ്പ് എന്ന പാശ്ചാത്യ മിഷ്യനറി ബ്രദർ മിഷൻ വകയായി ഇവിടെ ഒരു നാട്ടുഭാഷാ സ്ക്കൂൾ ആരംഭിച്ചു. ഇത് ഒരു V.H.S ആയിരുന്നു. ഈ പഞ്ചായത്തിനു പുറത്തുള്ള പ്രദേശങ്ങളിൽ നിന്നു പോലും ഇവിടെ അഭ്യസനത്തിനു വിദ്യാർത്ഥികൾ വന്നിരുന്നു. നാട്ടുഭാഷയിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള ഒരു സ്ഥാപനമായിരുന്നു അത്. ഇവിടെ പിന്നീട് ഒരു ട്രെയിനിംഗ് സ്ക്കൂളും ആരംഭിച്ചു. അദ്ധ്യാപകപരിശീലന സ്ക്കൂളുകളെ ബേസിക് ട്രെയിനിംഗ് സ്ക്കൂളുകളാക്കി മാറ്റുന്നതുവരെയും ഈ സ്ക്കൂൾ പ്രവർത്തിച്ചിരുന്നു. അന്നുവരെയും അദ്ധ്യാപക പരിശീലനകാലം ഒരു വർഷമായിരുന്നു. ഇന്നു നിലവിലുള്ളത് രണ്ടുവർഷ പരിശീലനമാണ്.

അടുത്തതായി ഏതാണ്ട് 77 വർഷങ്ങൾക്കു മുമ്പ് കുറ്റിക്കണ്ടത്തിൽ അച്ചൻ എന്നറിയപ്പെട്ടിരുന്ന റവ. ഫാദർ. കെ.സി. അലക്സാണ്ടർ കുമ്പളന്താനം കേന്ദ്രമായി "കേരള വർമ്മ മെമ്മോറിയൽ മലയാളം മീഡിൽ സ്ക്കൂൾ" എന്ന പേരിൽ ഒരു നാട്ടുഭാഷാ വിദ്യാലയം ആരംഭിച്ചു.

കരിയംപ്ലാവിൽ നോയൽ സായ്പു സ്ഥാപിച്ച N.M.V.H.S. ഉം കുമ്പളന്താനം K.V.M.M.M.സ്ക്കൂളും ആയിരുന്നു അക്കാലത്ത് ഈ പ്രദേശത്ത് ഉണ്ടായിരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ. അന്ന് ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ പഠനം സൗജന്യമായിരുന്നെങ്കിലും 5 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്നതിന് ഫീസ് കൊടുക്കണമായിരുന്നു. അതുകൊണ്ട് വളരെ ചുരുക്കം ആളുകൾ മാത്രമെ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ പോയിരുന്നൊള്ളു.

കരിയം പ്ലാവിലും കുമ്പളന്താനത്തും സ്ക്കൂളുകൾ സ്ഥാപിച്ച കാലത്തിനടുത്തു തന്നെ കളമ്പാല M.T.L.P

എന്ന പേരിൽ മാർത്തോമ്മാ സഭയുടെ നേതൃത്വത്തിൽ ഒരു വിദ്യാലയവും സ്ഥാപിക്കപ്പെട്ടു.

കുമ്പളന്താനത്ത് K.V.M.M.M.സ്ക്കൂൾ സ്ഥാപിച്ച റവ. ഫാദർ. കെ.സി. അലക്സാണ്ടർ തന്നെ ഏതാണ്ട് ഒന്നര ദശാബ്ദത്തിനു ശേഷം ആദ്യ സ്ക്കൂളിനോട് അടുത്ത സ്ഥലത്തു തന്നെ വലിയ കുന്നം St. Mary's English Middle School എന്ന പേരിൽ ഒരു ഇംഗ്ലീഷു സ്ക്കൂളും സ്ഥാപിച്ചു. ഇതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഇംഗ്ലീഷ് സ്ക്കൂൾ. ഇവിടെ പ്രിപ്പയർറ്ററി: Form-I; Form-II; Form III. ഇങ്ങനെ നാലുവർഷത്തെ പഠനം ആയിരുന്നു ഉണ്ടായിരുന്നത്. എല്ലാ ക്ലാസുകളിലും ഫീസും ഉണ്ടായിരുന്നു; ക്ലാസ്സിനനുസരിച്ച് ഫീസിൽ വ്യത്യാസവും ഉണ്ടായിരുന്നു.

ഈ സ്ക്കൂളാണ് സ്വാതന്ത്ര്യലബ്ധിക്കുശേഷം 1949-50ൽ ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂളാക്കി ഉയർത്തപ്പെട്ട ഇന്നത്തെ വലിയകുന്നം St. Mary's High School. അങ്ങനെ 1952 മാർച്ചിൽ കൊറ്റനാടു പഞ്ചായത്തിലെ ആദ്യത്തെ S.S.L.C ബാച്ചുകാർ പരീക്ഷ എഴുതി സ്വന്തം പഞ്ചായത്തിലെ സ്ക്കൂളിൽ.

1933-ൽ ഏതാനും ഉല്പതിഷ്ണുക്കളായ ചെറുപ്പക്കാർ ചേർന്ന് ചാലാപ്പള്ളിക്കവലക്കു സമീപം 'സാംസ്കാരിക വർദ്ധിനി സംസ്കൃത സ്ക്കൂൾ' എന്ന പേരിൽ ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ചു. ഈ സ്ക്കൂളിൽ "ശാസ്ത്രി" ക്ലാസ് വരെ പഠിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നു. ഇവിടെയും ഫീസ് കൊടുക്കണമായിരുന്നു. പിന്നീട് 1954-ൽ ബോധനഭാഷയായ സംസ്കൃതം മാറ്റി ഇന്നത്തെ രീതിയിലുള്ള ഹൈസ്കൂളാക്കി പരിവർത്തനം ചെയ്യപ്പെട്ടു. ഈ പഞ്ചായത്തിലെ ആദ്യത്തേതും അവസാനത്തേതുമായ സംസ്കൃതസ്ക്കൂൾ എന്ന സ്ഥാനം ഈ സ്ക്കൂളിന് അവകാശപ്പെടാം. ഈ സ്കൂൾ കുന്നത്തെ നായർ കരയോഗമാണ് സ്ഥാപിച്ചു നടത്തിവന്നതെങ്കിലും പിന്നീട് നായർ സർവ്വീസ് സൊസൈറ്റിക്കു ഉടമസ്ഥത കൈമാറുകയും ഇന്ന് S.V.N.S.S.H.S, കുന്നം എന്ന പേരിൽ പ്രവർത്തിക്കുകയും ചെയ്തു വരുന്നു.

S.V.N.S.S.U.P.S ഉം മുകളിൽ പറഞ്ഞിരീതിയിൽ N.S.S ന് കൈമാറിയതാണ്.

ഈ പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്ക്കൂളാണ് കരിയം പ്ലാവ് N.M.H.S, 1952-ൽ ഇതൊരു ഹൈസ്ക്കൂളാക്കി മാറ്റി. നോയൽ സായ്പു സ്ഥാപിച്ച V.H.S സ്ക്കൂളാണ് പിന്നീട് N.M.H.S.ആയിത്തീർന്നത്.

ഏറ്റവും ഒടുവിൽ ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ഹൈസ്ക്കൂളാണ് S.C.V.H. Kottanad. ഇത് 1954 ജൂണിൽ ഒരു u.p സ്ക്കൂളായി ആരംഭിച്ചു. 1195-ാം നമ്പർ കൊറ്റനാട് ശ്രീ. ചിത്തിരവിലാസം N.S.S. കരയോഗത്തിൻെറ നേതൃത്വത്തിൽ അന്നത്തെ കരയോഗം പ്രസിഡന്റ് ചരളേൽ ശ്രീ. കെ.എൻ. ഗോപാലൻ നായർ, അന്നത്തെ കരയോഗം ഖജാൻജി പന്നികുന്നിൽ ശ്രീ. കൊച്ചുകൃഷ്ണൻ നായർ എന്നിവർ കരയോഗത്തിനു ദാനമായി കൊടുത്ത സ്ഥലത്ത് സ്ക്കൂൾ സ്ഥാപിച്ചു. പിന്നീട് 1960-ൽ ഈ സ്ക്കൂളിൻെറ L.P. വിഭാഗംകൂടി ആരംഭിച്ചു. 1966-ൽ S.C.V.U.P സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് S.C.V. H.S ആക്കി.

ഈ സ്ക്കൂളിന് പഞ്ചായത്തു പ്രദേശത്തുള്ള മറ്റു സ്ക്കൂളുകളെ അപേക്ഷിച്ചുള്ള പ്രത്യേകത ഇവിടെ ഒന്നാം സ്റ്റാൻഡേർഡു മുതൽ പത്താം സ്റ്റാൻഡേർഡു വരെ ഒന്നിച്ച് ഒരേ പ്രഥമാദ്ധ്യാപകൻെറ കീഴിൽ പ്രവർത്തിക്കുന്നുവെന്നുള്ളതാണ്. ഇവിടുത്തെ എല്ലാ വിജയത്തിനും അടിസ്ഥാനവും അതുതന്നെയാണ്. ഇവിടെ ഒന്നാം സ്റ്റാൻഡേർഡിൽ വന്നുചേരുന്ന കുട്ടിയ്ക്ക് S.S.L.C ക്ലാസുകഴിഞ്ഞിട്ട് കോളേജിലേക്കു പോകുന്നതുവരെ മറ്റു സ്ക്കൂളിലേക്കു പോകേണ്ടി വരുന്നില്ല. മറ്റ് ഹൈസ്ക്കൂളുകൾക്ക് നിലനില്പിന് വേണ്ടി വേറെ സ്ക്കൂളുകളെ ആശ്രയിക്കേണ്ടി വരുമ്പോൾ ഇവിടെ ഒന്നാം സ്റ്റാന്റേർഡിൽ വരുന്ന കുട്ടി സ്ക്കൂളിൻെറ മൊത്തം നിലനില്പിനും ഉപകരിക്കുന്നു.

ഇന്ന് ഈ സ്ക്കൂൾ ഈ പഞ്ചായത്തിലേതെന്നു മാത്രമല്ല തിരുവല്ല വിദ്യാഭ്യാസജില്ലയിലെതന്നെ ഉന്നത നിലവാരമുള്ള സ്ക്കൂളിൽ ഒന്നാണ്. 1995-96ൽ ഇവിടെ S.S.L.C.ക്ക് 90%കുട്ടികൾ വിജയിച്ചു. കൂടാതെ പട്ടികജാതി കുട്ടികളെയും മറ്റു വിഭാഗങ്ങളിലെ കുട്ടികൾക്കൊപ്പം എത്തിച്ചതിന് ജില്ലയ്ക്ക് അനുവദിച്ച കാഷ് അവാർഡുതുകയായ 12000 രൂപ വീതം ചാലാപ്പള്ളി N.S.S.H.Sനും S.V.H.Sനും ലഭിച്ചു. ഈ പഞ്ചായത്തിൽ ഏറ്റവുമധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളും ഇതുതന്നെ. ഇവിടുത്തെ കുട്ടികളുടെ പ്രോത്സാഹനാർത്ഥം കരയോഗവും വ്യക്തികളും ഏർപ്പെടുത്തിയിട്ടുള്ള പത്തോളം കാഷ് അവാർഡുകൾ വർഷംതോറും കൊടുത്തുവരുന്നു.

മുകളിൽ പറഞ്ഞ സ്ക്കൂളുകൾ സ്ഥാപിച്ച കാലത്തിനോടടുത്ത് 1955ൽ സ്ഥാപിച്ചതാണ് വലിയകുന്നം L.P.S. സ്ക്കൂളും. വെള്ളയിൽ പ്രദേശത്തെ അഞ്ചു വ്യക്തികൾ ചേർന്നു സ്ഥാപിച്ചതാണ്. ഇന്നും ഇതിൻെറ ഉടമസ്ഥരും ഭരണക്കാരും അവർ തന്നെ. ഇത് ഒരു എൽ.പി. സ്ക്കൂളാണെങ്കിലും വികസന പ്രവർത്തനത്തിനാവശ്യമായ സ്ഥലം സ്ക്കൂളിനുണ്ട്. ഇത് യു.പി സ്കൂളായി ഉയർത്തേണ്ടതാണ്.

## പട്ടിക 1A
## വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്ക്കൂൾ | | മാനേജുമെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | |
| 1. | S.C.V.H.S.Kottanad | L.P<br>U.P.<br>H.S. | 1195-ാം നമ്പർ<br>N.S.S.കരയോഗം.<br>കൊറ്റനാട് Aided | 96<br>136<br>121 | 114<br>128<br>107 | 210<br>264<br>228 | 27 |
| 2. | St. Mary's<br>Valiyakunnam | U.P.<br>H.S. | കുറ്റിക്കണ്ടത്തിൽ<br>Aided | 54<br>88 | 45<br>82 | 99<br>170 | 14 |
| 3. | N.S.S H.S. Kunnam,<br>Chalappally | H.S. | N.S.S. Aided | 129<br>84 | 112<br>92 | 241<br>176 | 11<br>8 |
| 4. | N.S.S. U.P.S.<br>Kunnom | U.P.<br>U.P. | N.S.S. Aided | 84<br>84 | 92<br>92 | 176<br>176 | 8<br>8 |
| 5. | M.T.U.P.S.<br>Attingal | U.P.<br>U.P. | Marhtomite<br>Aided | 72 | 75 | 147 | 7 |
| 6. | Govt. L.P<br>Perumpetty | L.P. | Govt. | 55 | 64 | 119 | 4 |
| 7. | M.T.L.P.S.<br>Perumpetty | L.P. | Marthomite<br>Aided | 69 | 75 | 144 | 4 |
| 8. | L.P.S.<br>Valiyakunnom | L.P | Aided | 90 | 92 | 182 | 5 |
| 9. | K.V.M.L.P.S.<br>Kumplamthanam | L.P. | Aided | 43 | 28 | 71 | 4 |
| 10. | M.T.L.P.S.<br>Kalampala | L.P | Aided | 33 | 31 | 64 | 3 |
| 11. | Govt. L.P.S.<br>Cheriyakunnam | L.P. | Govt. | 57 | 63 | 120 | 3 |
| 12. | C.M.S. L.P.S<br>Perumpetty | L.P | Aided | 49 | 51 | 100 | 4 |
| 13. | N.M.L.P.S.<br>Kariamplave | L.P. | Aided | 59 | 58 | 117 | 4 |
| 14. | N.M.H.S.<br>Karamplave | U.P.<br>H.S. | Aided | 42<br>61 | 52<br>63 | 94<br>124 | 10 |

[അവലംബം സെക്കണ്ടറി ഡേറ്റ]

## പട്ടിക 1(B)

**L..P, U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം**

| ആകെ വിദ്യാർത്ഥികൾ | L.P. | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 2670 | 551 | 576 | 51.1 | 388 | 392 | 50.3 | 399 | 364 | 47.7 |
| | | | | | | | ആകെ. | | **49.9%** |

## പട്ടിക 1(C)

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1127 | 153 | 13.7 | 780 | 95 | 12.2 | 763 | 157 | 20.58 |
| | | | | | | ആകെ | | **15.17%** |

## പട്ടിക 1(D)

പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 4 | - | 4 | 43 | 33 | 76 | 80 |

### പട്ടിക II

**ഗവൺമെൻറ് സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്**

| പഞ്ചായത്തിലെ ആകെ അദ്ധ്യാപകർ | രണ്ടു ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ: അദ്ധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ:സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | വിദ്യാർത്ഥികളുടെ ശതമാനം |
|---|---|---|---|---|---|
| 108 | 7 | 6.5 | 2670 | 239 | 8.95 |

ഇനി ഈ പഞ്ചായത്തിലെ ആറാം വാർഡിലെ സ്ക്കൂളുകളാണ്. ഇവിടെ എണ്ണത്തിൽ മൂന്നു സ്ക്കൂളുകൾ ഉണ്ട്. രണ്ട് എൽ.പി. സ്ക്കൂളുകളും ഒരു യു.പി. സ്ക്കൂളും. യു.പി. സ്ക്കൂളും, ഒരു എൽ.പി. സ്ക്കൂളും മാർത്തോമ്മാ സഭയുടെവകയാണ്. മറ്റേ എൽ.പി. സ്ക്കൂൾ ഗവൺമെന്റ് സ്ക്കൂളാണ്. ഒന്നാം വാർഡിൽ ചാലാപ്പള്ളിയിൽ(ചെറിയകുന്നം) ഒരു ഗവൺമെന്റ് എൽ.പി. സ്ക്കൂളുണ്ട്.

പഞ്ചായത്തിലെ 14 സ്കൂളികളിൽ പഠിക്കുന്ന മൊത്തം കുട്ടികളിൽ L.P വിഭാഗത്തിൽ 153 കുട്ടികളും U.P വിഭാഗത്തിൽ 95 കുട്ടികളും H.S വിഭാഗത്തിൽ 157 കുട്ടികളും ഉൾപ്പെടെ 405 കുട്ടികൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. ഇവർ മൊത്തം കുട്ടികളുടെ 15.17% വരും. ഇവിടെയും പരിവർത്തിത ക്രൈസ്തവ വിഭാഗം വരുന്നില്ല. അവരുടെ കണക്കും കൂടി ചേർത്തെങ്കിൽ മാത്രമേ പിന്നോക്കവിഭാഗത്തിൽ പെട്ടവരുടെ നിലവാരം കണക്കാക്കാൻ പറ്റൂ.

അഞ്ചാം വാർഡിൽ സ്കൂളുകൾ ഒന്നും ഇല്ല. എന്നാലും മറ്റു വാർഡുകളിലെ എൽ.പി. സ്കൂളുകളും U.P സ്കൂളുകളും ഹൈസ്കൂളുകളും സൗകര്യപ്രദമായിട്ടുളളതുകൊണ്ട് വലിയ പ്രശ്നമില്ല.

1991-ലെ സെൻസസ് പ്രകാരം 14188 ജനങ്ങളും എട്ടു വാർഡുകളും ഉള്ള ഈ പഞ്ചായത്തിൽ സെക്കന്ററിതലം വരെയുള്ള വിദ്യാഭ്യാസത്തിനു വലിയ ബുദ്ധിമുട്ടനഭവപ്പെടുന്നില്ല. ഈ പഞ്ചായത്തിൽ 4 ഹൈസ്കൂളുകളും 5 U.P സ്കൂളുകളും 9 L.P സ്കൂളുകളും ഉണ്ട്. 5. U.P സ്കൂളുകളിൽ 3 എണ്ണം ഹൈസ്കൂളുകളോട് ചേർന്ന് ഒരു ഹെഡ്മാസ്റ്ററുടെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. രണ്ടെണ്ണം മാത്രമേ സ്വതന്ത്രമായി പ്രവർത്തിക്കുന്നുള്ളു. അതുപോലെ തന്നെ 9 L.P സ്കൂളുകളിൽ ഒരെണ്ണം ഹൈസ്കൂളിനോട് ചേർന്ന് അതിന്റെ ഭാഗമായി പ്രവർത്തിക്കുന്നതാണ്. മൊത്തം 14 സ്കൂളുകൾ.

പഞ്ചായത്തു പ്രദേശത്തെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 19%ത്തോളം വരുന്ന 2670 വിദ്യാർത്ഥികൾ 14 സ്കൂളുകളിലായി പഠിക്കുന്നു. L.P., U.P വിഭാഗങ്ങളിൽ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികളാണ്. എന്നാൽ H.S വിഭാഗത്തിൽ ആൺകുട്ടികളാണ് കൂടുതൽ. മൊത്തം കുട്ടികളുടെ 49.9% ആണ് പെൺകുട്ടികൾ.

സാമ്പത്തിക-സാമൂഹ്യ കാരണങ്ങളാൽ ചെറിയൊരു ശതമാനം കുട്ടികൾ ഇടയ്ക്കുവച്ചു പഠിത്തം നിർത്തിപ്പോകുന്നു. ഇവരുടെ ശരിയായ കണക്ക് ലഭിച്ചിട്ടില്ല. ലഭിച്ചിടത്തോളം വിവരം അനുസരിച്ച് 4 പട്ടികജാതി ആൺകുട്ടികളും 76 മറ്റുള്ളവരും മാത്രമാണ് പഠനം നിർത്തിയിട്ടുള്ളത്. എന്നാൽ ഈ പഞ്ചായത്തിൽ പട്ടികജാതി കുട്ടികളെക്കാൾ കൂടുതൽ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. അവരുടെ കണക്ക് മറ്റുള്ളവരുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

14 സ്കൂളുകളും 2670 വിദ്യാർത്ഥികളും 108 അദ്ധ്യാപകരും ഉൾപ്പെടുന്ന പഞ്ചായത്ത് പ്രദേശത്ത് കേവലം 2 L.P സ്കൂളുകളും അവയിൽ 239 വിദ്യാർത്ഥികളും 7 അദ്ധ്യാപകരും മാത്രമാണ് സർക്കാർ ഉടമയിൽ ഉള്ളത്. ഇത് മൊത്തം വിദ്യാർത്ഥികളുടെ 8.95%വും മൊത്തം അദ്ധ്യാപകരുടെ 6.5%വും ആണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. അതുകൊണ്ട് കോളേജു വിദ്യാഭ്യാസത്തിനായി 8 കിലോമീറ്റർ അകലെയുള്ള റാന്നി സെൻറ് തോമസ് കോളേജ് 15 കിലോമീറ്റർ അകലെയുള്ള കോഴഞ്ചേരി സെൻറ് തോമസ് കോളേജ്, 20 കിലോമീറ്റർ അകലെയുള്ള തുരുത്തിക്കാട് ബി.എ.എം. കോളേജ് എന്നീ കോളേജുകളെയാണ് ഇവിടുത്തെ കുട്ടികൾ ആശ്രയിക്കുന്നത്. എന്നാൽ പ്രവേശനം തേടുന്നവർക്കെല്ലാം ഇവിടങ്ങളിൽ പ്രവേശനം ലഭിക്കുന്നില്ല. പിന്നെ പ്രവേശനം ലഭിക്കാത്തവർ പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. അവിടുത്തെ ഭീമമായ ഫീസും മറ്റു ചെലവുകളും താങ്ങാനാവാതെ സാധാരണക്കാർ വളരെ അധികം ക്ലേശിക്കുന്നു.

ഈ പഞ്ചായത്തിലെ 4 ഹൈസ്കൂളുകളിലുംകൂടി ഈ വർഷം 235 വിദ്യാർത്ഥികൾ S.S.L.C. ക്ലാസ്സിൽ പഠിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ S..S.L.C വിജയ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ പോലും 150ൽ അധികം കുട്ടികൾ അടുത്ത വർഷം ഉന്നത വിദ്യാഭ്യാസ മേഖലയിലേക്കു വരും. ഇവരെ കൂടാതെ ഈ പഞ്ചായത്തിൽനിന്നും സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന ഒരു നല്ല പങ്ക് കുട്ടികളും മത്സരരംഗത്ത് ഉണ്ടായിരിക്കും. സ്വാഭികമായും അത്തരം കുട്ടികൾ ഇവിടുത്തെ സ്കൂളുകളിൽ നിന്നു പാസ്സാകുന്ന കുട്ടികളെ പിൻതള്ളുമെന്നുള്ള കാര്യത്തിൽ അഭിപ്രായ വ്യത്യാസത്തിനു കാര്യമില്ല. പാരലൽ കോളേജുകളെ ആശ്രയിക്കുന്ന വിദ്യാർത്ഥികളോട് യാത്രാ സൗജന്യങ്ങളുടെ കാര്യത്തിൽ പോലും സർക്കാരും വാഹന ഉടമകളും വിവേചനം കാണിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിൽ ആകെക്കൂടിയുള്ളത് രണ്ടു ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളാണ്. ഒന്ന് വൃന്ദാവനത്തിലും മറ്റേത് പെരുമ്പെട്ടിയിലും. ഇതൊന്നും സർക്കാരുമായി ബന്ധമുള്ള സ്ഥാപനങ്ങളല്ല. സീറോക്സിന്റെ വരവോടുകൂടി ടൈപ്പ്റൈറ്റിംഗുകൊണ്ടും പ്രതീക്ഷിക്കുന്ന പ്രയോജനം ലഭിക്കുകയില്ല.

ഈ പഞ്ചായത്തിൽ നിന്നും നൂറു കണക്കിനു യുവാക്കൾ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ ഇവയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും സംസ്ഥാനത്തിനു പുറത്തേക്കും വൻതുകകൾ ചെലവു ചെയ്ത് പോകുന്നുണ്ട്. ഈ സംസ്ഥാനത്ത് അതിനുള്ള സൗകര്യങ്ങൾ വേണ്ടത്ര ഏർപ്പെടുത്തിയാൽ സാധാരണക്കാർക്കുകൂടി അതിന്റെ പ്രയോജനം ലഭിക്കും. അത്തരം ഒരു നയം സർക്കാർ സ്വീകരിച്ചാൽ കോടിക്കണക്കിൽ രൂപ ഈ സംസ്ഥാനത്തിന് പ്രയോജനപ്പെടുമെന്നു മാത്രമല്ല, അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസക്കച്ചവടക്കാരിൽ

## പട്ടിക IV

അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റെക്കോർഡർ | ടെലിവിഷൻ | സിനിമ പ്രൊജക്റ്റർ | സ്ലൈഡ് പ്രൊജക്റ്റർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ്സ് P.T.A പ്രവർത്തിക്കുന്നുണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 13 | 133 | 12 | 12 | 5 | - | 1 | - | - | - | 6 | 13 | 12 |
| ഇല്ലാത്തത് | 1 | 1 | 2 | 2 | പരിമിതം | 14 | 13 | 14 | 14 | 14 | 8 ഉള്ളത് | 1 ഉപ. യോ.മല്ല | 2 |

## പട്ടിക V

## ഭൗതിക സാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | S.C.V.H.S. Kottanad. | 702 | 27 | 3 | 2 | ഉണ്ട്(Pipe) | ഉണ്ട് |
| 2. | St. Mary's H.S. Valiykunnom | 269 | 14 | 2 | 1 | ഉണ്ട്(Pipe) | ഉണ്ട് |
| 3. | S.V. N.S.S, U.P.S, Kunnom Chalappally | 176 | 8 | 1 | 1 | ഉണ്ട്(Pipe) | ഉണ്ട് |
| 5. | M.T.U.P.S, Athiyal | 147 | 7 | 2 | 1 | ഉണ്ട്-കിണർ | ഉണ്ട് |
| 6. | Govt. L.P.S Perumpetty | 119 | 4 | 2 | 1 | ഉണ്ട്-കിണർ | ഉണ്ട് |
| 7. | M.T.L. P.S. Perumpetty | 144 | 4 | 1 | 1 | ഉണ്ട്-കിണർ | ഉണ്ട് |
| 8. | Valiyakunnom L.P.S. Vellayil | 182 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| 9. | K.V.M. L.P.S. Kumpalamthanam | 71 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10. | M.T.L.P.S | 64 | 3 | 1 | 1 | ഇല്ല | ഇല്ല |
| | Kalampala | 64 | 3 | 1 | 1 | ഇല്ല | ഇല്ല |
| 11. | Govt. L.P.S. Cheriyakunnom | 120 | 3 | 1 | 1 | ഇല്ല | ഇല്ല |
| 12. | O.M.S. L.P.S. Perumpetty | 100 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 13. | N.M. L.P.S. Kariampilavu | 117 | 4 | 1 | ഇല്ല | ഉണ്ട്-കിണർ | ഇല്ല |
| 14. | N.M.H.S Kariamplavu | 218 | 10 | 2 | 1 | ഉണ്ട്-കിണർ | ഉണ്ട് |

നിന്ന് കേരളത്തിലെ ഒരു നല്ല പങ്കു യുവാക്കളെ രക്ഷിക്കുകയും ചെയ്യാം. ആയതിനാൽ പഞ്ചവത്സര പദ്ധതിയ്ക്കു രൂപം കൊടുക്കുമ്പോൾ ഇക്കാര്യം കൂടി സർക്കാർ പരിഗണിക്കണം.

വിദ്യാഭ്യാസ രംഗത്ത് പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാദമിക്ക് സൗകര്യങ്ങൾ. വിവരശേഖരണ സമയത്തു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അക്കാദമിക്ക് സൗകര്യങ്ങൾ വളരെ വളരെ പരിതാപകരമാണ്. ഒരു സ്കൂളിൽ പോലും തൃപ്തികരമായ സൗകര്യങ്ങൾ ഇല്ല. ചില സ്കൂളുകളിൽ അദ്ധ്യാപകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. L.P. സ്കൂളുകളിൽ സർക്കാരിൽ നിന്നും ലഭിച്ച സയൻസ് കിറ്റ് ഉണ്ടെന്നല്ലാതെ അവ വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. ഹൈസ്കൂളുകളെ സംബന്ധിച്ചിടത്തോളമെങ്കിലും റേഡിയോ, സിനിമ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ ഇവ ആവശ്യമാണ്. മാപ്പുകൾ, ചാർട്ടുകൾ ഇവ മിക്ക സ്കൂളുകളിലും ഉണ്ടെങ്കിലും ഉപയോഗക്ഷമമായവ അധികം സ്കൂളുകളിലും ഇല്ലെന്നുതന്നെ പറയാം. ഡിവിഷനുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ബ്ലാക്ക് ബോർഡുകൾ മാത്രം ചില സ്കൂളുകളിൽ ആവശ്യത്തിലധികം ഉണ്ട്. മിക്ക L.P സ്കൂളുകളിലും ഇവയൊക്കെ പേരിനു മാത്രമേയുള്ളു.

മാതൃസംഘം മിക്കവാറും എല്ലാ സ്ക്കൂളുകളിലും സജീവമാണെന്നാണ് ലഭിച്ച വിവരം

P.T.Aകൾ മിക്ക സ്ക്കൂളുകളിലും ഉണ്ടെങ്കിലും ക്ലാസ്സു റൂം P.T.A. കൾ വളരെ കുറവാണ്. രണ്ടു സ്ക്കൂളുകളിൽ ഇതൊന്നുമില്ല.'

## പട്ടിക.IV

സ്ക്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ ഹൈസ്ക്കൂകളിൽ എല്ലായിടത്തും സൈമാന്യം തൃപ്തികരമായിട്ടുണ്ട്. എന്നാൽ എൽ.പി, സ്ക്കൂളുകളിൽ ഇതൊന്നും ആരോഗ്യകരമായ വിധത്തിൽ ഇല്ല. രണ്ടു സ്ക്കൂളുകളിൽ മൂത്രപ്പുരപോലും ഇല്ല. നാല് എൽ.പി. സ്ക്കൂളുകളിൽ കുടിവെള്ളത്തിന് യാതൊരു സംവിധാനവുമില്ല. M.T.L.P. സ്ക്കൂൾ കളമ്പാലയ്ക്ക് അടുത്ത് പഞ്ചായത്തിൽ നിന്നും കുഴുപ്പിച്ച ഒരു കിണർ ഉള്ളതുകൊണ്ട് അവിടുത്തെ കുട്ടികൾക്ക് കുടിവെള്ള പ്രശ്നം ഇല്ല. പഞ്ചായത്തിലെ നാല് സ്ക്കൂളുകളിൽ സെന്റ് മേരീസ് ഹൈസ്ക്കൂൾ വലിയ കുന്നത്ത് കിണറും പൈപ്പ് സംവിധാനവുമുണ്ടെങ്കിൽ വേനൽക്കാലത്ത് ജല ദൌർലഭ്യമുണ്ട്. ഹൈസ്ക്കൂളുകളിൽ എല്ലായിടത്തും വൈദ്യുതി സൗകര്യമുണ്ട്.

## പട്ടികV

എൽ.പി. സ്ക്കൂളുകളിൽ ക്ലാസ് ഡിവിഷനുകളും അദ്ധ്യാപകരുടെ എണ്ണവും തുല്യമായതിനാൽ ഹെഡ്മാസ്റ്ററെ എല്ലാദിവസവും സ്ക്കൂളിൽ കിട്ടാറില്ല. ഹെഡ്മാസ്റ്റർക്ക് സ്ക്കൂൾ സംബന്ധമായ കാര്യങ്ങൾക്ക് പലപ്പോഴും വിദ്യാഭ്യാസ ആഫീസ് ട്രഷറി മുതലായിടത്തൊക്കെ പോകേണ്ടിവരും. ഇതിനുള്ള പരിഹാരം ക്ലാസ് ഡിവിഷനുകളുടെ എണ്ണത്തെക്കാൾ ഒന്നു കൂടുതൽ അദ്ധ്യാപകരെ നിയമിക്കാനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തുകയാണ്.

വിദ്യാർത്ഥികളുടെ പഠന നിലവാരം പൊതുവെ ആശാവഹമല്ല. കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ S.S.L.C വിജയശതമാനം പരിശോധിച്ചാൽ 95-96ൽ മൂന്നു സ്ക്കൂളുകൾ മുൻവർഷത്തെക്കാൾ ഭേദമാണെങ്കിലും ഒരു സ്ക്കൂൾ മുപ്പതുശതമാനത്തിലും താഴെയാണ്. ഈ സ്ക്കൂൾ അഞ്ചുവർഷങ്ങളിൽ ഒരിക്കൽപ്പോലും മൂപ്പതു ശതമാനത്തിൽപ്പോലും താഴെയാണ്. ഈ സ്ക്കൂൾ അഞ്ചുവർഷങ്ങളിൽ ഒരിക്കൽപ്പോലും മുപ്പതു ശതമാനത്തിൽപ്പോലും എത്തിയിട്ടില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. S.S.L.C. ക്ലാസിലെ കുട്ടികളുടെ എണ്ണവും ഈ സ്ക്കൂളിൽ കുറവാണ്. ഇതിന്റെ കാരണം സാമ്പത്തീകമായി മുന്നോക്കം നില്ക്കുന്നവർ ധാരളമുള്ള മേഖലയായതുകൊണ്ട് അവിടയുള്ള സാധാരണക്കാരുടെ കുട്ടികൾ മാത്രമായിരിക്കും ഈ സ്ക്കൂളിനെ ആശ്രയിക്കുന്നത്. സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന വീടുകളിലെ കുട്ടികളെ അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലും എയിഡ്സ് സ്ക്കൂളുകളിലെതന്നെ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലേക്കും മാറ്റുന്നതുകൊണ്ടും കൂടിയാകാം ഇവിടെ എണ്ണം കുറയുന്നത്.

S.S.L.C വിജയശതമാനം മെച്ചമായ സ്ക്കൂളുകളിലും മറ്റു ക്ലാസ്സുകളിലെ അക്കാദമിക് നിലവാരം അത്ര മെച്ചമല്ല. ഇവിടെ പരിഗണിക്കേണ്ട ഒരു പ്രധാന വസ്തുത ഈ സ്ക്കൂളുകളിലൊരിടത്തും വിദ്യാർത്ഥി സമരങ്ങളോ സമരംമൂലം അദ്ധ്യേന ദിവസങ്ങളുടെ നഷ്ടമോ ഉണ്ടായിട്ടില്ല എന്നുള്ളതാണ്. അതുപോലെ തന്നെ ഈ സ്ക്കൂളുകളിലൊരിടത്തും രാഷ്ട്രീയ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിദ്യാ ർത്ഥി സംഘടനകളോ അത്തരത്തിലുള്ള തെരഞ്ഞെടുപ്പുകളോ നടക്കുന്നില്ല എന്നുള്ളതും വസ്തുതയാണ്.

## പട്ടിക VI.A

കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ S.S.L.C. വിജയശതമാനം

| സ്കൂൾ | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| S.C.V.H.S, Kottanad | 76.5% | 78.5% | 42% | 72% | 90% |
| St. Mary's H.S., Valiyakunnom | 27.8% | 67.2% | 35.8% | 27.8% | 66.7% |
| S.V.N.S.S. H.S, Kunnom, Chalappally | 43% | 48% | 48% | 52% | 64% |
| N.M. H.S, Kariamplavu - | - | 18% | 18% | 29% | 27% |

## പട്ടിക VI B

1996-97 ലെ ഒന്നാം ടേം പരീക്ഷ

| ക്ലാസുകൾ | 30%ത്തിൽ താഴെ മാർക്കു ലഭിച്ചവർ | 30%മുതൽ39%വരെ മാർക്കു ലഭിച്ചവർ | 40% മുതൽ 49% വരെ മാർക്കു ലഭിച്ചവർ | 50% മുതൽ59% വരെ മാർക്കു ലഭിച്ചവർ | 60%വും അതിനു മുകളിലും മാർക്കു ലഭിച്ചവർ |
|---|---|---|---|---|---|
| III | 87 | 67 | 49 | 39 | 21 |
| IV | 89 | 93 | 65 | 45 | 27 |
| V | 94 | 65 | 48 | 39 | 36 |
| VI | 105 | 58 | 45 | 38 | 26 |
| VII | 97 | 59 | 44 | 33 | 19 |
| VIII | 118 | 79 | 28 | 15 | 17 |
| IX | 135 | 60 | 24 | 23 | 27 |
| X | 120 | 43 | 37 | 18 | 17 |

(അവലംബ സ്കൂൾ രേഖകൾ)

## പട്ടിക VI.A; പട്ടിക VI.B

പഞ്ചായത്തിലെ എല്ലാ വിഭാഗത്തിലുമുള്ള സ്കൂളുകളുടെയും കാര്യം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ പാഠ്യേതര രംഗത്ത് ഒരു സ്ക്കൂളും മെച്ചമല്ല. കലാകായിക രംഗത്ത് ഒരു സ്ക്കൂളിനും ജില്ലതലത്തിലോ, സംസ്ഥാനതലത്തിലോ ദേശീയതലത്തിലോ യാതൊരു സ്ഥാനവുമില്ല. കായിക വിദ്യാഭ്യാസത്തിന് ഒരു സ്ക്കൂളിലും വേണ്ടത്ര പരിഗണന കൊടുത്തിട്ടില്ല. ഒരിടത്തും അതിനു പര്യാപ്തമായ സൗകര്യങ്ങളും ഇല്ല. നല്ല കളിസ്ഥലങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ല. ചില സ്ക്കൂളുകളിൽ കുട്ടികൾ സ്വന്തംനിലയിൽ യാതൊരു നിയന്ത്രണവുമില്ലാതെ ക്രിക്കറ്റുകളിയിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടുവരുന്നു. ഇത് അപകടകരമാണ്. നിയന്ത്രിക്കേണ്ടതുണ്ട്.

കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി U.P., H.S. വിഭാഗങ്ങളിലെങ്കിലും കഴിവുള്ള കായിക പരിശീലന അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ തയ്യാറാകണം.

ഗ്രാമസഭാ റിപ്പോർട്ടുകളുടെയും ദ്വിതീയ ഘട്ട വിവര സമാഹരണത്തിൻെറയും അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലക്കാലത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

I.a. ഉന്നത വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കുന്നതിൻെറ ഭാഗമായി ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള നാല് ഹൈസ്ക്കൂളുകളിൽ ഭൗതീക സാഹചര്യങ്ങളും പഠന നിലവാരവും ഏറ്റവും മെച്ചമായ സ്ക്കൂളിൽ "+2" ക്ലാസുകൾ ആരംഭിക്കുക.

b. ഭൗതീക സാഹചര്യങ്ങൾ ലഭ്യമാക്കുന്ന സ്ക്കൂളിൽ തൊഴിൽ പരിശീലനത്തിനു സൗകര്യപ്പെടുമാറ് വൊക്കേഷണൽ ഹയർ സെക്കണ്ടറി ആരംഭിക്കുക.

c.കമ്പ്യൂട്ടർ പഠനത്തിന് ഉതകത്തക്കവിധം കമ്പ്യൂട്ടർ സെന്റർ ആരംഭിക്കുക.

d. നിലവിലുള്ള ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളെ പ്രേരിപ്പിച്ചോ അല്ലെങ്കിൽ പുതിയവ സ്ഥാപിച്ചോ ടൈപ്പ്റൈറ്റിംഗും ഷോർട്ട് ഹാൻഡും പഠനം മെച്ചപ്പെടുത്തുക.

II.a). അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ ആരംഭിക്കുക. അത്തരത്തിൽ ലഭിക്കുന്ന അറിവ് അദ്ധ്യാപനത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പഞ്ചായത്ത് അന്വേഷിക്കുക. സ്ക്കൂളുകളിൽ കായിക പരിശീലന അദ്ധ്യാപകരെ നിയമിക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുക.

b). എല്ലാതലത്തിലും പഠിക്കുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

c). മാതൃസംഘങ്ങളും P.T.A കളും ക്ലാസ്സ് റൂം P.T.A കളും സജീവമാക്കുക.

d). ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ ക്ലാസ് ഡിവിഷ നുകളുടെ എണ്ണത്തെക്കാൾ ഒരദ്ധ്യാപകനെ കൂടുതൽ നിയമിച്ച് ഹെഡ്മാസ്റ്ററൻമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുക. ഹെഡ്മാസ്റ്ററൻമാരുടെ സ്ക്കൂൾ ഭരണ ചുമതല അദ്ധ്യാപനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ സ്ക്കൂളിൽ ഇല്ലാത്ത അവസരങ്ങളിൽ മിക്ക അദ്ധ്യാപകരും കുട്ടികളെ സ്വതന്ത്രരായി വിട്ടുകൊണ്ട് വെറുതെ ഇരിക്കുകയോ കഥപറഞ്ഞി രിക്കുകയോ ആണ്. ഇത് പ്രൈമറി ക്ലാസുകളിലെ നിലവാരത്തകർച്ചക്കുള്ള ഒരു പ്രധാന കാരണമാണ്.

III. L.P. സ്ക്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക; മേൽനോട്ടത്തിന്റെ ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.

IV. ജൂൺ മാസത്തിൽ സ്ക്കൂളുകൾ തുറക്കുന്നതിനു മുമ്പായി വിദ്യാർത്ഥികൾക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്കുകളും മറ്റു പഠനോപാധികളും ലഭ്യമാക്കുക. പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളുടെയും പുസ്തക വിതരണ ചുമതല പഞ്ചായത്ത് ഏറ്റെടുക്കുക.

V. കാലാകാലങ്ങളിൽ പഠനനിലവാരം വിലയിരുത്താനുള്ള ടെസ്റ്റുകളും പരീക്ഷകളും നടത്തി പിന്നോക്കം നില്ക്കുന്നവർക്ക് പരിഹാരബോധനം നൽകുക.

VI. വിദ്യാലയങ്ങളിലെ സമർത്ഥരും നിർദ്ധനരുമായ കുട്ടികൾക്കുവേണ്ടി പഠനപര്യടനങ്ങളും വിനോദ യാത്രകളും സംഘടിപ്പിച്ച് നാടിന്റെ പൈതൃകവും സംസ്കാരവും മനസ്സിലാക്കാൻ അവസരമുണ്ടാക്കിക്കൊടുക്കുക. നാടിന്റെ നശിച്ചു മണ്ണടിഞ്ഞു കൊണ്ടിരിക്കുന്ന സംസ്കാരത്തെപ്പറ്റി അവർ ബോധവാൻമാരും ഉത്സുകരും ആകട്ടെ.

VII. പഞ്ചായത്തിലെ ബിരുദധാരികളും അല്ലാത്തവരുമായ യുവാക്കൾക്ക് ഉന്നതപഠനത്തിനും തൊഴിലന്വേഷണത്തിനും സഹായകരമായ വിധത്തിൽ ഒരു കരിയർ ഗൈഡൻസ് ബ്യൂറോയും "എംപ്ലോയിമെൻറു കൺസൽട്ടൻസിയും" പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നത് ആ മേഖലകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈകളിൽപെട്ട് യുവാക്കൾ വഞ്ചിതരാകാതിരിക്കാൻ സഹായിക്കും.

VIII.നല്ലനിലവാരമുള്ള ശാസ്ത്രമാസികകളും അതുപോലെയുള്ള പ്രസിദ്ധീകരണങ്ങളും വായിക്കുന്നതിനു കുട്ടികളെ പ്രേരിപ്പിക്കയും അതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കയും ചെയ്യുക.

ഇത്രയും കാര്യങ്ങളെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞാൽ കൊറ്റനാടു പഞ്ചായത്തിന്റെ വിദ്യാഭ്യാസ അന്ത രീക്ഷത്തിൽ അതൊരു രജത രേഖയായിരിക്കും.





5-5

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ കിണറുകളാണ്. പഞ്ചായത്തിലെ 95 ശതമാനം വീടുകളും കുടിവെള്ളത്തിനായി കുണറുകളെ ആശ്രയിക്കുന്നു. ഭൂരിപക്ഷ പ്രദേശത്തും കുടിവെള്ള ക്ഷാമമുണ്ട്. പാറക്കെട്ടുകളും കുന്നുകളും നിറഞ്ഞ ഭൂപ്രദേശമാണ് കൊറ്റനാട് ഗ്രാമ പഞ്ചായത്ത്. നദി സാമിപ്യമില്ല. നല്ല നീരൊഴുക്കുള്ള തോടുകൾ വിരളമാണ്. ഇക്കാരണങ്ങളാൽ ഡിസംബർ മുതൽ ജൂൺ വരെ എല്ലാ വാർഡുകളിലും ജലക്ഷാമം അനുഭവപ്പെടുന്നു. 2 മുതൽ 4 വരെ കിലോമീറ്റർ വെള്ളത്തിനുവേണ്ടി യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. ഏകദേശം 10% വീടുകൾക്കു മാത്രമെ വർഷം മുഴുവനും വെള്ളം ലഭിക്കുന്നുള്ളു. രൂക്ഷമായ വെള്ളക്ഷാമ പ്രദേശങ്ങൾ പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്നു.

### പട്ടിക ഒന്ന് (1)

**രൂക്ഷമായ വെള്ളക്ഷാമ പ്രദേശങ്ങൾ**

| വാർഡ് | സ്ഥലങ്ങൾ |
|---|---|
| I. | ചാന്തോലി, വെള്ളയിൽ L.P.S. സമീപം, ഉറുമ്പിത്തടം, വെള്ളയിൽ കോളനി, നാടമലകുന്ന് |
| II. | വിലങ്ങുപാറ കോളനി, വരിക്കാനിക്കുഴി, തീയാടിക്കൽ, കുമ്പളന്താനം, പൈയളാനിൽ തടം |
| III. | വട്ടക്കുന്ന്, കുമ്പളന്താനം സ്കൂൾ, ചക്കാനിമല |
| IV. | കുമ്പളന്താനം, ഊഴിയങ്കാവ് വരെയുള്ള പ്രദേശം, കാവുങ്കൽ പടി, കാക്കമല, വൃന്ദാവനം |
| V. | കളമ്പാല, പുലിക്കുന്നിൽപ്പടി, ഉപ്പോലി, കുഴികാലാപ്പടി, മണ്ണിൽപ്പടി, പുതുക്കുടി മുക്ക്, ഉള്ളംമല, പുത്തൂർ മുക്ക്. |
| VI. | മടത്തുങ്കൽമല, കാക്കമല |
| VII. | പുള്ളോലി കോളനി, നെടുമ്പുര, മുണ്ടമല, കോപ്പൊയ്ക്, പുന്നയ്ക്കാട്ടുപടി, ചക്കുളംഭാഗം, മച്ചിക്കല്ലിൽ. |
| VIII. | കരിയംപ്ലാവ്, അഴകത്താനി, ചിരട്ടോലി കൂനംമാങ്കൽ, പന്നയ്ക്കുപതാൽ കോളനി, ഉന്നത്തോലി, വലിയകാവ്, പള്ളിതെക്കേൽപടി. |

കുടിവെള്ളത്തിന് ആശ്രയിക്കുന്ന അടുത്ത സ്രോതസ്സ് പൊതുക്കിണറുകളാണ്. വേനൽക്കാലത്ത് ഈ കിണറുകളിൽ വെള്ളം ലഭ്യമല്ല. ഇവ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല. കാലാകാലങ്ങളിൽ ചെയ്യേണ്ട ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ആരോഗ്യ വകുപ്പിൽ നിന്നും ചെയ്യേണ്ട ശുചീകരണപ്രവർത്തനങ്ങളും ഇല്ല. പൊതുക്കിണറുകളുടെ ഒരു ലിസ്റ്റ് പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പൊതു കുഴൽക്കിണറുകൾ ഈ പഞ്ചായത്തിൽ പൊതുവേ കുറവാണ്. ആവശ്യമായതിന്റെ പത്തുശതമാനം മാത്രമെ നിലവിലുള്ളു. ഇപ്പോൾ നിലവിലുള്ള പൊതു കുഴൽക്കിണറുകളുടെ ലിസ്റ്റു പട്ടിക 3-ൽ കാണിച്ചിരിക്കുന്നു.

## പട്ടിക-2

പൊതുക്കിണറുകൾ

| വാർഡ് | സ്ഥലങ്ങൾ |
|---|---|
| I. | വെള്ളയിൽ ചന്ത, ചാലാപ്പള്ളി, ചന്തോലിൽ, മേലേത്തടം, വെള്ളയിൽ L.P.S, ചെമ്പകശ്ശേരി |
| II. | താന്നിക്കൽപ്പടി |
| III. | മുണ്ടൻകാവ്, കുമ്പളന്താനം, ചേറ്റുതടം ചക്കാനി, മഠത്തുംചാൽ, അരയുഴം, കേളപ്ലാക്കൽ |
| IV. | വൃന്ദാവനം, എള്ളുംകാലാപ്പടി |
| V. | പുതുക്കുടി മുക്ക്, നടയ്ക്കൽ കോളനി, ഇപ്പോലിയ്ക്കൽ |
| VI. | പെരുംമ്പെട്ടി 2 എണ്ണം, കാക്കമല |
| VII. | പുള്ളോലി കോളനി |
| VIII. | ചുട്ടുമണ്ണ്, കരിയംപ്ലാവ്, തേക്കുംപ്ലാക്കൽ, അഴകത്താനി |

## പട്ടിക -3

നിലവിലുള്ള പൊതു കുഴൽക്കിണറുകൾ

| വാർഡ് | സ്ഥലങ്ങൾ |
|---|---|
| I. | ചക്കാനിൽ 2 എണ്ണം, ചന്തോലി |
| II. | തീയാടിക്കൽ, കുരിശുമുട്ടം |
| III. | കുമ്പളന്താനം, SNDP ജംഗ്ഷൻ, മഠത്തുംചാൽ |
| IV. | മാങ്കൽപ്പടി, കളംമ്പാല LPS |
| V. | പെരുംമ്പെട്ടി പള്ളിപ്പടി |
| VI. | ഇല്ല |
| VII. | ഇല്ല |
| VIII. | തൂങ്ങുപാല, പന്നയ്ക്കപ്പതാൽ |

ചാന്തോലി പട്ടിജാതി കോളനിയിൽ ഉപയോഗശൂന്യമായ ഒരു കുഴൽ കിണറുണ്ട്. പത്തനംതിട്ട ഗ്രൗണ്ട്വാട്ടർ അതോറിറ്റി കൊറ്റനാട് ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളെ അവഗണിച്ചിരിക്കുകയാണ്. ഉദാഹരണമായി 5-ാം വാർഡിലുള്ള ഉപ്പോലി പട്ടികജാതി കോളനിയിലും പുത്തൂർമുക്ക്-നടയ്ക്കൽ ലക്ഷം വീടു കോളനി റോഡിലും ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ 1996 മാർച്ചിൽ സ്ഥലം പരിശോധിച്ച് സ്ഥാനനിർണ്ണയം ചെയ്ത് കുറ്റിവച്ചു. ഉപ്പോലി പട്ടികജാതി കോളനിയ്ക്കു മുഴുവനായും മറ്റു സമീപ വീടുകൾക്കും പ്രയോജനപ്രദമായി തീരാവുന്ന കുഴൽക്കിണർ ജില്ലാ കളക്ടർ "രാജീവ് ഗാന്ധി നാഷണൽ ഡ്രിംകിംഗ് മെഷീൻ സ്കീമിൽ" ഉൾപ്പെടുത്തി അനുവാദം കൊടുത്തിട്ടും ഗ്രൗണ്ട് വാട്ടർ അതോറിറ്റി നാളിതുവരെ നടപ്പാക്കിയിട്ടില്ല.

ഒന്നാം വാർഡിൽ കുന്നം അമ്പലത്തിനു സമീപം ഒരു പൊതു കുളം ഉണ്ട്. കുളിയ്ക്കാനും നനയ്ക്കാനും പൊതുജനങ്ങൾ ഇതുപയോഗിക്കുന്നു.

6-ാം വാർഡിൽ പൂവത്തറയിൽ കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു മിനി വാട്ടർ സപ്ലൈ സ്കീം ഉണ്ട്. ധാരാളം വെള്ളം ഉള്ളതും വറ്റാത്തതുമായ പൂവത്തറയിൽ ബോർവെൽ നിർമ്മിച്ച് മോട്ടോറും പമ്പും സ്ഥാപിച്ച് വെള്ളം പൈപ്പുവഴി അടുത്തുള്ള സ്ഥലങ്ങളിലും ഏതാനും വീടുകളിലും എത്തിയ്ക്കുന്നു. വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടില്ല. ഒന്ന്, അഞ്ച്, ആറ്, ഏഴ്, എട്ട് എന്നീ വാർഡുകളിൽ നേരിട്ടടിച്ച് വിടുന്നു. ഇങ്ങനെ അടിച്ചുവിടുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല. റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകളിൽ ഒഴുക്കിനു ശക്തിയല്ലാത്തതു കൊണ്ട് വെള്ളം എത്തുന്നില്ല. വെറും നോക്കുകുത്തികളായി ചില റോഡുകളിൽ ഇതു സ്ഥിതി ചെയ്യുന്നു. ടാങ്ക് ഇല്ലാത്തതുകൊണ്ട് പൈപ്പുവെള്ളം അണുവിമുക്തമാക്കാനുള്ള സജ്ജീകരണം ഒന്നുമില്ല. പല രോഗങ്ങൾക്കും പകർച്ച വ്യാധിക്കും അതു കാരണമാകാം. വാട്ടർ ടാങ്ക് ഉണ്ടെങ്കിൽ 1,3,4,5,6,7,8 എന്നീ വാർഡുകളിലെ മുപ്പതു ശതമാനം വീടുകൾക്കും വാട്ടർ കണക്ഷൻ നൽകാം. തിരുവല്ലായിലുള്ള വാട്ടർ അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളാണിവ.

ഇൻഡ്യാ ഗവൺമെന്റിൽ നിന്നും ലോക ബാങ്കിന്റെ സഹായത്തോടുകൂടി ഒരു കോടി പന്ത്രണ്ട ുലക്ഷം രൂപയുടെ ഒരു മേജർ വാട്ടർ സപ്ലൈ സ്കീം ഈ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 1995-96-ൽ കളമ്പാല കൈമണ്ണിപ്പടിയിൽ ഇതിന്റെ മെയിൻ ടാങ്ക് പണി ആരംഭിച്ചെങ്കിലും പെട്ടെന്നു നിർത്തിവച്ചു. കാരണം പൊതുജനങ്ങൾക്കോ പഞ്ചായത്തു സമതിക്കോ അറിവായിട്ടില്ല.

## പട്ടിക-4

### കുഴൽ കിണർ നിർമ്മിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | സ്ഥലങ്ങൾ |
|---|---|
| I. | നാടമലകുന്ന്, വെള്ളയിൽ കോളനി. ഉറുമ്പിത്തടം, വെള്ളയിൽ മിനിസ്റ്റേഡിയം |
| II. | മാർത്തോമ്മ പള്ളിക്കു സമീപം റോഡുസൈഡിൽ, വലിയ കാവുങ്കൽ ഭാഗം, വരിക്കാനിക്കുഴി, കുരിശുമുട്ടം, പൈയ്ളിനിൻ തടം |
| III. | കുമ്പനാടുപടി, തേറകക്കുഴി, വട്ടക്കുന്ന്, കുമ്പളന്താനം സ്ക്കൂൾപ്പടി, ചക്കാനിമല |
| IV. | ഊഴിയങ്കാവ്, കാവുങ്കൽപ്പടി, കണ്ടത്തുംവാലേൽ, പൊങ്ങനാലിൽപ്പടി, മടത്തകം കാവുംപടിമിച്ചഭൂമികോളനി, മേപ്രത്തുപടി |
| V. | പുലിക്കുന്നിൽപടി, ഉപ്പോലികോളനി, കുഴികാലാപ്പടി, പുത്തൂർമുക്ക്, പാറയിൽപടി, മണ്ണിപ്പടി, പുതുക്കുടിമുക്ക്. |
| VI | ആടിയാനിൽ, വെട്ടുവേലിപ്പടി, മടത്തുങ്കൽമല, കാക്കമല |
| VII. | നെടുമ്പുര, കോപ്പൊയ്ക, പുള്ളോലിത്തടം, കായങ്കളംപടി, തയ്യിശ്ശേരിപ്പടി, കോളാകോട്ടുപടി, പുന്നയ്ക്കാട്ടുപടി |
| VIII. | അഴകത്താനി കൊരട്ടിപ്പടി, കൊണ്ടൂർപടി, തടത്തിൽപ്പടി, ചിരട്ടോലിൽപടി, തോലിടുംപാറപ്പടി |

# പരിഹാരമാർഗ്ഗങ്ങൾ

1. ആറാം വാർഡിലുള്ള മിനി വാട്ടർ സപ്ലൈ സ്കീമിന് ഉള്ളംമലയിലോ അതിനടുത്ത ഉയർന്ന സ്ഥലത്തോ വാട്ടർ ടാങ്ക് നിർമ്മിക്കണം. കൂടുതൽ കുതിരശക്തിയുള്ള മോട്ടോറും പമ്പും സ്ഥാപിക്കണം. പുതിയ പൈപ്പുലൈനുകൾ വിവിധ വാർഡുകളിലേക്ക് നീട്ടണം. വീടുകളിലേക്കും വാട്ടർ കണക്ഷൻ നൽകണം.

2. ഇൻഡ്യാ ഗവൺമെൻറ് ലോക ബാങ്കിന്റെ സഹായത്തോട് അനുവദിച്ചതും പണികൾ നിർത്തിവച്ചതുമായ കൊറ്റനാട് വാട്ടർ സപ്ലൈ സ്കീം യുദ്ധാകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക.

3. പട്ടിക നാലിൽ കാണിച്ചിട്ടുള്ള കുഴൽ കിണറുകൾ നിർമ്മിക്കുക.

4. പൊതുക്കിണറുകളുടെ ആഴം കൂട്ടണം.

5. സ്വകാര്യ വ്യക്തികളുടെ വെള്ളം വറ്റാത്ത കിണറുകൾ അവരുടെ സമ്മതം വാങ്ങി പൊതുക്കിണറുകളാക്കി മോട്ടോറും പമ്പും സ്ഥാപിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പിട്ട് പൊതുടാപ്പുകൾവഴി വെള്ളം വിതരണം ചെയ്യുക.

6. മുക്കുഴിക്കലുള്ള കുഴൽക്കിണറിൽ മോട്ടോർ സ്ഥാപിച്ച് മിച്ച ഭൂമി ഹരിജൻ കോളനിയിലേക്ക് പൈപ്പിട്ട് ശുദ്ധജലം എത്തിക്കുക.

7. തീയാടിക്കലുള്ള കുഴൽക്കിണർ മൈക്രോവാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി കുഴൽക്കിണർ കുഴിച്ച് വിലങ്ങുപാറ കോളനി എന്നിവിടങ്ങളിലേക്ക് പൈപ്പിട്ട് ശുദ്ധജലം എത്തിക്കണം.

9. പൊതുക്കിണറുകളുടെ ആഴംകൂട്ടി ശുചീകരണ പ്രവർത്തനം നടത്തണം.

10. മൂന്നാം വാർഡിൽ വട്ടക്കുന്നിൻെറ അടിവാരത്തിൽ ധാരാളം വെള്ളം ലഭ്യതയുള്ള കുളം പുനരുദ്ധരിച്ച് അവിടെ നിന്നും വെള്ളം പമ്പു ചെയ്ത് ശേഖരിക്കു ന്നതിനും വിതരണം ചെയ്യുന്നതിനും വട്ടക്കുന്നിൽ ഹൈലവൽ വാട്ടർ ടാങ്ക് നിർമ്മിക്കുക.

## പൊതുജനാരോഗ്യം

കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ മടത്തുംചാലിൽ സ്ഥിതി ചെയ്യുന്ന ഒരു മിനി പി.എച്ച് സെന്ററും അതിൻെറ കീഴിലുള്ള പെരുംമ്പെട്ടി, കൊറ്റനാട്, വെള്ളയിൽ എന്നീ മൂന്ന് സബ്സെന്ററുകളും വെള്ളയിലുള്ള ഒരു ജില്ലാ ഹോമിയോ ആശുപത്രിയും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. ഇപ്പോഴത്തെ മിനി പി.എച്ച്. സെന്റർ ഒരു റൂറൽ ഡിസ്പെൻസറി(GRD) യായിട്ട് 1972 സെപ്റ്റംബറിൽ ആരംഭിച്ചു. ഒരു കാലത്ത് കൊറ്റനാട് പഞ്ചായത്ത് ആഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് ഈ ഡിസ്പെൻസറി ആരംഭിച്ചത്. പൂർവകാലത്ത് ഈ കെട്ടിടം സർക്കാർ വക മുസാവരി(Campshed) ആയിരുന്നു. കൊറ്റനാട് പഞ്ചായത്ത് രൂപീകൃതമായപ്പോൾ അതിൻെറ ഓഫീസിനും മറ്റുമായി ഈ കെട്ടിടവും അതിനോട് ചേർന്നുള്ള ഒരേക്കർ പതിന്നാലു സെൻറ് സ്ഥലവും സർക്കാരിൽ നിന്നും പഞ്ചായത്ത് വിലയ്ക്കുവാങ്ങി. പഞ്ചായത്ത് ആഫീസിനുവേണ്ടി വൃന്ദാവനത്തിൽ പുതിയ കെട്ടിടം നിർമ്മിച്ച് ഓഫീസ് അവിടേക്കും മാറ്റി. അങ്ങനെ ഒഴിഞ്ഞുകിടന്ന പഴയ കെട്ടിടവും ഒരേക്കർ സ്ഥലവും ഡിസ്പെൻസറിക്കുവേണ്ടി സർക്കാരിനു വിട്ടുകൊടുത്തു. പഞ്ചായത്തു തന്നെ വേറൊരു പുതിയ കെട്ടിടം നിർമ്മിച്ചു കൊടുത്തു. 1988ൽ ഈ ഡിസ്പെൻസറിയെ ഒരു മിനി പി.എച്ച്. സെന്ററായി ഉയർത്തി പഞ്ചായത്തിൻെറ ശ്രമഫലമായി ഇരുപതു കിടക്കുകളുള്ള ഇൻപേഷ്യന്റ് വിഭാഗവും അനുവദിച്ചു കിട്ടി. പഴയ കെട്ടിടം ഇതിനായി ഉപയോഗിക്കുന്നു. ഗവൺമെന്റ് അംഗീകൃത മാതൃകയിലുള്ള കെട്ടിടമല്ലയിത്. സൗകര്യങ്ങൾ ഉണ്ടായിട്ടും രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല. ഈ P.H.Cയുടെ കീഴിലായി പെരുംമ്പെട്ടി, കൊറ്റനാട്, വെള്ളയിൽ എന്നീ മൂന്ന് സബ്സെന്ററുകൾ ഉണ്ട്. പെരുംമ്പെട്ടി, കൊറ്റനാട് എന്നിവ സർക്കാർ വക കെട്ടിടങ്ങളിലും വെള്ളയിലേത് വാടകക്കെട്ടിടത്തിലും പ്രവർത്തിക്കുന്നു. P.H.C യിലും സബ്സെന്ററുകളിലുമായി ഒരു മെഡിക്കലാഫീസർ ഉൾപ്പെടെ 18 ജീവനക്കാരുടെ തസ്തികകൾ ഉണ്ട്. ഇതിൽ നാലു തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ junior ഹെൽത്ത് ഇൻസ്പെക്ടർ ഗ്രയിഡു I&II ഉർപ്പെടുന്നു. അതുകൊണ്ട് ഫീൽഡ് ആരോഗ്യ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

പത്തനംതിട്ട ജില്ലക്ക് അനുവദിച്ച ജില്ലാ ഹോമിയോ ആശുപത്രി 1990ൽ അന്നത്തെ MLA

ആയിരുന്ന ശ്രീ. സി.എ. മാത്യുവിൻെറ ശ്രമഫലമായി ഈ പഞ്ചായത്തിൽ സ്ഥാപിക്കുവാൻ സാധിച്ചു. വാടകകെട്ടിടത്തിൽ ആരംഭിച്ച ആശുപത്രി ഇന്നും വെള്ളയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 25 കിടക്കകളുള്ള ഇൻപേഷ്യന്റു വിഭാഗവും അനുവദിച്ചിട്ടുണ്ട്. ഒരു മെഡിക്കലോഫീസർ ഉൾപ്പെട ഒൻപതു ജീവനക്കാരുണ്ട്.

സ്വകാര്യമേഖലയിൽ ഈ പഞ്ചായത്തിൽ ആരോഗ്യസ്ഥാപനങ്ങൾ താരതമ്യേന കുറവാണ്. ആറാം വാർഡിൽ പെരുംമ്പെട്ടിയിലുള്ള സെന്റ്തോമസ് ആശുപത്രി സ്വകാര്യമേഖലയിലുള്ള ഏക അലോപ്പതി ആശുപത്രിയാണ്. പരീക്ഷാ യോഗ്യതയുള്ള ഒരു ഡോക്ടറും രണ്ടു നേഴ്സുമാരും ജോലിക്കാരായുണ്ട്. ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം മന്ദീഭവിച്ച നിലയിലാണ്. അല്പം സൗകര്യം വർദ്ധിപ്പിച്ചാൽ ചികിത്സാ സൗകര്യമില്ലാത്ത 6,7,8 വാർഡിലെ ജനങ്ങൾക്കു ഉപകാരപ്രദമായിരിക്കും. രണ്ടാം വാർഡിൽ തീയാടിക്കൽ ഒരു അലോപ്പതി ക്ലിനിക് ഉണ്ട്. ഇവിടെ ഒരു രജിസ്ട്രേർഡ് മെഡിക്കൽ പ്രാക്ടീഷണർ ഉണ്ട്. മൂന്നാം വാർഡിൽ വൃന്ദാവനത്തിൽ അശ്വനി ആയുർ വേദിക് ക്ലിനിക് പ്രവർത്തിക്കുന്നു. ഇവിടെ പരീക്ഷാ യോഗ്യതയുള്ള ഒരു ഡോക്ടർ ഉൾപ്പെടെ മൂന്നു ജീവനക്കാർ ഉണ്ട്. രണ്ടാം വാർഡിൽ രണ്ടും അഞ്ചാം വാർഡിൽ ഒന്നും ആറാം വാർഡിൽ ഒന്നും ആയുർവ്വേദ ഔഷധശാലകളും മൂന്നാം വാർഡിൽ ഒന്നും ഏഴാം വാർഡിൽ ഒന്നും അലോപ്പതി ഔഷധ വില്പനശാലകളും ഉണ്ട്.

കങ്ങഴ MGDM അലോപ്പതി ആശുപത്രിയുടെ ഒരു യൂണിറ്റ് 1973ൽ ഒന്നാം വാർഡിലെ വെള്ളയിൽ സ്ഥാപിച്ചു. ഇവിടെ ആശുപത്രിക്കു കെട്ടിടം പണിയുന്നതിന് നെല്ലിക്കാംപുറത്ത് ശ്രീ നാരായണപണിക്കർ നാല്പതുസെന്റ് സ്ഥലം നാമമാത്രമായ വിലയ്ക്ക് MGDM ട്രസ്റ്റിനു നൽകി. അവിടെ അവർ കെട്ടിടം നിർമ്മിച്ചു ആശുപത്രി പ്രവർത്തനം തുടങ്ങി. എന്നാൽ കഴിഞ്ഞ 5 വർഷമായി ഇതു പ്രവർത്തിക്കുന്നില്ല. ഇപ്പോൾ ഈ കെട്ടിടത്തിൽ ബ്ലോക്കിൻെറ വകയായി ഒരു ഫീഡിംഗ് സെന്ററും തയ്യൽ പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു. പരമ്പരാഗത നാട്ടുചികിത്സാ കേന്ദ്രങ്ങൾ ഇല്ല. ഒന്നാം വാർഡിൽ ശ്രീ. കെ.ജി. നാരായണപിള്ള വൈദ്യനും അഞ്ചാം വാർഡിൽ തേവരുപാറയ്ക്കൽ ശ്രീ വിജയകുമാരക്കുറുപ്പും പാരമ്പര്യമായി വിഷ ചികിത്സ സൗജന്യമായി നടത്തുന്നുണ്ട്. പ്രത്യേക കേന്ദ്രം ഇല്ല. എങ്ങും നിന്നും ഗ്രാന്റു കിട്ടുന്നില്ല.

ഈ പഞ്ചായത്തിൽ ഒരു വയസ്സിനു താഴെ 300 കുട്ടികളും ഒരു വയസു മുതൽ5 വരെ 620 കുട്ടികളും ഉണ്ട്.

പഞ്ചായത്തിലെ പൊതുമരണ നിരക്ക് 5 ശതമാനം ആണ്. സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. ശിശു മരണ നിരക്ക് മാതൃമരണം (Materna l Death) നിരക്കും ഒരു ശതമാനത്തിൽ കുറവാണ്. ജനനനിരക്ക് 12ശതമാനമാണ്.

സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ വയറിളക്കം മഞ്ഞപ്പിത്തം, അനീമിയ, ചൊറി ഇവയാണ്. പഞ്ചായത്തിൽ 15 ക്ഷയരോഗികളും 9 മലമ്പനി രോഗികളും ചികിത്സയിലുണ്ട്. 20ശതമാനം പേർക്ക് തിമിരം ബാധിച്ചവരായിട്ടുണ്ട്.

കുട്ടികളുടെ പോഷണ നിലവാരം താരതമ്യേന തൃപ്തികരമാണ്. ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന രണ്ടു സന്നദ്ധ സംഘടനകൾ ഉണ്ട്.

## പ്രശ്നങ്ങൾ

1. P.H. സെന്ററിലെ കിടത്തി ചികിത്സിക്കുന്ന കെട്ടിടം വളരെ വർഷം പഴക്കംചെന്നതാണ്. നിർമ്മാണ സുരക്ഷിതത്വം(Structured Soundness) ഇല്ല. ഗവൺമെന്റ് മാതൃക അനുസരിച്ചുള്ളതല്ല.
2. P.H.C യ്ക്ക് പ്രസവ(മെറ്റേർണിറ്റി) വാർഡില്ല.
3. ഡോക്ടർമാർക്കും മറ്റുള്ള ജീവനക്കാർക്കും ക്വാർട്ടേഴ്സ് ഇല്ല.
4. രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
5. ഫീൽഡു സ്റ്റാഫിൻെറ സേവനം ലഭിക്കുന്നില്ല.
6. ഹെൽത്തു സെന്ററിലെ പല തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു.
7. P.H. സെന്ററിന് ചുറ്റും മതിലും ഗെയിറ്റും ഇല്ല.
8. ടെലിഫോൺ കണക്ഷനില്ല.
9. വെള്ളയിലെ സബ്സെന്ററിന് സർക്കാർ കെട്ടിടമില്ല.
10. ഹോമിയോ ആശുപത്രി സ്വന്തസ്ഥലം ഉണ്ട്. കെട്ടിടം ഇല്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. മിനി പി. എച്ച്. സെന്ററിന് ഇൻപേഷ്യന്റ് വിഭാഗത്തിനും പ്രസവ വാർഡിനുമായി മൂന്നു നിലയിലുള്ള കെട്ടിടം പണിയണം.

2. പി. എച്ച്. സെന്റർ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് പണിയണം.

3. ഒരു ലേഡി മെഡിക്കലാഫീസറെ കൂടെ നിയമിക്കണം.

4. ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തണം.

5. P.H. സെന്ററിനു ചുറ്റുമതിൽ പണിതു ഗെയിറ്റിടണം.

6. P.H. Centre ന് ഫോൺ കണക്ഷൻ നൽകണം.

7. വെള്ളയിലുള്ള സബ്സെന്ററിന് കുറഞ്ഞത് അഞ്ചു സെന്റു സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിച്ച് ആരോഗ്യവകുപ്പിനു നൽകുക.

8. ജില്ലാ ഹോമിയോ ആശുപത്രിക്ക് വെള്ളയിലുള്ള സ്വന്തം സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക.

9. സ്വകാര്യ മേഖലയിലുള്ള ശുശ്രൂഷ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് ഇടപെടുക

10. ഈ പഞ്ചായത്തിന് ഒരു സർക്കാർ ആയുർവേദ ആശുപത്രി/ഡിസ്പെൻസറി അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.

# പരിസര ശുചിത്വം

ആരോഗ്യ പരിപാലനത്തിൽ ശുചിത്വത്തിനു വളരെയേറെ പ്രാധാന്യം ഉണ്ട്. ശുചിത്വം ഉള്ളിടത്ത് ആരോഗ്യം ഉണ്ട്. പലവിധമായ പകർച്ച വ്യാധികൾക്കും രോഗങ്ങൾക്കും പ്രധാന കാരണം ശുചിത്വമില്ലാത്ത പരിസരവും മലിനജലവുമാണ്.

പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. ഈ പഞ്ചായത്തിൽ പതിനൊന്ന് കോളനികൾ ഉണ്ട്. അവിടെ 300 വീടുകൾ ഉണ്ട്. ഇതിൽ 75% കക്കൂസുകൾ ഇല്ല. കക്കൂസില്ലാതെ സാധാരണ വീടുകൾ 400എണ്ണമുണ്ട്. അവരുടെ സാമ്പത്തിക പരാധീനതയാണു കാരണം. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലെ ചപ്പുചവറുകളും അവശിഷ്ടങ്ങളും പകർച്ച വ്യാധിക്കു കാരണമാകുന്നുണ്ട്. പഞ്ചായത്തിൽ മൂന്നു സ്വകാര്യ ആഴ്ച ചന്തകൾ ഉണ്ട്. ഈ ചന്തകളിൽ കന്നുകാലികളുടെ മാംസവില്പനയുണ്ട്. ഉരുക്കളെ കശാപ്പു ചെയ്യുന്നത് ജനങ്ങൾ വസിക്കുന്ന കേന്ദ്രത്തിനടുത്തു തന്നെയാണ്. ഇവിടെ നിന്നും നായ്ക്കൾ അവശിഷ്ടങ്ങൾ കടിച്ചെടുത്തു. പലയിടത്തും കൊണ്ട് ഇടുന്നു. ഇതൊക്കെ ദുഷിച്ച വായു ഉണ്ടാക്കുന്നു. ഈ പഞ്ചായത്തിൽ വ്യവസായ ശാലകൾ ഒന്നും ഇല്ലാത്തതുകൊണ്ട് അതുമൂലമുള്ള അന്തരീക്ഷ മലിനീകരണമോ ജലമലിനീകരണമോ ഇല്ല.

# നിർദ്ദേശങ്ങൾ

ശുചിത്വ പാലനത്തിന് താഴെ പറയുന്ന കാര്യങ്ങൾക്ക് ശ്രദ്ധകൊടുക്കണം.

1. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടുകൂടി ജനങ്ങളെ ആരോഗ്യ പരിപാലന ബോധവൽക്കരണം നടത്തുക. അതിനു സെമിനാറുകൾ, സിനിമാ പ്രദർശനം മുതലായവ നടത്തണം.

2. കിണറുകളും, കുളങ്ങളും മറ്റു ജലാശയങ്ങളും ക്ലോറനൈറ്റു ചെയ്യുക.

3. പൊതു സ്ഥലങ്ങളിലെ ചപ്പുചവറുകളും മാലിന്യങ്ങളും സംഭരിച്ചു അവ നിക്ഷേപിക്കാൻ പ്രധാന കേന്ദ്രങ്ങളിൽ ചവറ്റുവീപ്പകൾ (Dust bins) സ്ഥാപിക്കുക.

4. പ്രധാന കേന്ദ്രങ്ങളിലെ ചപ്പുചവറുകൾ തൂത്ത് വൃത്തിയാക്കുന്നതിനും വീപ്പകളിൽ നിന്നും അവ മാറ്റി ശുചിയാക്കുന്നതിനും ജോലിക്കാരെ നിയമിക്കുക.

5. എല്ലാ വീടുകളിലും കമ്പോസ്റ്റു കുഴികൾ നിർമ്മിക്കുന്നതിനു ജനങ്ങളെ ബോധവാൻമാരാക്കുക.

6. പൊതു അറവുശാല നിർമ്മിക്കുക. മൃഗഡോക്ടർ പരിശോധിച്ച് സർട്ടിഫിക്കറ്റു നൽകുന്ന മൃഗങ്ങളെ മാത്രം ഇറച്ചിക്ക് ഉപയോഗിക്കുക.



# 5-6

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ സമൃദ്ധമായ ഒരു റോഡു ശൃംഖല ഉണ്ടെങ്കിലും ഗതാഗതയോഗ്യമായ റോഡുകൾ തുലോം പരിമിതമാണ്. പഞ്ചായത്തു റോഡുകൾ കുഴിയും കുണ്ടുകളുമായി കിടക്കുന്നതു കൊണ്ട് റോഡുകളിൽക്കൂടിയുള്ള ഗതാഗതം വളരെ ദുഷ്കരമാണ്. കാൽനടയാത്രപോലും സുഖകരമല്ല. റോഡുകളുടെ ശോചനീയമായ സ്ഥിതി കാരണം വ്യവസായങ്ങൾ മറ്റു വ്യാപാരസ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സർവ്വീസുകൾ എല്ലാം പരിപോഷിപ്പിക്കപ്പെടാതെയിരിക്കുന്നു. ഗതാഗതത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് ഏറ്റവും പിന്നോക്കാവസ്ഥയിലാണ്.

പഞ്ചായത്തിലുള്ള പഞ്ചായത്തു റോഡുകളുടെ മോത്തം നീളം 69.538 കിലോമീറ്ററും. P.W.D റോഡുകളുടെ നീളം 20 കിലോമീറ്ററുമാണ്. പഞ്ചായത്തിൽ റെയിൽവേ പാതകളില്ല. ഏറ്റവും സമീപമുള്ള റെയിവേ സ്റ്റേഷൻ 25 കിലോമീറ്റർ ദൂരെയുള്ള തിരുവല്ലയാണ്. നദികളുടെ സാമിപ്യം ഇല്ലാത്തതിനാൽ ജലമാർഗ്ഗത്തിലൂടെയുള്ള ഗതാഗത സൗകര്യവും ഇല്ല. പഞ്ചായത്തിലെ 10 കിലോമീറ്റർ റോഡുകൾ മാത്രമെ ടാർ ചെയ്തിട്ടുള്ളു.

നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ പേരുവിരങ്ങൾ പട്ടിക 1-ൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിലെ **P.W.D** റോഡുകൾ താഴെ പറയുന്നവയാണ്; ഇവ ടാർ റോഡുകളാണ്.

| | | | | | |
|---|---|---|---|---|---|
| 1. | തീയാടിക്കൽ | - | ചാലാപ്പള്ളി | 7 | കി.മീ. |
| 2. | ചാലാപ്പള്ളി | - | മാരംകുളം | 4 | ” |
| 3. | ചുഴന | - | തീയാടിക്കൽ | 3 | ” |
| 4. | മഠത്തുംചാൽ | - | സ്നേഹപുരം | 4 | ” |
| 5. | കുമ്പളന്താനം | - | ചെമ്പൻമുഖം | 2.6 | ” |

പുനരുദ്ധാരണം ചെയ്യുന്നതിനായി അടിയിൽ പറയുന്ന റോഡുകൾ P.W.D യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ എടുത്തികൊണ്ടിരിക്കുകയാണ്. തത്വത്തിൽ സർക്കാർ ഇതിന് സമ്മതം തന്നിട്ടുള്ളതാണ്.

1. കണ്ടൻപേരൂർ-കര്യാംപ്ലാവ്-പെരുംമ്പെട്ടി-കുളത്തൂർമൂഴി.
2. പുതുക്കുടിമുക്ക്-പെരുംമ്പെട്ടി
3. ഇരുമ്പുകുഴി- വെള്ളയിൽ - ചാലാപ്പള്ളി.

**പഞ്ചായത്തിലെ ഓട്ടോ, ടാക്സികാർ സ്റ്റാൻഡുകൾ താഴെ പറയുന്നവയാണ്.**

1. തീയാടിക്കൽ
2. വൃന്ദാവനം
3. കണ്ടംപേരൂർ
4. പെരുംമ്പെട്ടി
5. ചാലാപ്പള്ളി

വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനു പ്രത്യേക സ്ഥലം ഇല്ല. ജംഗ്ഷനു സമീപം ഉള്ള പൊതുറോഡുകളുടെ വശങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

## പ്രശ്നങ്ങൾ

വർഷകാലങ്ങളിൽ എല്ലാ റോഡുകളും തകർന്ന് ഗതാഗതം ദുഷ്കരം ആകുന്നു. ഇതിനു പ്രധാന കാരണം ഓടകളുടെ അഭാവവും ആവശ്യമുള്ള ഭാഗങ്ങളിൽ കലുങ്കുകൾ ഇല്ലാത്തതുമാണ്. ചില ഭാഗങ്ങളിൽ പാർശ്വഭിത്തികൾ ഇല്ലാത്തതുമൂലം റോഡുകളുടെ വശങ്ങൾ ഇടിഞ്ഞ് വീതി കുറയുകയും അപകടം വർദ്ധിക്കുകയും ചെയ്യുന്നു. വേറൊരു കാരണം യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നില്ലാ എന്നതാണ്. കെട്ടിടം പണികൾക്കും മതിൽ പണികൾക്കും റോഡിന്റെ വശങ്ങളിൽ കല്ലും മണലും പണിസാമഗ്രികളും നിക്ഷേപിക്കുന്നതുകൊണ്ട് ഓടകൾ അടഞ്ഞ് റോഡിൽക്കൂടി വെള്ളം കുത്തിയൊഴുകി റോഡ് തോടാകുന്നു. കൂടാതെ റോഡ് സൈഡിൽ പുതുതായി വീടുകൾ നിർമ്മിക്കുമ്പോൾ റോഡിന്റെ ഓട നികത്തി വീടുകളിലേക്കുള്ള സ്വകാര്യവഴി നിർമ്മിക്കുക പതിവായിരിക്കുന്നു. ഇതുമൂലം ഓടയിൽക്കൂടി വരുന്ന വെള്ളവും പുരയിടത്തിൽനിന്നു വരുന്ന വെള്ളവും റോഡിൽക്കൂടി പ്രവഹിക്കുന്നു. കൂടാതെ റോഡുവശങ്ങളിലെ മരങ്ങളുടെ ശിഖരങ്ങൾ വളർന്ന് റോഡിലേക്ക് ചാഞ്ഞുനില്ക്കുന്നതുകൊണ്ട് റോഡപകടങ്ങൾ ഉണ്ടാകുന്നു.

പ്രധാന ബസ് സ്റ്റോപ്പുകളിൽ (ജംഗ്ഷനുകളിൽ) വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതിനാൽ യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നു. എല്ലാ പ്രധാന സ്റ്റോപ്പുകളിലും പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ പണിയിച്ചിട്ടുള്ളതുപോലെ പൊതുജന സഹകരണത്തോടുകൂടി പഞ്ചായത്ത് വെയിറ്റിംഗ് ഷെഡ് പണിയിപ്പിക്കേണ്ടതാണ്.

പുത്തൂർമുക്ക് - ചെമ്പൻമുഖം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുള്ളതാണെങ്കിലും ഈ റോഡിൽക്കൂടി ബസ് സർവ്വീസ് ഒന്നുംതന്നെയില്ലാത്തതുകൊണ്ട് യാത്രക്ലേശം അനുഭവിക്കുന്നു. അതുപോലെ പുതുക്കുടിമുക്ക് - പെരുംമ്പെട്ടി റോഡും ബസ് ഗതാഗതത്തിനു അനുയോജ്യമാണെങ്കിലും ഈ റോഡിൽക്കൂടിയും ബസ് സർവ്വീസ് ഇപ്പോളില്ല.

പുറമ്പോക്കു സ്ഥലത്തുകൂടെയുള്ള പൊതു നടപ്പാതകൾ എല്ലാ വാർഡുകളിലും നിരവധിയുണ്ട്. ഈ നടപ്പാതകളുടെ മെയിന്റനൻസ് നടത്തണമെന്ന് ഗ്രാമസഭയോഗങ്ങളിൽ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഏതാനും പുതിയ റോഡുകൾ നിർമ്മിക്കേണ്ടതാണെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ സ്ഥലവാസികളുടെ പരിശ്രമത്തിലും പൊതുജനങ്ങളുടെ സഹകരണത്തിലും ശ്രമദാനം മുഖേന പുതിയ റോഡുകൾ വെട്ടി പഞ്ചായത്തിന് കൈമാറുന്ന പതിവായിരിന്നു ഉണ്ടായിരുന്നത്.

ഇപ്പോഴുള്ള നടപ്പാതകൾക്ക് അതിന്റെ ഇരുവശങ്ങളിലുമുള്ള വസ്തു ഉടമകളുടെ സമ്മതത്തോട് കുറഞ്ഞത് 10 അടി വീതിയുണ്ടാക്കിയായിരിക്കണം റോഡുകൾ നിർമ്മിക്കേണ്ടത്. വസ്തു ഉടമകളുടെ സമ്മതവും, ഗുണഭോക്താക്കളുടെയും മറ്റു തദ്ദേശവാസികളുടെയും ശ്രമദാനവും സാമ്പത്തികസഹായവും പുതിയ റോഡുകൾ പണിയുന്നതിന് അനിവാര്യമാണ്. നിയമത്തിനുള്ളിൽ നിന്നും പഞ്ചായത്ത് സാദ്ധ്യമായ ഒത്താശകൾ നൽകേണ്ടതാണ്.

## ആവശ്യങ്ങൾ/നിർദ്ദേശങ്ങൾ

1. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ടാർ റോഡുകൾ റീടാർ ചെയ്യുക.
2. ഭാഗികമായി മാത്രം ടാർ ചെയ്തിട്ടിരിക്കുന്ന റോഡുകളുടെ ബാക്കി ഭാഗവും ഉടൻതന്നെ ടാർ ചെയ്യുക.
3. പട്ടിക 1-ൽ കാണിച്ചിരിക്കുന്നതിൽ V.T.C

റോഡുകൾ ടാർ ചെയ്യുക. (ഓരോ വാർഡിലും പ്രധാന റോഡുകൾ പട്ടികയിൽ വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണ് കാണിച്ചിരിക്കുന്നത്). ബാക്കി റോഡുകളുടെ അറ്റകുറ്റപ്പണികൾ വർഷംതോറും ചെയ്യേണ്ടതും ക്രമേണ ടാർ ചെയ്യേണ്ടതുമാണ്.

4. പട്ടികജാതി സങ്കേതങ്ങളിലേക്ക് പോകുന്ന റോഡുകൾക്ക് മുൻഗണന നൽകി ടാർ ചെയ്യുകയോ, കോൺക്രീറ്റ് ചെയ്യുകയോ, കല്ലുപാകുകയോ ചെയ്യേണ്ടതാണ്.

5. പട്ടിക 2-ൽ കാണിച്ചിരിക്കുന്ന റോഡുകളിൽ കലുങ്കുകൾ പണിയുക.

6. പുനരുദ്ധാരണം നടത്തുന്നതിനായ് V.T.C. യിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ റോഡുകളും P.W.D. ഏറ്റെടുക്കേണ്ടതാണ്.

7. എല്ലാ റോഡുകളിലും ആവശ്യമുള്ള ഭാഗങ്ങളിൽ ചപ്പാത്ത് നിർമ്മിക്കുകയും വശങ്ങൾ ഇടിഞ്ഞതും ഇടിയാൻ സാദ്ധ്യതമുള്ളതുമായ എല്ലാ ഭാഗങ്ങളിലും സംരക്ഷണഭിത്തികൾ കെട്ടുകയും ചെയ്യുക.

8. അടിയിൽ ചേർത്തിരിക്കുന്ന പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ പൊതുജന സഹകരണത്തോടുകൂടി നിർമ്മിക്കുക.

1. ചാലാപ്പള്ളി
2. വെള്ളയിൽ സ്കൂളിനു സമീപം
3. കുരിശുമുട്ടം
4. കുരിശുമുട്ടം കോളനി
5. തീയാടിക്കൽ
6. കൂമ്പളന്താനം
7. വൃന്ദാവനം
8. ചെമ്പൻമുഖം
9. പുത്തൂർമുക്ക്
10. പുതുക്കുടിമുക്ക്
11. അത്യാൽ പാലത്തിനു സമീപം

9. പുത്തൂർമുക്ക് - ചെമ്പൻമുഖം റോഡിലൂടെയും പുതുക്കുടിമുക്ക് - പെരുംമ്പെട്ടി റോഡിലൂടെയും പോകത്തക്കവിധത്തിലുള്ള ബസ് റൂട്ടുകൾ അനുവദിക്കുക.

10. റാന്നിയിൽ നിന്നും കണ്ടംപേരൂർ-വൃന്ദാവനം-തീയാടിക്കൽ - കോഴഞ്ചേരി - പന്തളം - തിരുവനന്തപുരം, പത്തനംതിട്ട - കോഴഞ്ചേരി - വൃന്ദാവനം - മല്ലപ്പള്ളി - ചങ്ങനാശ്ശേരി - ആലപ്പുഴ വഴി എറണാകുളം, പത്തനംതിട്ട - റാന്നി - കണ്ടംപേരൂർ - പെരുംമ്പെട്ടി - കുളത്തൂർമൂഴി - കോട്ടയം വഴി എറണാകുളം എന്നീ K.S.R.T.C. ബസ് റൂട്ടുകൾ അനുവദിക്കണം.

11. നടയ്ക്കൽ ലക്ഷംവീട് കോളനിപ്പടി - മഠത്തുംചാൽ റോഡിൽ കുറ്റിക്കണ്ടത്തിൽ പാടശേഖരത്തുള്ള തോടിനു കുറുകെ പണിതിരിക്കുന്ന കലുങ്കിന്റെ ഇരുവശത്തും ഉള്ള റോഡ് കലുങ്കിനോട് ഗതാഗതയോഗ്യമായ വിധത്തിൽ യോജിപ്പിക്കുകയും റോഡിന്റെ സംരക്ഷണഭിത്തികൾ കെട്ടിയ്ക്കുകയും ചെയ്യുക.

12. പഞ്ചായത്ത് റോഡിലോ, റോഡരികിലോ, ഓടയിലോ കല്ലും മണലും തടിയും മറ്റു സാധന സാമഗ്രികളും ഇറക്കി ശേഖരിക്കുന്നത് നിരോധിയ്ക്കുക.

13. P.W.D റോഡുകളിൽ നിന്നും പഞ്ചായത്തു റോഡുകളിൽനിന്നും വീടുകളിലേക്ക് നിർമ്മിച്ചിട്ടുള്ള റോഡുകളുടെ പ്രാരംഭഭാഗത്ത് ഓട കെട്ടി സ്ലാബ് ഇടാൻ ഉടമസ്ഥർക്ക് നിർദ്ദേശം നൽകുക.

14. വാഹനഗതതത്തിന് ഭീഷണിയായി റോഡിലേക്ക് വളർന്നുനില്ക്കുന്ന മരങ്ങളുടെ കൊമ്പുകൾ മുറിച്ചു നീക്കം ചെയ്യുക.

പട്ടിക - 1

# നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനേയും തുടർന്നുള്ള അക്കം വാർഡിലെ മുൻഗണനയും സൂചിപ്പിക്കുന്നു.

| Ward | കോഡ് | റോഡിന്റെ പേര് | മൊത്തം നീളം.മി. | വീതി.മി. | ടാർചെയ്ത ദൂരം | മൺഭാഗം മി. |
|---|---|---|---|---|---|---|
| I | 0101 | വെള്ളയിൽ - ചാലാപ്പള്ളി (V.T.C) | 2000 | 8 | 300 | 1700 |
| | 0102 | അമ്പലപ്പടി - നാടമലക്കുന്ന് - ചാലാപ്പള്ളി (V.T.C) | 2000 | 8 | - | 2000 |
| | 0103 | വെള്ളയിൽ - കുരിശുമുട്ടം (V.T.C) | 1200 | 5 | - | 1200 |
| | 0104 | വെള്ളയിൽ - മഠത്തുംചാൽ (V.T.C) | 2400 | 7 | - | 2400 |
| | 0105 | കണ്ണനാട് - അരിക്കുഴി | 1000 | 5 | - | 1000 |
| | 0106 | ഓലിക്കത്തറ - ചാലാപ്പള്ളി | 200 | 6 | - | 200 |
| II | 0201 | കുമ്പളന്താനം - വെള്ളയിൽ (V.T.C) | 2800 | 8 | 700 | 2100 |
| | 0202 | തിടത്തിൽപ്പടി - തീയാടിക്കൽ (V.T.C) | 1400 | 6 | - | 1400 |
| | 0203 | വെള്ളയിൽL.P.S - കുരിശുമുട്ടം (V.T.C) | 1400 | 6 | 300 | 1100 |
| | 0204 | കുമ്പളന്താനം - കടമാൻകുഴി | 1200 | 5 | - | 1200 |
| | 0205 | വെള്ളയിൽ - ചുഴന | 1000 | 5 | - | 1000 |
| | 0206 | കോലത്തുപടി - താന്നിയ്ക്കൽപടി | 800 | 7 | - | 800 |
| | 0207 | തടത്തിൽപടി - വിലങ്ങുപാറ - കുരിശുമുട്ടം | 850 | 4 | - | 850 |
| | 0208 | കുളത്തുങ്കൽപടി - പുരയിടത്തു മണ്ണിപ്പടി | 750 | 4 | - | 750 |
| | 0209 | വല്യകാവുങ്കൽ പടി - പാറപ്പുറത്ത് പടി | 600 | 4 | - | 600 |
| | 0210 | കുരിശുമുട്ടം കോളനി റോഡ് | 400 | 3 | - | 400 |
| III | 0301 | വൃന്ദാവനം - പുത്തൂർമുക്ക് (V.T.C) | 1100 | 8 | 1100 | - |
| | 0302 | വൃന്ദാവനം - തേറക്കുഴി - ചേറ്റുതടം | 1550 | 6 | - | 1550 |
| | 0303 | വൃന്ദാവനം - അരയുഴം | 800 | 5 | - | 800 |
| | 0304 | കുമ്പളന്താനംL.P.S - ചെമ്പകശ്ശേരിപ്പടി | 1000 | 5 | - | 1000 |

| Ward | കോഡ് | റോഡിന്റെ പേര് | മൊത്തം നീളം.മി. | വീതി.മി. | ടാർചെയ്ത ദൂരം | മൺഭാഗം മി. |
|---|---|---|---|---|---|---|
| | 0305 | മേമന - ചേറ്റുതടം | 1000 | 5 | - | 1000 |
| | 0306 | കുമ്പളന്താനം HS - അരയുഴം | 1000 | 4 | - | 1000 |
| | 0307 | സൊസൈറ്റിപ്പടി - വട്ടക്കുന്ന് | 600 | 4 | - | 600 |
| IV | 0401 | വൃന്ദാവനം - മുക്കുഴി (V.T.C) | 1200 | 8 | 1200 | - |
| | 0402 | വൃന്ദാവനം - കാക്കമല - കളംമ്പാല | 1500 | 6 | - | 1500 |
| | 0403 | മടത്തകം - കളമ്പാല | 800 | 5 | - | 800 |
| | 0404 | മുക്കുഴി - ചരലേൽ - മടത്തകം | 1450 | 4 | - | 1450 |
| | 0405 | ഊഴിയാകാവ്-കടമാൻകുഴി | 300 | 5 | 300 | - |
| | 0406 | മടത്തകം - പൂവൻമല | 300 | 6 | - | 300 |
| V | 0501 | പുതക്കുടി - ചെട്ടിയാർകവല (V.T.C) | 2000 | 8 | 1000 | 500 |
| | 0502 | മുഴുവഞ്ചേരി - പോത്രയിൽകുളം (V.T.C) | 500 | 8 | - | 1100 |
| | 0503 | പുത്തൂർമുക്ക് - ചെമ്പൻമുഖം(V.T.C) | 1800 | 8 | 1800 | - |
| | 0504 | മണ്ണിൽപ്പടി - ഉപ്പോലി (V.T.C) | 1100 | 6 | - | 600 |
| | 0505 | സ്നേഹപുരം - ഉപ്പോലി (V.T.C) | 500 | 6 | - | 600 |
| | 0506 | പുത്തൂർമുക്ക് - നടയ്ക്കൽ - ചക്കുങ്കൽപ്പടി | 1350 | 6 | - | 1350 |
| | 0507 | കണ്ടംപേരൂർ - ഉപ്പോലി (V.T.C) | 458 | 8 | - | 458 |
| | 0508 | ചൂരയ്ക്കാട്ടുപടി - ഉപ്പോലി | 1000 | 5 | - | 1000 |
| | 0509 | നടയ്ക്കൽകോളനി - മഠത്തുംചാൽ | 400 | 4 | - | 400 |
| | 0510 | തോപ്രത്ത്പടി - കടയ്ക്കേത്തിൽപടി | 400 | 4 | - | 400 |
| VI | 0601 | പെരുംമ്പെട്ടി - ചെട്ടിയാർ കവല (V.T.C) | 1000 | 8 | 300 | 700 |
| | 0602 | പെരുംമ്പെട്ടി - കുളത്തൂർ (V.T.C) | 1000 | 8 | - | 1000 |
| | 0603 | പെരുംമ്പെട്ടി - വായ്പൂർ (V.T.C) | 1050 | 8 | - | 1050 |
| | 0604 | പെരുംമ്പെട്ടി മാർക്കറ്റ് - കുളത്തൂർ(V.T.C) | 1100 | 6 | - | 1100 |
| | 0605 | പെരുംമ്പെട്ടി MTLPS - അമ്പലത്തിൽപ്പടി | 1000 | 5 | - | 1000 |
| | 0606 | കൊല്ലന്റ്പടി - മേത്താനം | 800 | 7 | 300 | 500 |

| Ward | കോഡ് | റോഡിന്റെ പേര് | മൊത്തം നീളം.മീ. | വീതി.മീ. | ടാർചെയ്ത ദൂരം | മൺഭാഗം മീ. |
|---|---|---|---|---|---|---|
| | 0607 | ആടിയാനി - കാക്കമല | 1500 | 6 | - | 1500 |
| | 0608 | അത്യാൽപടി - ലത്തീൻപള്ളി | 800 | 4 | - | 800 |
| | 0609 | അരയാലുങ്കൽ - കുംഭംകുളം | 215 | 4 | - | 215 |
| VII | 0701 | കണ്ടംപേരൂർ - കര്യംപ്ലാവ് (V.T.C) | 1200 | 8 | 400 | 800 |
| | 0702 | കണ്ടംപേരൂർ - പോത്രയിൽകുളം(V.T.C) | 3000 | 8 | - | 3000 |
| | 0703 | മന്ദിരംപടി - ഇലവുങ്കൽപടി | 800 | 4 | - | 800 |
| | 0704 | പുതുക്കുടി - കര്യംപ്ലാവ് (V.T.C) | 1200 | 6 | - | 1200 |
| | 0705 | പുതുക്കുടിമുക്ക് - നെടുംമ്പുരതടം | 845 | 4 | - | 845 |
| | 0706 | പൂശനാട്ട്പടി - ഈട്ടിനില്ക്കുന്നതിൽപടി | 1200 | 4 | - | 1200 |
| | 0707 | ചക്കാലയ്ക്കൽപടി - പ്ലാച്ചേരിൽ | 800 | 4 | - | 800 |
| VIII | 0801 | പെരുംമ്പട്ടി - കര്യംപ്ലാവ് (V.T.C) | 2300 | 8 | 2300 | - |
| | 0802 | കര്യംപ്ലാവ് - കുളക്കുറ്റി (V.T.C) | 600 | 6 | - | 600 |
| | 0803 | അമ്പലത്തിൻകാവ് - ചുട്ടുമൺ (V.T.C) | 1100 | 6 | - | 1100 |
| | 0804 | കാക്കോനാൽ - പന്നയ്ക്കപതാൽ | 1200 | 5 | - | 1200 |
| | 0805 | തുണ്ടുപാല - ഉന്നത്തോലി | 1000 | 7 | - | 720 |
| | 0806 | വായ്പൂർ മേപ്രത്തുപടി- ചിരട്ടോലി | 720 | 4 | - | 720 |
| | 0807 | അമ്പലത്തിൽപടി - തടത്തിൽപടി | 1000 | 6 | - | 1000 |
| | 0808 | പൂവത്തൂർപടി - വെട്ടിപ്പുറംപടി | 1000 | 6 | - | 1000 |
| | 0809 | ചുട്ടുമൺ - അഴകത്താനി | 4400 | 4 | - | 440 |
| | 0810 | തൂങ്ങുപാല - ഇടയാടിപ്പടി | 560 | 5 | - | 560 |
| | | **ആകെ** | **69538** | | **10000** | **59538** |

നോട്ട് : വി.റ്റി.സി. (V.T.C.) റോഡുകൾക്ക് മുൻഗണന നല്കി കൊണ്ട് എല്ലാ റോഡുകളും ടാർ ചെയ്യേണ്ടതാണ്.

## പട്ടിക2

### കലുങ്കൾ പണിയേണ്ട സ്ഥലങ്ങൾ

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | സ്ഥാനം |
|---|---|---|---|
| I | 1. | വെള്ളയിൽ-ചാലാപ്പള്ളി | ചാലാപ്പള്ളി |
| | 2. | കണ്ണനാട്-അരിക്കുഴി | അരിക്കുഴി |
| | 3. | കണ്ണനാട്-അരിക്കുഴി | ചാന്തോലി |
| | 4. | വെള്ളയിൽ-മാത്തുംചാൽ | ചക്കാനി |
| II. | 1. | ചുഴന-തീയാടിക്കൽ | കുരിശുമുട്ടം |
| | 2. | വെള്ളയിൽ L.P.S- കുരിശുമുട്ടം | പേഴുക്കാട്ട് (2എണ്ണം) |
| III | 1 | വൃന്ദാവനം-ചേറ്റുതടം | കേഴപ്ലാക്കൽപടി |
| | 2. | വൃന്ദാവനം-ചേറ്റുതടം | ചിറയ്ക്കൽ പടി |
| | 3. | കുമ്പളന്താനം L.P.S. ചെമ്പകശ്ശേരി | മേമനപ്പടി |
| | 4. | കുമ്പളന്താനം H.S. അരയുഴം | ആശാരിപ്പടി |
| IV. | 1. | കളംമ്പാല - തയ്യിൽപ്പടി(പുതിയത്) | തയ്യിൽപ്പടി |
| | 2. | വൃന്ദാവനം-കാക്കമല-കളംമ്പാല | ഇലവുങ്കൽതോട് |
| | 3. | വാഴുവേലിപ്പടി-കാക്കമല(പുതിയത്) | വാഴുവേലിപ്പടി (2എണ്ണം) |
| V. | 1. | പുതുക്കുടിമുക്ക്-ചെട്ടിയാർ കവല | പുള്ളോലി |
| | 2. | പുതുക്കുടിമുക്ക്-ചെട്ടിയാർ കവല | ചെട്ടിയാർ കവല |
| | 3. | ചൂരയ്ക്കാട്ടുപടി-ഉപ്പോലി | ചൂരയ്ക്കാട്ട്പടി |
| VI. | 1. | താളിയാനിക്കൽ പടി-കൊല്ലന്റ്പടി | താളിയാനിക്കൽപടി |
| VII. | 1. | പള്ളിപ്പടി-ചെട്ടിയാർകവല | പുന്നയ്ക്കാട്ടുപടി |
| | 2. | പള്ളിപ്പടി-ചെട്ടിയാർകവല | കോപ്പൊയ്കയിൽ |
| | 3. | പൂശനാട്ടുപടി-ഈട്ടിനില്ക്കുന്നതിൽ പടി | പ്ലാച്ചേരി |
| VIII. | 1. | അമ്പലത്തിൽകാവ്-ചുട്ടുമൺ | പന്നികുന്നേൽപടി |
| | 2. | കര്യംപ്ലാവ്-കുളക്കുറ്റി | മണിയാറ്റുപടി |
| | 3. | പൂവത്തൂർപടി-വെട്ടിപ്പുറംപടി | ചോലനില്ക്കുന്നതിൽ തോട് |
| | 4. | തുങ്ങുംപാല-ഇടയാടി | തോട്ടത്തിൽപടി തോട് |
| | 5. | തുരുത്തിപ്പള്ളി-കൂവപ്ലാവ് നടപ്പാത | കുവപ്ലാവ്തോട് |

## പട്ടിക-3

### പുതിയ റോഡുകൾ ആവശ്യമായ സ്ഥലങ്ങൾ

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് |
|---|---|---|
| I | 1. | ഉറുമ്പിതടം - ചാന്തോലി |
| | 2. | മാടംപൊയ്കയിൽ - അരീയ്ക്കൽ |
| | 3. | ഓലിക്കത്തറ -കൂടക്കല്ലുങ്കൽ |
| | 4. | വെള്ളയിൽ-ഓലിക്കത്തറ |
| IV | 1. | കളമ്പാല-തയ്യൽപ്പടി |
| | 2. | വാഴുവേലിപ്പടി-കാക്കമല |
| | 3. | കാവുംമ്പടി-കോട്ടൂർ |
| V | 1. | നടയ്ക്കൽ-ചെട്ടിയാർ കവല |
| | 2. | പുതുക്കുടിപ്പടി-കൊല്ലകുഴിപ്പടി |
| VI | 1. | താളിയാനിക്കൽ പടി-കൊല്ലന്റെപടി |
| | 2. | കാക്കമെല-പുന്നനില്ക്കുംനിരവ് |
| VII | 1. | പുള്ളോലി കോളനി-പ്ലാച്ചേരിൽ |
| | 2. | മുണ്ടയ്ക്കൽ പടി-അമ്പലത്തിൽ പടി |
| VIII | 1. | അഴകത്താനി-കര്യംപ്ലാവ് |
| | 2. | കരിമ്പേലിക്കൽപടി-തടത്തിൽപടി |
| | 3. | കൊടുംങ്ങാലിപ്പടി-തടത്തിൽപ്പടി |
| | 4. | പള്ളിതെക്കേൽപടി-കര്യംപ്ലാവ് സ്കൂൾ |

## ഊർജ്ജം

കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ മുഖ്യ ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, വിറക്, മണ്ണെണ്ണ ഇവയാണ്. പാചക ആവശ്യത്തിനും വെള്ളം ചൂടാക്കുന്നതിനും കൂടുതൽ പേർ വിറകിനെയും മണ്ണെണ്ണയേയും ആശ്രയിക്കുന്നു. ഒരു കാലത്ത് ബൈയോഗ്യാസ് ചില ഭവനങ്ങളിൽ ബ്ലോക്കിൻെറ സഹായത്തോട് കൂടി നിർമ്മിച്ച് പാചക ആവശ്യത്തിനും വിളക്കു കത്തിക്കുന്നതിനും ഉപയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവ നിശേഷം നിലച്ചു പോയ സ്ഥിതിയാണ്. പാചകവാതക ഏജൻസി ഈ പഞ്ചായത്തിനോ അടുത്തുള്ള പഞ്ചായത്തുകൾക്കോ അനുവദിച്ചിട്ടില്ലാത്തതിനാൽ മിക്കവീടുകൾക്കും പാചക കണക്ഷൻ ഇല്ല. പുകയില്ലാത്ത അടുപ്പുകൾ ഇവിടെ പ്രചാരണത്തിലില്ല. സോളാർ വിളക്കുകൾ ഇവിടെയില്ല. ഭൂരിപക്ഷം വീടുകൾ വൈദ്യുതീകരിച്ചിട്ടുള്ളതിനാൽ വെളിച്ചത്തിനായി വൈദ്യുതി ഉപയോഗിക്കുന്നു. വൈദ്യുതി എത്തിയിട്ടില്ലാത്ത ചില പ്രദേശങ്ങളിലെ വീടുകളിൽ വെളിച്ചത്തിനു മണ്ണെണ്ണയാണ് ആശ്രയം. നിത്യേനയുള്ള കറന്റ്കട്ടുകൊണ്ടും വോൾട്ടേജ് കുറവുള്ളതു മൂലവും മണ്ണെണ്ണവിളക്കുകളും മെഴു കുതിരികളും വെളിച്ചത്തിനായി ധാരാളമായി ഉപയോഗിച്ചു വരുന്നു.

കൊറ്റനാട് പഞ്ചായത്തിൽ 1960-ലാണ് വൈദ്യുതി കടന്നു വന്നത്. 36വർഷം കഴിഞ്ഞെങ്കിലും ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിച്ചിട്ടില്ല.

ഈ പഞ്ചായത്തിന് വൈദ്യുതി വിതരണം ചെയ്യുന്നത് റാന്നി 66KV.സബ്സ്റ്റേഷനിൽ നിന്നാണ്. വൈദ്യുതി ബോർഡിൻെറ ഒരു ഓവർസിയർ ഓഫീസ് വൃന്ദാവനത്തുള്ളതുകൊണ്ട് ആ പ്രദേശത്തെ ഉപഭോക്താക്കൾക്ക് കറന്റ് ചാർജ്ജ് അടക്കുന്നതിന് പ്രയാസം അനുഭവിക്കേണ്ടിവരുന്നില്ല.

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 350 ആണ്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം 3546 രൂപാ 50പൈസ വൈദ്യുതി ചാർജായി പഞ്ചായത്ത് അടയ്ക്കുന്നുണ്ട്. എന്നാൽ മിക്ക സ്ട്രീറ്റ് ലൈറ്റും കത്തുന്നില്ല. ബോർഡിൽ പരാതിപ്പെട്ടതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഉപഭോക്ത കോടതിയെ ആശ്രയിക്കേണ്ട ഗതികേടാണ് ഉണ്ടായിരിക്കുന്നത്. കൊറ്റനാട് പഞ്ചായത്തിലെ വൈദ്യുതി വിതരണം ചെയ്യുന്നതിന് ആകെ 10ട്രാൻസ്ഫോമർ മാത്രമാണുള്ളത്. ഉപഭോക്താക്കളുടെ വർദ്ധിച്ച എണ്ണം കണക്കിലെടുക്കുമ്പോൾ ഇത് വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കാം.

ഭൂരിപക്ഷം ഉപഭോക്താക്കളും വോൾട്ടേജ് ക്ഷാമം സംബന്ധിച്ച് പരാതിയുള്ളവരാണ്. സാധാരണയായുള്ള കറന്റ് കട്ടും ഇടയ്ക്കിടയുള്ള വൈദ്യുതി പോക്കും ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് കുഞ്ഞുങ്ങളുടെ പഠിത്തത്തെ സാരമായി ബാധിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും വൈദ്യുതി മുഴുവൻ പ്രദേശത്തും എത്തിച്ചിട്ടില്ല.
2. വിതരണ രംഗങ്ങളിൽ ബോർഡിന്റെ ശ്രദ്ധക്കുറവ് ലൈനിനോടു മുട്ടിനിൽക്കുന്ന വൃക്ഷശാഖകൾ വെട്ടിമാറ്റുന്നില്ല.
3. സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.
4. കേടുപാടുകൾ വന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി പുതിയത് ഇടുന്നില്ല.
5. റോഡുകളുടെ വീതി കൂടുമ്പോൾ അതനുസരിച്ച് വൈദ്യുതി പോസ്റ്റ് മാറ്റിയിടുന്നില്ല.
6. പുതിയ വൈദ്യുതി കണക്ഷൻ കിട്ടുന്നതിനു വളരെ സമയം എടുക്കുന്നു.
7. മിക്കവാറും എല്ലാ പട്ടികജാതി കോളനികളിലെയും വീടുകൾ പൂർണ്ണമായി വൈദ്യുതികരിച്ചിട്ടില്ല. വയറിംഗ് നടത്തിയ അനേകം വീടുകൾക്ക് കണക്ഷൻ കിട്ടേണ്ടതായിട്ടുണ്ട്.
8. സ്ട്രീറ്റ് ലൈറ്റ് എല്ലാ പഞ്ചായത്തു റോഡുകളിലും സ്ഥാപിച്ചിട്ടില്ലാത്തതിനാൽ രാത്രികാലങ്ങളിലുള്ള യാത്ര ആപത്തുകൾ വിളിച്ചുവരുത്തുന്നു.
9. ആവശ്യമായ ഇടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടാല്ലാത്തതിനാൽ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നു.
10. ബോർഡിന്റെ ഒരു A.E.ഓഫീസ് പഞ്ചായത്തിൽ ഇല്ലാത്തതിനാൽ എല്ലാ കാര്യങ്ങൾക്കും റാന്നിയിൽ പോകേണ്ടി വരുന്നു.
11. പഞ്ചായത്ത് പ്രദേശത്തുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ട്രാൻസ്ഫോമർ സ്ഥാപിക്കണം. എല്ലാ ലൈനുകളും 3Phase ആക്കുക.

## നിർദ്ദേശങ്ങൾ/ആവശ്യങ്ങൾ

1. വൈദ്യുതികരിച്ചിട്ടില്ലാത്ത എല്ലാ പട്ടികജാതിയിൽപ്പെട്ടവരുടെയും വീടുകൾ വൈദ്യുതീകരിക്കണം.
2. പഞ്ചായത്ത് വയറിംഗ് നടത്തിയിട്ടുള്ള എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ കൊടുക്കണം.
3. പഞ്ചായത്തിലെ എല്ലാ തെരുവുവിളക്കുകളും കത്തുന്നതാണെന്നും K.S.E.B ഉറപ്പുവരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നവരുടെമേൽ നടപടി എടുക്കണം.
4. കേടുപാടുകൾ വന്ന് ആപൽക്കരമായിട്ടുള്ള എല്ലാ വൈദ്യുതി പോസ്റ്റുകളും മാറ്റി പകരം പുതിയത് സ്ഥാപിക്കണം.
5. റോഡ്വശത്തു നിന്നും റോഡിന്റെ ഉള്ളിലേക്ക് മാറി നില്ക്കുന്ന എല്ലാ വൈദ്യുതി പോസ്റ്റുകളും റോഡിന്റെ വശത്തേക്കുമാറ്റി സ്ഥാപിക്കണം.
6. വൈദ്യുതിലൈൻ വലിച്ചിട്ടില്ലാത്ത എല്ലാ പഞ്ചായത്ത് റോഡുകളിൽകൂടി ലൈൻ വലിക്കുകയും അതുൾപ്പെടെ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത എല്ലാ റോഡുകളിലുമുള്ള വൈദ്യുതി പോസ്റ്റുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കയും ചെയ്യുക.
7. പെരുംമ്പെട്ടിയിലും വെള്ളയിലും ബിൽ കണക്ഷൻ സെന്ററുകൾ സ്ഥാപിക്കുക.
8. വൃന്ദാവനം കേന്ദ്രമാക്കി K.S.E.Bയുടെ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

പട്ടിക-1

ട്യൂബ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| ക്രമനമ്പർ | റോഡിന്റെ പേര് | സ്ഥലം |
|---|---|---|
| 1. | കുമ്പളന്താനം-വെള്ളയിൽ | വെള്ളയിൽ ചന്ത |
| 2. | കുമ്പളന്താനം-വെള്ളയിൽ | വെള്ളയിൽ L.P.S. |
| 3. | കുമ്പളന്താനം-വെള്ളയിൽ | താന്നിക്കൽ പടി |
| 4. | കുമ്പളന്താനം-വെള്ളയിൽ | കുമ്പളന്താനം |
| 5. | തീയാടിക്കൽ-ചാലാപ്പള്ളി | SNDP ജംഗ്ഷൻ |
| 6. | തീയാടിക്കൽ-ചാലാപ്പള്ളി | മഠത്തുംചാൽ |
| 7. | മഠത്തുംചാൽ-സ്നേഹപുരം | പുത്തൂർമുക്ക് |
| 8. | മഠത്തുംചാൽ-സ്നേഹപുരം | മണ്ണിൽപ്പടി |
| 9. | മഠത്തുംചാൽ-സ്നേഹപുരം | പുതുക്കുടിമുക്ക് |
| 10. | മഠത്തുംചാൽ-സ്നേഹപുരം | സ്നേഹപുരം |
| 11. | ചാലാപ്പള്ളി-മാരംകുളം | അത്യാൽപാലം |
| 12. | ചാലാപ്പള്ളി-മാരംകുളം | പുന്നയ്ക്ക നിരവ് |
| 13. | ചാലാപ്പള്ളി-മാരംകുളം | പോലീസ് സ്റ്റേഷൻപടി |
| 14. | ചുഴന-തീയാടിക്കൽ | കുരിശുമുട്ടം |
| 15. | ചുഴന-തീയാടിക്കൽ | കുരിശുമുട്ടം കോളനി |
| 16. | കുമ്പളന്താനം-ചെമ്പൻമുഖം | മുക്കുഴി |
| 17. | കുമ്പളന്താനം-ചെമ്പൻമുഖം | ചെമ്പൻമുഖം |
| 18 | .കണ്ടംപേരൂർ-കര്യംപ്ലാവ് | പള്ളിപ്പടി |
| 19. | കണ്ടംപേരൂർ-കര്യംപ്ലാവ് | കര്യംപ്ലാവ് |
| 20. | പെരുംമ്പെട്ടി-കര്യംപ്ലാവ് | അമ്പലപ്പടി |
| 21. | പെരുംമ്പെട്ടി-കര്യംപ്ലാവ് | ചുട്ടുമൺ |
| 22. | കണ്ണനാട്-അരിക്കുഴി | ചാന്തോലികോളനി |
| 23. | സ്നേഹപുരം-ഉപ്പോലി | ഉപ്പോലികോളനി |
| 24. | പുതുക്കുടിമുക്ക്-ചെട്ടിയാർ കവല | ചെട്ടിയാർ കവല |
| 25. | പുതുക്കുടിമുക്ക്-ചെട്ടിയാർ കവല | പുള്ളോലി |
| 26. | മന്ദിരംപടി-ഇലവുങ്കൽപടി | പുള്ളോലി കോളനി |
| 27. | ചെട്ടിയാർ കവല-പള്ളിപ്പടി | പുതുക്കുടിപ്പടി |
| 28. | പെരുംമ്പെട്ടി-കുളത്തൂർ | ആടിയാനി ജംഗ്ഷൻ |

9. പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.

# മാർക്കറ്റ്

ഈ പഞ്ചായത്തിലെ മുഖ്യകാർഷിക ഉൽപ്പന്നങ്ങൾ റബർ, കുരുമുളക്, നാളികേരം, അടയ്ക്കാ, കൊക്കോ, കശുവണ്ടി, ഏത്തയ്ക്കാ, കുടിവാഴക്കുലകൾ, ഇഞ്ചി, മരച്ചീനി എന്നിവകളാണ്. ശരിയായ വിപണനകേന്ദ്രങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് കർഷകർ ഭൂരിഭാഗവും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് നിലവിലുള്ള ചന്തകൾ അപര്യാപ്തമാണ്. ഇപ്പോൾ ഈ പഞ്ചായത്തിലുള്ള ചന്തകൾ സ്വകാര്യ മേഖലയിലുള്ള താഴെ പറയുന്നവയാണ്.

1. വൃന്ദാവനം
2. തീയാടിക്കൽ
3. പെരുംമ്പെട്ടി
4. കണ്ടംപേരൂർ

പൊതുമേഖലയിൽ മാർക്കറ്റുകൾ ഒന്നും ഇല്ല.



# 5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

നാമമാത്ര കർഷകതൊഴിലാളികളും മറ്റു സാധാരണ കൂലിപ്പണിക്കാരുമാണ് ഈ പഞ്ചായത്തിൽ ജനസംഖ്യയിൽ ഭൂരിഭാഗവും. അതുകൊണ്ടു തന്നെ ഇടത്തരം വീടുകളും കുടിലുകളുമാണ് ഈ പഞ്ചായത്തിൽ കൂടുതലും വിദേശങ്ങളിൽ ജോലി ചെയ്തവരും ചെയ്യുന്നവരും മെച്ചപ്പെട്ട വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

ചില വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ കൂട്ടായി താമസിച്ചുവരുന്നു. അതിനാൽ പഞ്ചായത്തിൽ മൊത്തത്തിൽ 850 വീടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. ഇതിൽ 600റോളം വീടുകൾ ദുർബല വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി നിർമ്മിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ഇപ്പോഴുള്ള 4373വീടുകളിൽ 1800 വീടുകൾ ഭേദപ്പെട്ടതും 1400വീടുകൾ ഇടത്തരവും

### വീടുകളുടെ തരംതിരിവ് പട്ടിക വാർഡ്തലത്തിൽ

| വാർഡ് | കോൺക്രീറ്റ് | | ഓട് | ഓല | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| | ഇരുനില | ഒരുനില | | | | |
| 1 | 17 | 153 | 495 | 46 | 50 | 761 |
| II | 24 | 89 | 340 | 32 | 22 | 507 |
| III | 26 | 107 | 291 | 34 | 16 | 474 |
| IV | 9 | 164 | 368 | 23 | 14 | 578 |
| V | 33 | 97 | 320 | 14 | 12 | 476 |
| VI | 18 | 133 | 424 | 26 | 8 | 609 |
| VII | 21 | 106 | 293 | 29 | 10 | 459 |
| VII | 12 | 124 | 323 | 32 | 18 | 509 |
| | **160** | **973** | **2854** | **236** | **150** | **4373** |

ബാക്കിയുള്ളത് കുടിലുകളുമാണ്. രണ്ടു മുറികളും അടുക്കള ചാർത്തുമുള്ള വീടുകളെ കുടിലായി കരുതിയിരിക്കുന്നു. 618 വീടുകൾ മൊസൈക്ക്, കടപ്പക്കല്ല് മാർബിൾ എന്നിവകൊണ്ടും 3112വീടുകൾ സിമന്റു കൊണ്ടും ബാക്കിയുള്ളവ മണ്ണുകൊണ്ട് തറ നിർമ്മിച്ച് ചാണകം കൊണ്ടും മെഴുകി വരുന്നതുമാണ്.

സാധാരണക്കാരന് പ്രയോജനപ്പെടുന്ന വിധത്തിൽ ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളോ മറ്റ് സന്നദ്ധ സംഘടനകളോ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അതിനാൽ സാധാരണക്കാരന് ഒരു വീട് എന്ന സ്വപ്നം സഫലീകരിക്കാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഈ പഞ്ചായത്തിൽ കുടിലുകളും ഓലമേഞ്ഞതുമായ 1173 വീടുകളും ദുർബല വിഭാഗക്കാർക്കും ഇടത്തരക്കാർക്കും ഇനിയും വേണ്ടതായ വീടുകളും ചേർത്ത് 2023 വീടുകൾ ആവശ്യമാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ട നിലയിൽ ആണെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കുവാനോ ഇടത്തരക്കാർക്ക് വീട് നിർമ്മാണത്തിനോ പുതുക്കി പണിയാനോ സഹായങ്ങളോ വായ്പകളോ ഇന്ന് ശരിയായ വിധത്തിൽ ലഭ്യമാകുന്നില്ല. മുൻകാലങ്ങളിൽ സർക്കാർ ഏജൻസികൾ മുഖേന ലഭിച്ച ചില വീടുകൾ തകർന്ന നിലയിൽ കാണപ്പെടുന്നു. അത്തരം വീടുകൾ പുതുക്കി പണിയുവാൻ വേണ്ട ധനസഹായം ചെയ്യേണ്ടത് അത്യാവശ്യമാകുന്നു. അതുപോലെ ദുർബലവിഭാഗക്കാരുടേയും ഇടത്തരക്കാരുടേയും വീടുകൾ അറ്റകുറ്റപണികൾ ചെയ്തു തീർക്കുവാൻ ആവശ്യമായ ധനസഹായവും ലഭ്യമാക്കേണ്ടിയിരിക്കുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം വളരെ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടണം.

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1990-91 മുതൽ 1995-96 വരെ എട്ടുവാർഡുകളിലായി 77 വീടുകളാ ണെന്ന് കണക്കുകൾ ചൂണ്ടികാട്ടുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവും കാരണം ദുർബല ജനവിഭാഗങ്ങൾക്കും സാധാരണക്കാരനും നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

കൂലി നിരക്കിലെ വർദ്ധനവും സാധനസാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കാരണം വീടിന് സർക്കാർ IAY, JRY, MWS മുതലായ പദ്ധതികളിലൂടെ ബ്ലോക്കുവഴി നൽകുന്ന സഹായങ്ങളും വയ്പാപരിധിയും ഉയർത്തേണ്ടിയിരിക്കുന്നു. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലൂടെ ഒരു സഹായവും നാളിതുവരെ നമ്മുടെ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

പഞ്ചായത്തിലാകെ 15 കോളനികളിലായി 418 കുടുംബങ്ങളും 362 വീടുകളിലായി 1936 അംഗങ്ങളും താമസിക്കുന്നു.

പഞ്ചായത്തിലെ 8-ാം വാർഡിൽ സർവ്വേ 283/1A യിൽ വരുന്ന ഏകദേശം 350 ഏക്കർ ഭൂമിയിൽ താമസിച്ചുവരുന്ന 435 കുടുംബങ്ങൾക്ക് കൈവശരേ

**പഞ്ചായത്തിൽ വിവിധ പദ്ധതികളിലായി നിർമ്മിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.**

**പട്ടിക No.11**

ഭവന ലഭ്യതാ പട്ടിക കൊറ്റനാട് ഗ്രാമ പഞ്ചായത്ത്

| വർഷം | IAY | NWS | JRY | ആകെ |
|---|---|---|---|---|
| 1990-91 | - | - | 4 | 4 |
| 1991-92 | - | 4 | - | 4 |
| 1992-93 | - | 8 | - | 8 |
| 1993-94 | - | - | 3 | 3 |
| 1994-95 | 20 | 5 | - | 25 |
| 1995-96 | 33 | - | - | 33 |
| **ആകെ** | **53** | **17** | **7** | **77** |

ഖയോ പട്ടയമോ ഇതുവരേയും ലഭിച്ചിട്ടില്ല. ഈ കാരണത്താൽ ഇവിടെ താമസിച്ചുവരുന്ന ദുർബല ജനവിഭാഗത്തിനും സാധാരണക്കാരനും സർക്കാർ ഏജൻസികൾ വഴി നൽകിവരുന്ന ധനസഹായവും വായ്പയും ലഭിക്കാതെവരുന്നു. ഇതിനു പ്രതിവിധിയായി കുറഞ്ഞപക്ഷം കൈവശാവകാശരേഖയെങ്കിലും നൽകുവാൻ സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകണം.

ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നതിനാൽ പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കാതെപോകുന്നു. പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുന്നതിനും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ നൽകിവരുന്ന വായ്പകൾകൊണ്ടും സഹായങ്ങൾകൊണ്ടും കാര്യമായി കഴിയുക ഇല്ലായെന്ന് മനസ്സിലാക്കാം. ഇതിനായി സർക്കാർ ഫണ്ടിനു പുറമെ ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ ശ്രമം കൂടിയുണ്ടാകേണ്ടിയിരിക്കുന്നു.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. അല്ലെങ്കിൽ സഹകരണ ബാങ്കിന്റെ ചുമതലയിൽ ഫണ്ട് രൂപീകരിക്കുക.
2. കെട്ടിടനിർമ്മാണ സാമഗ്രികളായ സിമിന്റ്, കമ്പി മുതലായവയ്ക്ക് നികുതി ഇളവ് അനുവദിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ പ്രത്യേക ഏജൻസി ഉണ്ടാക്കി അവർവഴി വിതരണം നടത്തുക. ഇതിനായി സഹകരണ ബാങ്കിനേയും പ്രയോജനപ്പെടുത്താവുന്നതാകുന്നു.
3. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തീകവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
4. നിർമ്മിക്കുന്ന വീടും അതിനാവശ്യമായ പ്ലോട്ടും ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
5. പലിശനിരക്ക് 12 ശതമാനത്തിൽ കൂടുതൽ ആകുവാൻ പാടില്ലാത്തവിധത്തിൽ നിജപ്പെടുത്തുക.
6. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
8. IAY, MWS, JRY എന്നിവയുടെ പരിധി 35000 രൂപയായി ഉയർത്തുക.
9. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ പരിധി 75000 രൂപയായി ഉയർത്തുക.
10. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയുടെ പരിധി 35000 രൂപയായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി സർക്കാർ പുറമ്പോക്കു ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാകുന്നു. പഞ്ചായത്തിലെ 8-ാം വാർഡിൽ റിസേർവ്വ് വനഭൂമിയിൽ അൽബിസിയ മുതലായ പാഴ്മരങ്ങൾ വെച്ചുപിടിപ്പിച്ചിരിക്കുന്ന ഭൂമിയിൽനിന്നും കുറെഭാഗം പഞ്ചായത്തിന് കൈമാറി നൽകിയാൽ ഭൂരഹിതർക്ക് 5 സെൻറ് ഭൂമി വീതം സൗജന്യമായി നൽകുവാൻ കഴിയും. എൽ.ഐ.സി., ഹഡ്കോ മുതലായ സ്ഥാപനങ്ങളിലൂടെ കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യണം. ഇതിനായി ഗുണഭോക്താക്കളുടേയും സന്നദ്ധ യുവജനസംഘടനകളുടേയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തണം.

നമ്മുടെ ലക്ഷ്യം അടുത്ത 5 വർഷംകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും പരമാവധി പരിഹരിക്കുന്നതിലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി ജാതിരാഷ്ട്രീയ വ്യത്യാസം മറന്ന് നമുക്ക് ഒന്നിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾവഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം. ഈ പദ്ധതികൾക്കു

പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചയാത്തിൽ നാമമാത്രമായി ലഭിക്കുന്നത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്മ, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാകുന്നു.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം പഞ്ചായത്തിൽ ഒട്ടുംതന്നെ ഇല്ല. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ. കെട്ടിട നിർമ്മാണത്തൊഴിലാളികൾ കൂടുതലായി ഉണ്ടെങ്കിലും റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്കും കെട്ടിട നിർമ്മാണത്തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരുച്ചിട്ടില്ല. ഇവർക്കുകൂടി 'എ' ക്ഷേമനിധിയുടെ പ്രയോജനം ലഭ്യമാക്കേണ്ടിയിരിക്കുന്നു. കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടെങ്കിൽ തന്നെയും എല്ലാ തൊഴിലാളികളും അതിൽ അംഗങ്ങൾ ആയിട്ടില്ല. ബോധവൽക്കരണത്തിലൂടെ ബാക്കിയുള്ള തൊഴിലാളികളെക്കൂടി അംഗങ്ങൾ ആക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ഒന്നുംതന്നെ പഞ്ചായത്തിൽ ലഭിക്കുന്നില്ല. വനിതാ വികസന കോർപ്പറേഷനെപ്പറ്റി പഞ്ചായത്തിലെ വനിതകൾക്ക് പൊതുവെ അറിയില്ലെന്നതാണ് യാഥാർത്ഥ്യം. ശരിയായവിധത്തിലുള്ള ബോധവൽക്കരണത്തിൽക്കൂടി മാത്രമെ വനിതകൾ ഈ കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ പ്രാപ്തരാകുകയുള്ളൂ.

വിവിധതരം ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള അറിവ് ജനങ്ങൾക്ക് നൽകുന്നതിനായി ഒരു പഞ്ചായത്ത്തല സമിതി രൂപീകരിക്കേണ്ടിയിരിക്കുന്നു.

# 1.IRDP സഹായ ലഭ്യത

സാമൂഹ്യക്ഷേമ രംഗത്ത് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസിന് താഴെയുള്ള കൊറ്റനാട് വില്ലേജ് സർക്കിൾ വഴിയാണ്. നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായി വിവരം ശേഖരിക്കപ്പെടേണ്ടിയി രിക്കുന്നു.

കൊറ്റനാട് വി.ഇ.ഒ. സർക്കിൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായ വിവരം താഴെ ചേർക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

കൊറ്റനാട് വി.ഇ.ഒ. സർക്കിളിൽ 92-ലെ ഐ.ആർ.ഡി.പി. സർവ്വെയിൽ 1006 കുടുംബങ്ങളും 95-ലെ അഡീഷണൽ സർവ്വെയിൽ 79 കുടുംബങ്ങളും ഉൾപ്പെടെ 1085 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ

**പട്ടിക -1**

IRDP സർവ്വെ സഹായലഭ്യതാ കണക്ക്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 43 | 96971 | 158830 |
| 93-94 | 47 | 149162 | 227112 |
| 94-95 | 34 | 121693 | 210897 |
| 95-96 | 39 | 143876 | 490195 |
| **ആകെ** | **163** | **511702** | **1087034** |

ഉള്ളവരായി കണ്ടെത്തി. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 163 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കി. 1087034രൂ. വായ്പ നൽകിയിതിൽ 511702രൂ. സബ്സിഡിയായി വിതരണം ചെയ്തു.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവു കാരണം ജീവിതചെലവ് ഉയർന്നതിനാൽ ദാരിദ്രരേഖയുടെ പരിധി 30000 രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ച്കൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ തക്കവിധത്തിൽ വേണ്ട നടപടി സർക്കാർ സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപ്പിലാക്കണം. ഗുണഭോക്താക്കളെ കണ്ടെത്തുവാൻ വർഷംതോറും ഐ.ആർ.ഡി.പി. സർവ്വെ നടത്തണം.

## 2. DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA

കൊറ്റനാട് പഞ്ചായത്തിൽ DWCRA പദ്ധതിയിൻ പ്രകാരം ഒരു വായ്പ മാത്രമെ ലഭിച്ചിട്ടുള്ളു. ഇതിന് മുഖ്യകാരണം ഇപ്രകാരം ഒരു പദ്ധതി ഉള്ളതായി മുഖ്യപങ്ക് സ്ത്രീകൾക്കും അറിയില്ല. കൊറ്റനാട് പഞ്ചായത്തിൽ 1-ാം വാർഡിൽ പ്രവർത്തിക്കുന്ന മെറ്റൽ ക്രെഷിംഗ് യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നു. മെറ്റൽ ക്രെഷിംഗ് യൂണിറ്റ് പഞ്ചായത്തിലെ ഓരോ വാർഡിലും ഒന്നിലധികം തുടങ്ങുവാനുള്ള അനുകൂലമായ സാഹചര്യം ഉണ്ട്. അതിനായി സ്ത്രീകൾ മുമ്പോട്ട് വരേണ്ടതാകുന്നു. പശു വളർത്തൽ യൂണിറ്റ്. ആട് വളർത്തൽ യൂണിറ്റ്, ഇറച്ചിക്കോഴി ഫാം, തയ്യൽ യൂണിറ്റ് മുതലായവ ഇപ്രകാരം രൂപീകരിക്കാവുന്നതാണ്. ഇതിനുപുറമേ അനുയോജ്യമായ യൂണിറ്റുകൾ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിക്കാവുന്നതാകുന്നു. പദ്ധതി പഞ്ചായത്തിൽ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ വിനിതകളെ ബോധവൽക്കരിക്കുന്നതിനായി ഒരു പഞ്ചായത്തുതല "വനിതാ സമതി" രൂപീകരിക്കേണ്ടതും ആരംഭിക്കേണ്ട യൂണിറ്റുകൾ ഏതെന്ന് നിശ്ചയിക്കുവാനും അതിനുവേണ്ട മാർഗ്ഗനിർദ്ദേശം നൽകാനും ടി സമതിയെ അധികാരപ്പെടുത്തേണ്ടതാകുന്നു.

## 3. ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

**ട്രൈസം പരിശീലന ലഭ്യതാ പട്ടിക**

| വർഷം | എണ്ണം |
|---|---|
| 92-93 | 5 |
| 93-94 | 8 |
| 94-95 | 5 |
| 95-96 | 4 |
| ആകെ | 22 |

1992-93 മുതൽ 95-96 വരെ കൊറ്റനാട് VEO സർക്കിളിൽ 22 പേ2ക്ക് പരിശീലനം നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു. പരിശീലനം ലഭിക്കുന്നവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനുള്ള സഹായം സർക്കാർ തലത്തിൽ ലഭ്യമാക്കണം. അതിനായി സർക്കാർ മുൻകൈ എടുത്താൽ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ തേടുന്നതിനുള്ള ഒരു മാർഗ്ഗം ഉണ്ടാകും. അതിലൂടെ ഒരു പരിധി വരെ തൊഴിലില്ലായ്മയ്ക്കു

**പട്ടിക. 1**

DWCRA സഹായ ലഭ്യതാ കണക്ക്

| വർഷം | സ്ത്രീകളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1994-95 | 11 | 20583രൂ. | 22167രൂ. |
| ആകെ | 11 | 20583രൂ. | 22167രൂ. |

മോചനവും അതിലൂടെ തൊഴിലും ഉറപ്പാക്കിയാൽ ട്രൈസം പദ്ധതി കൂടുതൽ പ്രയോജനകരമാകും.

## 4. ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്.

പഞ്ചായത്തിൽ ഒരാൾക്കു മാത്രമേ ഈ പദ്ധതിയിൻപ്രകാരം സഹായം ലഭിച്ചിട്ടുള്ളു. 4000 രൂപായുടെ ഒരു ട്രില്ലിംഗ് മെഷ്യൻ ലഭിച്ചു. പഞ്ചായത്തിൽ ഏകദേശം 62 പേർക്ക് ഈ സഹായത്തിന് അർഹരായവർ ഉണ്ട് എന്നാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് പദ്ധതിയെപ്പറ്റി അറിവില്ലായെന്നുള്ളതാണ് വാസ്തവം. അവരുടെ ഇടയിൽ ഈ പദ്ധതിയെപ്പറ്റി മനസ്സിലാക്കി കൊടുക്കുന്നതിനും പദ്ധതിയലൂടെ സഹായം ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഗ്രാമീണ കൈതൊഴിലുകാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമതി രൂപീകരിക്കേണ്ടതാകുന്നു.

## 5. CRSP പദ്ധതി

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP

പഞ്ചായത്തിൽ 95-96 കാലയളവിൽ 24000 രൂപാ സഹായം അനുവദിച്ച് 12 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. പഞ്ചായത്തിൽ മൊത്തമായി 1500-ൽ അധികം കക്കൂസുകൾ ആവശ്യമായിരിക്കുമ്പോൾ, ആവശ്യമുള്ളതിന്റെ 1/100 ഭാഗംപോലും ലഭിച്ചിട്ടില്ല. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും നിർമ്മാണസാമഗ്രികളുടെ വില വർദ്ധനവു കാരണവും കൂലി വർദ്ധവുംകൊണ്ടും 2000 രൂപായ്ക്ക് ഒരു കക്കൂസിൻെറ പണിതീർക്കുവാൻ തികയാത്തതിനാൽ തുക 4000 രൂപായായി വർദ്ധിപ്പിക്കുവാൻ സർക്കാർ തലത്തിൽ വേണ്ട നടപടി സ്വീകരിക്കുകയും വേണം.

## 6. അങ്കൻവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിന് അങ്കൺവാടികൾ സഹായകമാകുന്നു. നിർഭാഗ്യവശാൽ പഞ്ചായത്തിൽ അങ്കൺവാടികൾ ഒന്നുംതന്നെ ഇല്ല. 1000 ജനങ്ങൾക്ക് ഒരു അങ്കൺവാടിയെന്നതാണ് ഐ.സി.ഡി.എസ്സിന്റെ ലക്ഷ്യമെങ്കിലും പഞ്ചായത്തിൽ ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ അങ്കൺവാടികൾ ആരംഭിക്കുവാനുള്ള നീക്കം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

### വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

| ഇനം ലഭിക്കുന്നവരുടെ | എണ്ണം |
|---|---|
| വിധവാ പെൻഷൻ | 22 |
| വികലാംഗ പെൻഷൻ | 35 |
| വാർദ്ധക്യ പെൻഷൻ | 21 |
| കർഷക തൊഴിലാളി പെൻഷൻ | 130 |
| തൊഴിലില്ലായ്മ വേതനം | 78 |



# 5-8

# സാംസ്കാരം

ശ്രേഷ്ഠമായ ഒരു സാംസ്കാരിക പൈതൃകത്തിന് വേരോട്ടം നൽകിയ ഒരു ചരിത്ര പശ്ചാത്തലമുണ്ട് കൊറ്റനാട് ഗ്രാമപഞ്ചായത്തിന്. കല്ലൂപ്പാറ ഉൾപ്പെട്ട ഇടപ്പള്ളി സാമന്തരാജാവിൻെറ പരമാധികാരത്തിൻ കീഴിലായിരുന്നു ഈ പ്രദേശം. രാജഭരണത്തിൻെറയും ഫ്യൂഡൽ പ്രഭുവർഗ്ഗത്തിൻെറയും നന്മതിന്മകൾ അനുഭവിച്ചറിഞ്ഞവരായിരുന്നു ഈ പഞ്ചായത്ത് പ്രദേശത്തെ അടിസ്ഥാനവർഗ്ഗം. കാലചക്രത്തിൻെറ തിരച്ചിലിലൂടെ രൂപം ഒരു സാംസ്കാരിക ബോധം നാടിനെ സമ്പന്നമാക്കി. സവർണ്ണനാടുവഴിത്തത്തിൻെറ അധികാര പ്രവണതയെ ചെറുത്തു നിന്ന പോരാട്ടങ്ങളുടെ ചരിത്രംകൊണ്ട് അത്രയൊന്നും സമ്പന്നമല്ല. നമ്മുടെ നാടിൻെറ സാംസ്കാരിക പഴമ. നാടിനെ പിടിച്ചു കുലുക്കിയ ഉത്തരവാദിത്വ ഭരണ പ്ര ക്ഷോഭണത്തിൻെറ കൊടുങ്കാറ്റ് ഈ നാട്ടിലെ യുവജനതയെ നേരിയ തോതിൽ പുളകമണിയിച്ചതായി പഴമക്കാർ പറയുന്നു. തിരുവിതാംകൂറിലെ ക്ഷേത്ര പ്രവേശന വിളംബര(1936)ത്തിൻെറ പരിണിത ഫല മായി സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട നിരന്തരം ചൂഷണത്തിന് വിധേയരായിക്കൊണ്ടിരുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിന് പൂർണ്ണമായ ആരാധന സ്വാതന്ത്ര്യം ലഭിച്ചു. പ്രജാക്ഷേമതല്പരരായിരുന്ന തിരുവിതാംകൂർ മഹാരാജാക്കൻമാരുടെ ആശ്രിത വാത്സല്യം ഇക്കൂട്ടരെ അറിവിൻെറയും അക്ഷരത്തിൻെറയും ലോകത്തിലേക്കും സാംസ്കാരിക പുരോഗതിയിലേക്കും നയിച്ചു. ഇവരുടെ സാംസ്കാരിക പുരോഗതിയിലേക്കുള്ള പ്രയാണം നമ്മുടെ നാടിൻെറ സാംസ്കാരിക പുരോഗതിയുടെ ചരിത്രം കൂടെയാണ്.

ഇന്നു നാം എത്തി നില്ക്കുന്ന ദിശയിൽ നിന്നു പിന്നോട്ടു തിരിഞ്ഞു നോക്കുമ്പോൾ പലവിധ സ്രോതസ്സുകൾ ഗ്രാമസംസ്കൃതിയുടെ പോഷക ഘടകങ്ങളായി പരിണമിച്ചതായി കാണാം. അവയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് വിദ്യാവിതരണം തന്നെ. പഞ്ചായത്തിൻെറ പലഭാഗത്ത് ഉയർന്നു വന്നിട്ടുള്ള നാട്ടാശാൻ എഴുത്തുപള്ളികളും നാട്ടുഭാഷാ സ്ക്കൂളുകളും എടുത്തു പറയേണ്ടവയാണ്. അരനൂറ്റാണ്ടിലേറെ പ്രായമുള്ള നാട്ടുഭാഷാ സ്ക്കൂളുകളും ഇംഗ്ലീഷ് മിഡിൽ സ്ക്കൂളുകളും സംസ്കൃത പാഠശാലകളും പഞ്ചായത്തിൻെറ സാംസ്കാരിക നിലവാരത്തിൻെറ അളവുകോലാണ്. ഇന്നു ഈ ഗ്രാമപഞ്ചായത്തിൽ പ്രൈമറി-ഹൈസ്ക്കൂൾ തലങ്ങളിലായി 14 സ്ക്കൂളുകളുണ്ട്.

കൊറ്റനാട് കേന്ദ്രമാക്കി ഒരു Y'sമാൻ ക്ലബും ഒരു Y.M.C.Aയും പ്രവർത്തിക്കുന്നുണ്ട്. രണ്ടു സന്നദ്ധ സംഘടനകളും സാംസ്കാരികരംഗത്തും, കായികരംഗത്തും സേവനരംഗത്തും പലപ്രവർത്തനങ്ങളും കാഴ്ചവച്ചു കൊണ്ടിരിക്കുന്നു. വെള്ളയിലും ചെട്ടിയാർകവലയിലും പൗരസമിതികൾ സജീവമായി പ്രവർത്തിക്കുന്നു. മിക്കവാറും എല്ലാ സമുദായ സംഘടനകൾക്കും യുവജനസഖ്യങ്ങളും വനിതാസമാജങ്ങളുമുണ്ട്. ഇവകളും സേവനരംഗത്ത് സജീവമാണ്.

1992ൽ സ്ഥാപിച്ച സരിഗാ സംഗീത വിദ്യാലയം ചാലാപ്പള്ളിയിൽ പ്രവർത്തിച്ചുവരുന്നു. ശ്രീ. റ്റി.കെ. കൃഷ്ണൻകുട്ടി മാനേജരും തൃക്കടിത്താനം ശ്രീ. ഗോപാലകൃഷ്ണൻ പ്രിൻസിപ്പളുമായ ഈ വിദ്യാലയത്തിൽ അഞ്ചു അദ്ധ്യാപകർ സംഗീതം പഠിപ്പിച്ചു വരുന്നു.

നെടുംമ്പുര കേന്ദ്രമാക്കി യുവജന ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്, പുള്ളോളി കേന്ദ്രമാക്കി നവയുഗ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്, ഉപ്പോലി കേന്ദ്രമാക്കി കോൽകളി ക്ലബ്, ചാലാപ്പള്ളി കേന്ദ്രമാക്കി നളന്ദാ ആർട്ട്സ് ആൻഡ് സ്പോർട്ടസ് ക്ലബ് എന്നിവകൾ പ്രവർത്തിച്ചുവരുന്നു.

'മാതൃഭൂമി സ്റ്റഡി' സർക്കിൾ പെരുമ്പെട്ടി, വൃന്ദാവനം എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കിയും പ്രവർത്തിച്ചുവരുന്നു. അഖില കേരള ബാലജനസഖ്യത്തിൻെറ ഒരു ശാഖ കളമ്പാലയിൽ പ്രവർത്തിക്കുന്നു.

മറ്റ് സാംസ്കാരിക സ്ഥാപനങ്ങളാണ് വായനശാലകൾ. നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള കേരള ഗ്രന്ഥശാലസംഘ(Kerala State Litary Counicil)ത്തിൽ ആദ്യമായി അഫിലിയേഷൻ നേടിയതുമായ ഏകഗ്രന്ഥശാല കുന്നം ജയ്ഹിന്ദ് ഗ്രന്ഥശാലയാണ്. 28-7-1953ൽ തിരുകൊച്ചി ഗ്രന്ഥശാലാ സംഘത്തിൽ അംഗത്വം നേടി. പിന്നീട് കേരളഗ്രന്ഥശാലാ സംഘത്തിൽ അംഗത്വം നേടി പ്രവർത്തനം തുടർന്നു. ഇപ്പോൾ ഇത് B grade ഗ്രന്ഥശാലയായി പ്രവർത്തിക്കുന്നു. ഇപ്പോൾ ലൈബ്രേറിയൻ അലവൻസ് അടക്കം 10000/- രൂപ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് പ്രതിവർഷം ഗ്രാന്റായി ലഭിക്കുന്നുണ്ട്. ഗ്രന്ഥശാലയോടനുബന്ധിച്ച് ബാലവേദി, വനിതാവേദി, സാക്ഷരതാ പ്രവർത്തനങ്ങൾ, സ്ക്കൂൾ കുട്ടികൾക്കായി ശാസ്ത്രപോഷണ ക്ലാസുകൾ, തൊഴിൽരഹിതരായ അഭ്യസ്ത വിദ്യർക്ക്വേണ്ടി Career guidance തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ നമ്മുടെ പഞ്ചായത്തിൽ ആറാം വാർഡിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരം നേടിയ ഒരു പുതിയ ഗ്രന്ഥശാല പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ ഗ്രന്ഥശാലക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കൂടാതെ കൊറ്റനാട് പഞ്ചായത്തിൻെറ പൂർണ്ണമായ ഉടമസ്ഥതയിൽ വൃന്ദാവനത്തിൽ ലൈബ്രറിയും വായനശാലയും പ്രവർത്തിച്ചുവരുന്നു. ഇതിനും State Literarry Council ൻെറ അംഗീകാരവും അഫിലിയേഷനും ലഭിച്ചിട്ടുണ്ട്. കുന്നം ജയ്ഹിന്ദ് ഗ്രന്ഥശാലക്കും പെരുമ്പെട്ടി പബ്ലിക്ക് ലൈബ്രറിക്കും കൊറ്റനാട് ഗ്രാമ പഞ്ചായത്തിൻെറ സഹായധനമായി ഒരു ദിനപത്രത്തിൻെറ വരിസംഖ്യ പ്രതിമാസം ലഭിച്ചുവരുന്നുണ്ട്. ഗ്രന്ഥശാലകളുടെ വിവരണങ്ങൾ സൂചിപ്പിക്കുന്ന പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

ഇതുപോലെ സാംസ്കാരിക നവോത്ഥാനത്തിന് പാതയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമച്വർ കലാസമിതികളും കായികസംഘങ്ങളും വനിതാസംഘടനകളും. നിരവധി അമച്വർ കലാസംഘങ്ങൾ ജന്മം കൊള്ളുകയും അകാലചരമമടയുകയും ചെയ്ത ഊഷരഭൂമിയാണ് ഈ ഗ്രാമപഞ്ചായത്ത്. എന്നാൽ അവയിൽ ചിലതുമാത്രമേ ഇന്നും നിലനിന്നു പോരുന്നുള്ളു. നമ്മുടെ പഞ്ചായത്തിൽ സെന്റർ ഫോർ Arts and Cultural അസോസിയേഷൻസ് എന്ന പേരിൽ ഒരു സംഘടന ഉണ്ടാകുന്നത് ഇവിടെ ഇന്നമെടുക്കുകയും വളരുകയും പിന്നീട് തളരുകയും ചെയ്യുന്ന കായിക കലാസമിതികൾക്ക് ഒരു നവജീവൻ നൽകുന്നതിന് പ്രയോജനമാകും. ഈ സംഘടന പഞ്ചായത്തു പ്രദേശത്തെ എല്ലാ കലാ-കായിക-സാംസ്കാരിക സമിതികളുടെയും നിയന്ത്രണവും പ്രോത്സാഹനവും ഏറ്റെടുത്ത് അവയെ ഏകോപിപ്പിച്ചു പ്രവർത്തിക്കണം.

## C.A.C.Aയുടെ ലക്ഷ്യങ്ങൾ

1. നിരക്ഷരതയും അന്ധവിശ്വാസത്തിനുമെതിരായി മതനിരപേക്ഷതയിൽ വിശ്വസിക്കുന്ന ഒരു നവീന ജനതയെ പുരോഗതിയുടെ പാതയിലെത്തിക്കാൻ വേണ്ടി സാംസ്കാരിക സംഘടനകളുടെ ഒരു ഐക്യനിര കെട്ടിപ്പടുക്കുക.
2. ലുപ്തപ്രചാരങ്ങളായിക്കൊണ്ടിരിക്കുന്ന മണ്ണിൻെറ മണമുള്ള നാടൻ കലാരൂപങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
3. വായനാശീലം പരിപോഷിപ്പിക്കുന്നതിനായി ജനവിദ്യാകേന്ദ്രങ്ങളുടെയും വായനശാലകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.
4. C.A.C.Aയുടെ പ്രവർത്തനം ശാസ്ത്രീയമായി വിലയിരുത്തി വർഷംതോറും ഏറ്റവും നല്ല അംഗസംഘടനയ്ക്ക് അവാർഡ് നൽകുക.
5. അംഗസംഘടനകൾക്ക് പത്രങ്ങൾ മറ്റ് ആനുകാലികങ്ങൾ എന്നിവ വരുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് ധനസമിതിയോട് ശുപാർശ ചെയ്യുക.
6. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത വാർഡുകളിൽ അവ സംഘടിപ്പിക്കാനുള്ള ശ്രമം നടത്തുക.
7. ഓണാഘോഷം, കേരളോത്സവം എന്നിവ ജനപങ്കാളിത്തതോടെ ഏറ്റെടുത്തു നടത്തുക.
8. വനിതകളുടെയും ദുർബ്ബലവിഭാഗങ്ങളുടെയും സാമൂഹിക പുരോഗതി ഉറപ്പുവരുത്താനാവശ്യ

മായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.

9. പഞ്ചായത്ത് തലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുക.

# കായികരംഗം

കായികരംഗത്ത് പ്രശസ്തമായ സേവനം കാഴ്ചവയ്ക്കാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ ചില വാർഡുകളിൽ വർഷംതോറും കായികപ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് ടൂർണമെന്റ് നടത്താറുണ്ട്. പ്രശസ്തമായ കായികതാരങ്ങളെ വളർത്തികൊണ്ടുവരുന്നതിനുള്ള കാര്യമായ പരിശ്രമമൊന്നും ഈ പഞ്ചായത്തിൽ നടന്നുകാണുന്നില്ല. ചില പ്രദേശങ്ങളിൽ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള സ്റ്റേഡിയം പണിപൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്ക്കൂൾ തലത്തിൽ നടപ്പാക്കുന്നില്ല എന്നതു തന്നെയാണ് പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നത് ഈ രംഗത്തു പ്രവർത്തിക്കുന്ന സംഘടനകളുടെ താല്പര്യക്കുറവുമൂലമാണ്. പഞ്ചായത്തിൽ സ്ക്കൂൾ തലത്തിൽ അർപ്പണബോധമുള്ള കുട്ടികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തണം. പഞ്ചായത്തുതലത്തിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന കായിക സംഘടനകളെ കോർത്തിണക്കി കേന്ദ്രസംഘടന ഉണ്ടാക്കണം. ജനപങ്കാളിത്തതോടെ കായികമേളകൾ സംഘടിപ്പിക്കണം. മദ്ധ്യവേനൽ അവധിക്കാലത്ത് കോച്ചിംഗ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തണം. പഞ്ചായത്തിലെ കേന്ദ്രകായിക സമിതിയുടെ ആഭിമുഖ്യത്തിലായിരിക്കണം കോച്ചിംഗ് ക്യാമ്പുകൾ നടത്തേണ്ടത്. കായികമേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനകൾക്ക് അനുവദിക്കുവാൻ ഏർപ്പാടുണ്ടാക്കണം.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക മണ്ഡലം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. രണ്ട്, മൂന്ന്, അഞ്ച്, ഏഴ്, എട്ട് വാർഡു കളിൽ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല. പെരുമ്പെട്ടി പബ്ലിക് ലൈബ്രറി, കുന്നം ജയ്ഹിന്ദ് ഗ്രന്ഥശാല എന്നീ സ്ഥാപനങ്ങളിൽ ദൃശ്യശ്രവണമാദ്ധ്യമങ്ങളില്ല. ഉദാ. T.V. റേഡിയോ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ദിനപ്പത്രങ്ങളുടെയും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം ഗ്രന്ഥശാലാ പ്രവർത്തകരെ സാമ്പത്തികമായി നന്നേ ബുദ്ധിമുട്ടിക്കുന്നു. ഈ പ്രതിസന്ധി മുറിച്ചുമറി കടക്കാൻ വിവിധ ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കണം.
2. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമായിരിക്കുന്നു.
3. കായികരംഗത്ത് നാടൻ കളികൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല. കാർഷികസംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്ന 'കൊയ്ത്തുപാട്ടും' വിതപ്പാടും മറ്റും അന്യംനിന്നു പോയിരിക്കുന്നു. നാടൻ കലാരൂപങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
4. കലാഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികൾക്ക് സർഗ്ഗഭാവനയെ വികസിപ്പിക്കുന്നതിന് പര്യാപ്ത മായ പ്രോത്സാഹനം ലഭിക്കുന്നില്ല.
5. പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളായ കായികകലാ പ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിക്കുന്നില്ല. Eg. Drill, Drawing, Music, Swimming etc.
6. സാംസ്കാരിക കലാകേന്ദ്രങ്ങൾ Infermation and guidance centreകളായി പ്രവർത്തിക്കുന്നില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്ത് ആസ്ഥാനത്ത് Infermation and guidence centre (വിവരശേഖരകേന്ദ്രം) പ്രവർത്തിക്കണം.
2. മദ്ധ്യവേനൽ അവധിക്കാലത്ത് കലാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിച്ചു കൊടുക്കണം. അവർക്ക് കലാസാഹിത്യങ്ങളിൽ പരിശീലന കളരികൾ ഏർപ്പെടുത്തണം.
3. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യണം.

ജീവിതത്തിൽ സമസ്തമേഖലകളിലും ഗുണകരമായ മാറ്റം അഞ്ചുവർഷം കൊണ്ടു വരുത്താൻ സാംസ്കാരിക മണ്ഡലത്തിലെ നവോത്ഥാനം കൊണ്ടു നമുക്കു സാധിക്കും. അമൂല്യമെന്ന് നാം നിനച്ചിരുന്ന നൈതികമൂല്യച്യുതിക്കെതിരെ നാം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സാംസ്കാരികാപചയത്തിനെതിരെ പ്രതിരോധനിരപടുത്തുയർത്തി പ്രതിലോമ ശക്തികളെ ചെറുത്തു തോല്പിക്കുകയെന്നതാണ് നമ്മുടെ ചരിത്രപരമായ ദൗത്യം.

# നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സാംസ്കാരികസ്ഥാപനം പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പറുമാരുടെ എണ്ണം | കെട്ടിട വിവരം | ധനസഹായ വിവരം | ഏതുസ്ഥാപനത്തോട് അഫിലിയേറ്റു ചെയ്തിരിക്കുന്നു | പ്രവർത്തനത്തിൻെറ ലഘുവിവരണം |
|---|---|---|---|---|---|---|---|
| 1. | ജയ്ഹിന്ദ് ഗ്രന്ഥശാല | 1953 | - | സ്വന്തം | ഉണ്ട് | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ C.A.C.A | |
| 2. | പബ്ലിക് ലൈബ്രറി, പെരുമ്പെട്ടി | 1993 | | സ്വന്തം | ഉണ്ട് | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തിരുവന്തപുരം C.A.C.A | |
| 3. | സരിഗ സംഗീത വിദ്യാലയം പെരുമ്പെട്ടി | 1992 | 28 | വാടക | ഇല്ല | അഫിലിയേഷൻ നടന്നിട്ടില്ല | സംഗീതം-വായ്പാട്ട് ഉപകരണ സംഗീതം എന്നിവ പഠിപ്പിക്കുന്നു അദ്ധ്യാപകർ അഞ്ച്. വിദ്യാർത്ഥികൾ 28 |
| 4. | യുവജന ആർട്ട്സ് & Sports Club നെടുമ്പുര | | വാടക | ഇല്ല | ഇല്ല | | |
| 5. | നവയുഗ ആർട്ട്സ് & Sports Club പുള്ളോലി ഹരിജൻ കോളനി- പെരുമ്പെട്ടി | | | | | | |
| 6. | മാതൃഭൂമി സ്റ്റഡി സർക്കിൾ പെരുമ്പെട്ടി | 1994 | വാടക | ഇല്ല | ഉണ്ട്. | CA CA | കലമത്സരങ്ങൾ നടത്തുന്നു. |
| 7. | മംഗളം കലാസാഹിത്യവേദി, ചെട്ടിയാർമുക്ക് പെരുമ്പെട്ടി | | വാടക | ഇല്ല | ഉണ്ട് | CA CA | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | കൈരളി ആർട്ട്സ് ആന്റ് Sports മതുക്കൽ, ചാലാപ്പള്ളി | | സ്വന്തം | ഇല്ല | | | കായികമത്സരങ്ങൾ നടത്തുന്നു |
| 9. | നളന്ദ Arts & Sports Club, ചാലാപ്പള്ളി | | വാടക | ഇല | | | |
| 10. | കോൽക്കളി ക്ലബ് ഉപ്പോലി കണ്ടംപേരൂർ | | വാടക | ഇല്ല | | ധർമ്മ സ്ഥാപന നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. | ഓണാഘോഷം നടത്തുന്നു. കാര്യമായ പ്രവർത്തനം ഇല്ല. |
| 11. | കൊറ്റനാട് പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം | | സ്വന്തം | ഉണ്ട് | | ഇല്ല | നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നു. പരിശീലനം കൊടുക്കുന്നു. |
| 12. | മാതൃഭൂമി സ്റ്റഡി സർക്കിൾ, വൃന്ദാവനം | | | | | | കലാമത്സരങ്ങൾ നടത്തുന്നുണ്ട്. |



5-9

# വനിതാക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും മുന്നേറുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങികൂടുകയാണ്.

സാമൂഹ്യ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം പൊതുവെ കുറവായിരുന്നു. കുടിപ്പള്ളികൂടത്തിൽ നിന്നാണ് എഴുത്തും വായനയും പെൺകുട്ടികൾ പഠിച്ചത്. സ്ത്രീകൾക്ക് ഒന്നിനും സ്വാതന്ത്ര്യം ഇല്ലായിരുന്നു. ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ അതിനുമാറ്റം ഉണ്ടായി. ഈ പഞ്ചായത്തിൽ സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതൽ.

കൊറ്റനാടു പഞ്ചായത്തിൽ ജനാധിപത്യ മഹിളാ അസോസിയേഷൻെറ ഏതാനും യൂണിറ്റുകളും മഹിളാ കോൺഗ്രസും പ്രവർത്തിച്ചുവരുന്നു.

സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ ഈ പഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ ചില സ്ത്രീപീഡന കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ സ്ക്കൂൾ റ്റീച്ചേഴ്സിൽ കൂടുതൽ പേരും സ്ത്രീകളാണ്. ഈ പഞ്ചായത്തിൽ നിന്നും ഒട്ടു വളരെ സ്ത്രീകൾ വിദേശങ്ങളിലും ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിലും ജോലി ചെയ്തുവരുന്നുണ്ട്.

തൊഴിൽ മേഖലകളിൽ സ്ത്രീപങ്കാളിത്തം കുറവാണ്. തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. പൊതുജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏൽപ്പിക്കേണ്ടതിനുള്ള താല്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തുമുണ്ട്. അവകാശങ്ങൾ നേടി എടുക്കുന്നതിന് സ്ത്രീകൾ സംഘടിച്ചു മുന്നോട്ടു വരണം. പൊതുപ്രവർത്തന രംഗത്തുള്ള സ്ത്രീകൾ ഇതിനായി മുന്നോട്ടുവരികയും അവരുടെ മുൻ അനുഭവങ്ങൾ പറഞ്ഞുകൊടുത്ത് അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. സ്ത്രീകളെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിൽക്കുന്ന പ്രതീകൂല ശക്തികളെ തടുക്കാനാവില്ല. പഞ്ചായത്തടിസ്ഥാനത്തിൽ ഓരോ വാർഡിലും വനിതാ സമിതികൾ രൂപീകരിക്കുകയും അവർക്കുവേണ്ടി ക്ലാസുകളും സെമിനാറുകളും കാലാകാലങ്ങളിൽ പഞ്ചായത്ത് സംഘടിപ്പിക്കുകയും വേണം.

കൊറ്റനാട് പഞ്ചായത്തിൽ വിജയകരമായി നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങളിൽ വനിതകൾ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ നാലു ഫീഡിംഗ് സെന്ററും രണ്ടു ബാലവാടികളും ഒരു D.W.C.R.A.യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

## നിർദ്ദേശങ്ങൾ

1. സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ സജ്ജരായിരിക്കണം.
2. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കണം.
3. തുല്യജോലിക്ക് തുല്യവേതനം ഉറപ്പ് വരുത്തണം.
4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം നേടണം.
5. സാമ്പത്തിക ഞെരുക്കം സ്വയംതൊഴിൽ ചെയ്യുന്നതിനു തടസ്സമാകരുത്.
6. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമായ അറിവ് സ്ത്രീകൾക്ക് കൊടുക്കണം.
7. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധമില്ലാത്തതു കാരണം അന്ധവിശ്വാസങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതിനു ബോധവൽക്കരണം കൊടുക്കണം.
8. പട്ടികജാതിയിൽ കൂടുതൽ വനിതകൾ താമസിക്കുന്ന പന്നയ്ക്കപാതാൽ, പുള്ളോലി എന്നീ കോളനികളിലെ സാംസ്കാരിക നിലയങ്ങളിൽ റ്റി.വി. സെറ്റ് സ്ഥാപിക്കയും സ്വയം തൊഴിലിൻെറ ഭാഗമായി തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കയും ചെയ്യേണ്ടതാണ്.
9. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കണം.
10. വിധവാ പെൻഷൻ, അഗതിപെൻഷൻ, മാതൃക സഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ മുതലായവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കണം.
11. അംഗൻവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കണം.
12. ഓരോ വാർഡിലും പട്ടികജാതി കോളനി കേന്ദ്രമാക്കി ഫീഡിംഗ് സെന്ററും ബാലവാടി അംഗൻവാടിയും സ്ഥാപിക്കണം.

## ആവശ്യങ്ങൾ

ഏറ്റവും കൂടുതൽ പട്ടികജാതിയിൽപ്പെട്ട വനിതകൾ താമസിക്കുന്ന പുള്ളോലി പട്ടികജാതി കോളനിയിലുള്ള കമ്മ്യൂണിറ്റി ഹാളിനോട് അനുബന്ധിച്ച് ഒരു ബാലവാടിയും തൊഴിൽ കണ്ടെത്തുന്നിതിൻെറ ഭാഗമായി ഒരു തയ്യൽ പരിശീലന കേന്ദ്രവും ആരംഭിക്കേണ്ടതാണ്.

കാർഷിക തൊഴിലാളി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ തൊഴിലിനു ദിവസേന പോകുന്നതിനാൽ അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി ഒരു ക്രഷ് ആരംഭിക്കേണ്ടതാണ്.

പുള്ളോലിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ജനവിദ്യാകേന്ദ്രത്തിൽ സ്ഥിരമായി ഒരു വനിതയെ കൺവീനറായി പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത് നിയമിക്കുക.

ചാന്തോലി, ഉപ്പോലി എന്നീ കോളനികളിൽ ഓരോ സാംസ്കാരിക നിലയം പണിയിക്കേണ്ടതാണ്.

പന്നയ്ക്കപതാലിലെ ഫീഡിംഗ് സെന്റർ രജിസ്റ്റർ ചെയ്തിട്ടില്ല. രജിസ്റ്റർ ചെയ്തു ആ സെന്ററിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം.

പഞ്ചായത്തിലെ സഹകരണസംഘങ്ങളിൽ ജോലി ചെയ്യുന്നതിന് അർഹരായ പഞ്ചായത്തിലെ സ്ത്രീകൾക്ക് അനുപാതികമായി ജോലി നല്കണം.

പഞ്ചായത്തു തലത്തിൽ നടത്തുന്ന എല്ലാ പൊതുപരിപാടികളിലും വനിതകളെ കൂടുതലായി പങ്കെടുപ്പിക്കണം. വനിതകൾക്ക് പ്രത്യേക ബോധവൽക്കരണ സെമിനാറുകളും പരിശീലന പരിപാടികളും നടത്തേണ്ടതാണ്.

സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി സഹകരണാടിസ്ഥാനത്തിൽ വനിതാവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനു സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ പഞ്ചായത്തുതലത്തിൽ നടത്തേണ്ടതാണ്.



5-10

# സഹകരണസംഘങ്ങൾ

**1904**ൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെ യാണ് കേരളത്തിൽ സഹകരണ പ്രസ്ഥാനം ഉടലെടുത്തത്. കൊറ്റനാട് പഞ്ചായത്തിൽ പെരുമ്പെട്ടി വില്ലേജിൽ 1962ൽ സ്ഥാപിതമായതാണ് കൊറ്റനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്. ഈ ബാങ്കിനു സ്വന്തമായി ഒരു രണ്ടുനില കെട്ടിടവും അതിൽ വളം സൂക്ഷിക്കുന്നതിന് ഗോഡൗണും പ്രവർത്തിക്കുന്നു. കൂടാതെ പെരുമ്പെട്ടി, കണ്ടൻപേരൂർ എന്നിവിടങ്ങളിൽ വളം ഗോഡൗണുകളും പ്രവർത്തിക്കുന്നു. പെരുമ്പെട്ടിയിൽ ബാങ്കിനു സ്വന്തമായിട്ടുള്ള മൂന്ന് സെന്റ് സ്ഥലത്തു പുതിയ ബാങ്ക് കെട്ടിടം I.C.D.P യുടെ സഹായത്തോട് പണിയുന്നതിനു നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ആ കെട്ടിടത്തിൽ ബാങ്കിനു ഒരു പുതിയ ശാഖയും താഴെ വളം ഗോഡൗണും പ്രവർത്തനം ആരംഭിക്കണം. ആയതിന്റെ ആവശ്യത്തിലേക്കു വേണ്ട ഭരണാനുമതി എത്രയുംവേഗം ലഭിക്കുന്നതിനു നടപടി സ്വീകരിക്കണം. ഇതുമൂലം 10പേർക്ക് പ്രത്യക്ഷമായും 25പേർക്കു പരോക്ഷമായും തൊഴിൽ ലഭിക്കും. (ബാങ്കുകളുടെ വായ്പ മുഖേന സ്വയം തൊഴിൽ കണ്ടെത്തണം) നിലവിലുള്ള ബാങ്കിൽ വളം ഡിപ്പോ സഹിതം 11പേർക്കു പ്രത്യക്ഷമായി തൊഴിൽ ലഭിക്കുന്നു. ഏകദേശം 100പേർക്കു പരോക്ഷമായി വിവിധ ഇനം വായ്പകളിലായി തൊഴിൽ ലഭിക്കാനും പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി താഴെ പറയുംപ്രകാരം സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു.

1. കൊറ്റനാട് സർവ്വീസ് സഹകരണസംഘം
2. തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖ പെരുമ്പെട്ടിയിൽ
3. പെരുമ്പെട്ടി ക്ഷീരോൽപാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി Reg. No. PT. 45/D Apcos
4. മൂക്കുഴി ക്ഷീരോൽപാദക കോ ഓപ്പറേറ്റീവ് സൈസൈറ്റി Reg.No. 99(D) Apcos
5. വെള്ളയിൽ ക്ഷീരോല്പാദക സഹകരണസംഘം Reg.No. PT. 31(D) Apcos
6. ചാലാപ്പള്ളി ക്ഷീരോല്പാദക സഹകരണസംഘം Reg. No. PT 17(D) Apcos
7. കുന്നം ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി Reg. No. S/IND/PT 51
8. വനിതാ ക്രെഷിംഗ് യൂണിറ്റ് ചാന്തോലി, വെള്ളയിൽ Reg. No. P/453
9. എൻ.എസ്.എസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കുന്നം ചാലാപ്പള്ളി
10. എൻ.എം.എച്ച്.എസ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റി കരിയംപ്ലാവ്
11. എസ്.സി.വി.എച്ച്.എസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൊറ്റനാട് RegNo.
12. സെന്റ്മേരീസ് എച്ച്.എസ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കുന്നന്താനം.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കൊറ്റനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ പെരുമ്പെട്ടിയിലുള്ള ശാഖയും സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ബാങ്കുകൾ കാർഷിക മേഖലയിൽ ശ്രദ്ധചെലുത്തി വായ്പാ സൗകര്യം മെച്ചപ്പെടുത്തണം. ക്ഷീരോത്പാദന സഹകരണ സംഘങ്ങളിൽ, ക്ഷീരോതമപാദക സംഘം പെരുമ്പെട്ടി പഞ്ചായത്തിൽ ഏഴും എട്ടും വാർഡുകളിൽ പ്രവർത്തിക്കുന്നു. 1989ൽ സംസ്ഥാന അവാർഡിനും അർഹത നേടിയിട്ടുണ്ട്. മുക്കുഴി ക്ഷീരോത്പാദക സംഘം പഞ്ചായത്തിലെ നാലാം വാർഡിലും അയിരൂർ പഞ്ചായത്തിൻെറ എട്ടാം വാർഡിലും പ്രവർത്തിക്കുന്നു. വെള്ളയിൽ ക്ഷീരോൽപാദക സഹകരണസംഘം പഞ്ചായത്തിൻെറ ഒന്നും രണ്ടും മൂന്നും വാർഡുകൾ കേന്ദ്രമായി പ്രവർത്തിക്കുന്നു. ചാലാപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം വാർഡ് അഞ്ചും ആറും കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. ടി കേന്ദ്രങ്ങളിൽ ചെറിയതോതിലെങ്കിലും മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുന്നു.

കുന്നം ഇൻഡ്രസ്ട്രിയൽ സൊസൈറ്റി പഞ്ചായത്തിൽ ഒന്നു മുതൽ എട്ടുവരെയുള്ള വാർഡുകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. ചാന്തോലി കേന്ദ്രമായി വനിതാ ക്രെഷിംഗ് യൂണിറ്റ് ചെറിയ തോതിൽ പ്രവർത്തിച്ചു വരുന്നു. ചാലാപ്പള്ളി കൊറ്റനാട് കരിയംപ്ലാവ് കുമ്പളന്താനം എന്നീ ഹൈസ്ക്കൂളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ കുട്ടികളുടെ ആവശ്യത്തിനുള്ള സ്റ്റേഷനറി ബുക്ക്സ് എന്നിവ വിതരണം ചെയ്യുന്നു.

### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക സംഘങ്ങൾ

1. റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ വെള്ളയിൽ, വൃന്ദാവനം, പെരുമ്പെട്ടി (റബ്ബർ ഉത്പാദക സംഘം)
2. കേരവികസന സമിതി, കൊറ്റനാട്
3. നെൽകൃഷി വികസന സമിതി എന്നിവ പഞ്ചായത്തിൽ റബ്ബർ ബോർഡിൻെറയും കൃഷിവകുപ്പിൻെറയും സഹകരണത്തിൽ പ്രവർത്തിച്ചു വരുന്നു.

## കാർഷികമേഖല

കേരവികസന സമിതി പഞ്ചായത്തിൻെറ കൂടുതൽ വാർഡുകളിൽ കൂടി വ്യാപിപ്പിച്ച് തെങ്ങുകൃഷി വികസിപ്പിക്കുകയും കാറ്റുവീഴ്ച തടയുന്നതിനു ഫലപ്രദമായ നടപടികൾ കൈകൊള്ളുകയും വേണം. കേരഫെഡിൻെറ സഹായത്തോട് കൊപ്ര വിൽക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. സഹകരണ സംഘങ്ങളെ ഇതിനു ഉപയോഗിക്കാവുന്നതാണ്. നെൽ കൃഷിക്ക് കൂടുതൽ സബ്സിഡി മേൽത്തരം വിത്ത് വളം, കീടനാശിനി ട്രാക്ടർ, ട്രില്ലർ എന്നിവ ലഭ്യമാക്കണം. കൂടാതെ പാടശേഖരങ്ങൾ വാസസ്ഥലങ്ങളാക്കുന്ന പ്രക്രീയക്ക് വിരാമം വരുത്തേണ്ടിയിരിക്കുന്നു.

### വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് A grade Bank ആയി ഉയർത്തി വായ്പാ പരിധി ഉയർത്തുക.
2. ജില്ലാ ബാങ്കിൽ നിന്നും കുറഞ്ഞ പലിശക്കു കർഷകർക്കു പണം കടം കൊടുക്കുന്നതിനു ലഭ്യമാക്കുക.
3. കൃഷി വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പകൾ എല്ലാ സഹകരണ സംഘങ്ങൾ വഴിയായും മറ്റു ബാങ്കുകൾ വഴിയായും വേഗത്തിൽ ലഭ്യമാക്കുക.
4. ബാങ്കു സ്ഥാപനങ്ങൾക്കുണ്ടാകുന്ന കട ബാദ്ധ്യത ദീർഘകാല വായ്പയായോ മൂലധനമായോ അനുവദിക്കുക. ബാദ്ധ്യതാ കുടിശ്ശിക വേഗത്തിൽ പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിച്ചാൽ ബാങ്കുകൾ ലാഭത്തിൽ പ്രവർത്തിക്കും. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
5. നിക്ഷേപസമാഹരണം വഴി ബാങ്കുകളുടെ മൂലധനം വർദ്ധിപ്പിച്ച് ആ തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർ വായ്പ, സ്വർണ്ണവായ്പ, ഭവനനിർമ്മാണ വായ്പ, വാഹന വായ്പ എന്നിവ നല്കുക.
6. കാർഷിക ആവശ്യത്തിനായി നബാഡിൽ നിന്നും തുക കൃത്യമായി അനുവദിച്ചു കിട്ടുന്ന സബ്സിഡി ഉപഭോക്താവിനു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

7. സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന സബ്സിഡി ഉപഭോക്താവിനു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. കാർഷികോപകരണങ്ങൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.
9. കാർഷികോല്പന്നങ്ങൾ സംഭരിച്ച് ആദായകരമായി വില്ക്കുന്നതിനും അതുമൂലം വില ഇടിവു നേരിടുന്ന സമയം കർഷകനു സഹായകമാക്കാവുന്നതാണ്.
10. ദീർഘകാല വായ്പ നല്കി വരുന്ന കാർഷിക ഗ്രാമവികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതമാക്കണം. കൂടാതെ പഞ്ചായത്തുതോറും ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാമേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയവത്കരിക്കുക.

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

നിലവിലുള്ള ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കണം. നിലവിലുള്ളവ കൂടുതൽ കറവമാടുകളും കന്നുകാലിത്തീറ്റയും വിതരണം ചെയ്യു. പ്രതിദിനം 1000ലി. ഉല്പാദനം കൈവരിക്കാൻ ഓരോ സംഘവും ശ്രമിക്കണം. കൊറ്റനാട് പഞ്ചായത്തിലെ ഉപഭോഗം കഴിച്ചുള്ള പാൽ ശീതീകരിക്കുന്നതിനോ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി. ആവശ്യമായ മൂലധനം അനുവദിക്കേണ്ടത്.

കന്നുകാലികളെ വാങ്ങുന്നതിനും ലോൺ ലഭ്യമാക്കുക. മിൽമയുടെ സഹകരണത്തോടെ ആനന്ദ് മാതൃകയിൽ സഹകരണ സംഘം സ്ഥാപിക്കുക. മുകളിൽ വിവരിച്ച രീതിയിൽ സംഭരിക്കുന്ന പാൽ മറ്റു പാൽ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനു മഹിളാ സഹകരണസംഘങ്ങൾ വഴി പ്രവർത്തനം നടപ്പാക്കാവുന്നതാണ്. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാക്കുക. തക്കസമയത്തു കന്നുകാലികൾക്ക് ചികിത്സ ലഭിക്കുന്നതിനു നടപടി സ്വീകിരിക്കുക.

പെരുമ്പെട്ടി കേന്ദ്രമാക്കി ഒരു മൃഗാശുപത്രികൂടി സ്ഥാപിക്കുന്നതിനു വേണ്ട നടപടി കൈക്കൊള്ളണം. കൂടുതൽ മൂലധനത്തോട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതോടൊപ്പം കുമ്പളന്താനം, വൃന്ദാവനം, തീയാടി, കണ്ടൻപേരൂർ എന്നിവിടങ്ങളിൽ പുതിയ മിൽമാ ബൂത്തുകൾ അനുവദിക്കുകയും ചെയ്യണം.

## കൺസ്യൂമർ മേഖല

പഞ്ചായത്തിൽ ചാലാപ്പള്ളിയിൽ മാവേലി സ്റ്റോർ പ്രവർത്തിച്ചുവരുന്നു. പെരുമ്പെട്ടി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന കൺസ്യൂമർ സ്റ്റോഴ്സ് പുനർജീവിപ്പിച്ചു, അംഗങ്ങൾക്ക് തൃപ്തികരമായ രീതിയിൽ അതിന്റെ പ്രവർത്തനം തുടരണം. കൂടുതൽ വരിക്കാരെ ചേർത്തുകൊണ്ട് ഏറ്റവുംത ആദായകരവും ജനങ്ങൾക്കു പ്രയോജനകരവുമായ രീതിയിൽ പ്രവർത്തിക്കാൻ നടപടി ഉണ്ടാകണം. ബാങ്കിൽ ഉള്ള അക്കൗണ്ട് സഹകരണ Jt Registerറുടെ അനുമതിയോട് ഓഡിറ്റ് ചെയ്തു പ്രവർത്തനം പുനരാരംഭിക്കണം.

പുതുതായി വൃന്ദാവനം കണ്ടൻപേരൂർ വെള്ളയിൽ എന്നിവിടങ്ങളിൽ കൺസ്യൂമർ സ്റ്റോഴ്സ് സ്ഥാപിച്ച് വിലക്കയറ്റം നിയന്ത്രിക്കണം. പ്രസ്തുത സംഘങ്ങളുടെ നടത്തിപ്പിനു ജനകീയ കമ്മിറ്റി രൂപീകരിക്കണം. ഇപ്രകാരമുള്ള കൺസ്യൂമർ സ്റ്റോറ് വഴി കുട്ടികൾക്കു ആവശ്യമുള്ള സ്റ്റേഷനറി യൂണിഫോമുകൾ പഠനോ പകരണങ്ങൾ വിതരണം ചെയ്യണം.

ഈ സംഘങ്ങൾ അഥവാ ഉപഭോക്തൃ സംഘങ്ങൾ വഴി പ്രത്യക്ഷമായി പത്തു പേർക്കും പരോക്ഷമായി 25 പേർക്കും തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

## ഹരിജൻ സഹകരണസംഘം

പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഹരിജൻ സഹകരണസംഘം പുനർ ജീവിപ്പിച്ച് പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്കു തൊഴിൽ നല്കുന്നതിനും വേണ്ട നടപടി കൈക്കൊള്ളണം.

## ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം

സംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ കൊറ്റനാട് പഞ്ചായത്തിൽ ഉണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതുമാണ്. കൂടാതെ സംഘത്തിനു മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താവുന്നതുമാണ്.

# മൊത്തം ശേഖരിക്കുന്ന പാൽ

| | | മൊത്തശേഖരം പാൽ | പഞ്ചായത്തിൽ വില്ക്കുന്നത് | പുറത്തേക്കയക്കുന്നത്. |
|---|---|---|---|---|
| 1 | ചാലാപ്പള്ളി | 108500 Lt. | 4800 L5 | 100700 L5 |
| 2. | വെള്ളയിൽ | 65130 " | 4155 " | 64975 " |
| 3. | മുക്കുഴി | 56873 " | 5100 " | 51773 " |
| 4. | പെരുമ്പെട്ടി | 211733 " . | 17362 " | 194371 " |

## വനിതാ ക്രഷിങ്ങ് യൂണിറ്റ്

കൊറ്റനാട് പഞ്ചായത്തിൽ വെള്ളയിൽ ചാന്തോലി കേന്ദ്രമായി പ്രവർത്തിക്കുന്നു. 1994ൽ തുടങ്ങിയ സഹകരണ സംഘം 11അംഗങ്ങളായി 5000 രൂപ ഓഹരിയിൽ പ്രവർത്തിച്ചുവരുന്നു. ക്രിയാത്മകമായ പ്രവർത്തനം ഇല്ല എന്നു തന്നെ പറയാം. പഞ്ചായത്തിൽ മെറ്റൽ മിതമായ വിലയ്ക്കു എത്തിക്കുന്നതിനും ഇതുമൂലം കുറഞ്ഞത് 25പേർക്ക് തൊഴിൽ ലഭിക്കുന്നതിനും സാധ്യതയുള്ള യൂണിറ്റാണ്. കൂടാതെ പഞ്ചായത്തു റോഡുകൾക്കു ആവശ്യമായ മെറ്റൽ എത്തിച്ചുകൊടുത്തു വികസന പ്രക്രീയയിൽ പങ്കാളികളാകാവുന്നതാണ്. കൂടുതൽ വനിതകളെ ചേർത്തു മൂലധനം വർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമം ആക്കണം.

## കോഴി വളർത്തൽ സഹകരണസംഘം

ഇപ്പോൾ നിലവിലുള്ള പഞ്ചായത്തിൽ ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ ഏറ്റവും ലാഭകരമായി പ്രവർത്തിപ്പിക്കാവുന്ന സഹകരണസംഘം ആണ് കോഴി വളർത്തൽ ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയെ വളർത്തുന്നതിനു വീട്ടമ്മമാർക്കു ചുരുങ്ങിയ മുതൽ മുടക്കിൽ നടത്താവുന്നതാണ്. ആയതിലേക്കു ധനസഹായം സൊസൈറ്റികൾ വഴിയോ സഹകരണസംഘങ്ങൾ വഴിയോ ലഭ്യമാക്കാവുന്നതാണ്. കൂടാതെ വനിതാ സഹകരണസംഘങ്ങൾ മുൻകൈ എടുത്തു കോഴികുഞ്ഞുങ്ങളെ വിരിയിക്കുന്ന ഹാച്ചറി സ്ഥാപിക്കുകയും വേണം. ഇതുമൂലം പ്രത്യക്ഷമായി അഞ്ചു പേർക്കും പരോക്ഷമായി 100 പേർക്കും തൊഴിൽ ലഭിക്കും.

## വനിതാ സഹകരണ സംഘങ്ങൾ

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ചവർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാർ | ലാഭമോ നഷ്ടമോ | |
|---|---|---|---|---|---|---|---|
| | | | | | | ലാഭം | നഷ്ടം |
| വനിതാ ക്രഷിംഗ് യൂണിറ്റ് ചാന്തോലി വെള്ളയിൽ Reg No. S.IND | 1994 | കൊറ്റനാട് പഞ്ചായത്തിൽ എല്ലാ വാർഡുകളും | 11Nos | 55000 രൂ | ഇല്ല | ലാഭം | - |

(റെഡിമെയിഡ് വസ്ത്ര നിർമ്മാണത്തിന് റജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റി ചാലാപ്പള്ളിയിൽ പ്രവർത്തന പാതിയിലാണ്)

## തൊഴിൽ സാധ്യതകൾ

കൊറ്റനാട് പഞ്ചായത്തിൽ വനിതാ സഹകരണ സംഘത്തിൻെറ കീഴിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം എന്നിവ ആരംഭിക്കേണ്ടതാണ്.

തന്മൂലം തൊഴിൽ രംഗത്ത് ആവശ്യമായ വളർച്ച നേടുന്നതിനും പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ സാധ്യത കൂടുന്നതുമാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലായി വളർച്ചയ്ക്കാവശ്യമായ മൊത്തം 800 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഇത്രയും രൂപ മുതൽ മുടക്കുകവഴി 580പേർക്കു പ്രത്യക്ഷമായും 800 പേർക്കു പരോക്ഷമായും തൊഴിൽ ലഭിക്കും. കൂടാതെ പഞ്ചായത്തിലെ 2000ൽപ്പരം കുടുംബങ്ങൾക്കു സാമ്പത്ത ിക അഭിവൃദ്ധിയും ഉണ്ടാകുന്നതാണ്. ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ച മുഖേന സാധിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏറെക്കുറെ മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കി കൊറ്റനാട് പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ബഹുദൂരം മുന്നോട്ടു പോകുന്നതിനു ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

# കാർഷിക വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം 000 | നിക്ഷേപം 000 | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതര | | ലാഭം തുക 000 | നഷ്ടം തുക 000 | സ്ഥിരം | മറ്റുള്ളവർ |
| 1. | കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് No. 153 Kottanad P.O. | 1962 | കൊറ്റനാട് | 5167 | 480490 | 1600 | 17054000 | 1927000 | 5714000 | 17839300 | 1995വരെ നഷ്ടം 96മുതൽ 1.85000 | 7,90500 | 11 | 1 |
| 2. | ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പെരുമ്പെട്ടി ബ്രാഞ്ച് | റിക്കാർഡുകൾ ലഭ്യമല്ല. | | | | | | | | | | | | |

# സ്ക്കൂൾ സഹകരണ സംഘങ്ങൾ

| സ്ക്കൂൾ സഹകരണ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | അംഗീകൃത മൂലധനം | ഓഹരി മൂലധനം | ഒരു ഓഹരിയുടെ തുക | പ്രവർത്തനമൂലധനം | ബിസ്സിനസ്സ് | ലാഭം | നഷ്ടം | കൊടുക്കാനുള്ള കടം | പ്രവർത്തന പരിധി | ജീവനക്കാർ | സർക്കാർ ഓഹരി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| N.M.H.S<br>Co-Op Socity Ltd NoA 413<br>Kariamplav | 1976 | 1304 | 20000 | 1314 | A.5,B1 | | 15000 | 655 | - | 255 | സ്ക്കൂൾ | - | 1000 |
| N.S.S. H.S.<br>Co-Op Socity Ltd No. A.89<br>Kunnam, Chalappally | 1976 | 820 | 10000 | 900 | A5, B1 | - | 8500 | | | | സ്ക്കൂൾ | | |
| St. Marys H.S.<br>Co-Op. Socity Ltd No. A/603<br>Valiyekunnam Theodical | 1976 | 713 | 10000 | 1138 | A5, B1 | | 10095 | | | | സ്ക്കൂൾ | | |
| S.C.V.H.S.<br>Co-Op. Socity Ltd 612<br>Kottanad | 1976 | 955 | 10000 | 955 | A5, B1 | | 27025 | 1000 | | | | | |

# ക്ഷീര സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | കടം | നിക്ഷേപം (000) | പ്രവർത്തനമൂലധനം(000) | വ്യാപാര ഇടപാടുകൾ (000) | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം തുക | നഷ്ടം തുക | സ്ഥിരം | മറ്റുള്ളവർ |
| 1. | പെരുമ്പെട്ടി ക്ഷീരോൽപാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി PT. 45 (D) Apcos | 1987 | കൊറ്റനാട് പഞ്ചായത്തിൽ 7&8 | 302 | 3120 | Nil | Nil | 9460 | 491900 | 140 | - | 2 | - |
| 2 | മുക്കഴി സഹകരണസംഘം P+99(D) Apcos | 1992 | കൊറ്റനാട് പഞ്ച. വാർഡ്4 അയിരൂർ പഞ്ച. വാർഡ് 8 | 77 | 1960 | Nil | Nil | 9460 | 491900 | 14072 | - | 2 | - |
| 3. | വെള്ളയിൽ ക്ഷീരസഹകരണസംഘം PT 31(D) Apcos | 1988 | കൊറ്റനാട് പഞ്ചായത്ത് 1,2,3 വാർഡ് | 98 | 1000 | Nil | Nil | 2275 | 1454075 | 10034 | - | 2 | - |
| 4. | ചാലാപ്പള്ളി ക്ഷീരോത്പാദന സഹകരണസംഘം PT 17(D) Apcos | 1987 | കൊറ്റനാട് പഞ്ചായത്ത് 5,8,6 | 210 | 2100 | Nil | Nil | 88769 | 943950 | 2035 | - | 3 | |



# 5-11

# പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം

## പട്ടികജാതി/പട്ടികവർഗ്ഗം

1. നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയുടെ 15.26% പട്ടികജാതി വിഭാഗമാണ്. 438 പട്ടികജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നു. പട്ടികവർഗ്ഗ കുടുംബങ്ങൾ ഇവിടെ ഇല്ല. 6 അംഗീകൃത കോളനികളിലും, അംഗീകരാത്തിനായി സമർപ്പിച്ച് ഒരു കോളനിയിലും, 4 സെറ്റിൽമെൻറ് കോളനിയിലും കുടുംബങ്ങൾ താമസിച്ചുവരുന്നതായി കാണുന്നു. ബാക്കി ഏകദേശം 96 കുടുംബങ്ങൾ ഇടകലർന്നു താമസിക്കുന്നുണ്ട്. ആകെ 2166, പട്ടികജാതി അംഗങ്ങൾ ഉള്ളതായി കണക്കു ലഭിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ഇവർക്ക് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടെന്നാൽ, സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസരംഗങ്ങളിൽ ഈ വിഭാഗം വളരെകാലങ്ങളായി ചൂഷണത്തിന് വിധേയരായി കഴിഞ്ഞിരുന്നതിനാൽ, കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും മാത്രമാണ് ഇവരുടെ സാമ്പത്തിക പുരോഗതിയുടെ തുടക്കം എന്നു കാണാൻ കഴിയുന്നു.

കൂടാതെ കാലാകാലങ്ങളായി അനുഭവിച്ചുവരുന്ന "ഉച്ചനീചത്വ"ങ്ങളിൽനിന്നും പൂർണ്ണമായി മോചനം നേടാൻ ഇതുവരെയും കഴിയാത്തത് മറ്റൊരു കാരണം കൂടിയാണ്. എന്നാൽ എല്ലാ ജാതിമതസ്ഥരുടെയും എല്ലാ ചടങ്ങുകളിലും പങ്കെടുക്കാൻ കഴിയുന്നില്ലെങ്കിലും പൊതുപരിപാടികളിൽ മോശമല്ലാത്ത പരിഗണന ലഭിച്ചുതുടങ്ങിയിട്ടുണ്ടെന്നു പറയാം.

എന്നാൽ ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളേ സംബന്ധിച്ചും ഇവർക്ക് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ മൂലവും, സാമ്പത്തിക, വിദ്യാഭ്യാസരംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഇവർക്ക് പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. എങ്കിൽപോലും സർക്കാർ നൽകിവരുന്ന സൗജന്യങ്ങൾ ഇവർക്ക് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ സഹായകമാകുന്നുണ്ട്. ലഭിച്ചിട്ടുള്ള നേട്ടങ്ങൾ കൂടുതലും കോളനിനിവാസികൾക്കാണെന്നു കാണാം.

ഇടകലർന്നു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങളും സഹായങ്ങളും നാമമാത്രമായിട്ടേ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുള്ളു.

## 2. വിദ്യാഭ്യാസ രംഗം

പൊതുവേ നിരക്ഷരർ കുറവാണങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. S.S.LC.ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പല

# പട്ടികജാതി കോളനികളുടെ വിവരം

| ക്രമനമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | I | ചക്കാനി | 37 | 149 |
| 2. | I | ചാന്തോലി | 33 | 132 |
| 3. | II | കുരിശുമുട്ടം | 28 | 121 |
| 4. | V | ഉപ്പോലി | 22 | 99 |
| 5. | VII | പുള്ളോലി | 96 | 426 |
| 6. | VIII | പന്നയ്ക്കപതാൽ | 35 | 145 |

## പട്ടികജാതി കോളനിയായി പ്രഖ്യാപിക്കേണ്ടവ

| ക്രമനമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് |
|---|---|---|
| 1. | I | നാടമലക്കുന്ന് |
| 2. | I | വെള്ളയിൽ ലക്ഷംവീടു കോളനി |
| 3. | III | മാത്തുംചാൽ ലക്ഷംവീടു കോളനി |
| 4. | V | നടയ്ക്കൽ ലക്ഷംവീടു കോളനി |
| 5. | VI | അത്യാൽ ലക്ഷംവീടു കോളനി |
| 6. | IV | കാവുംപടി ചരുവുകാലാ കോളനി |

കുട്ടികളും താല്പര്യം കാണിക്കുന്നില്ല. ഇതിനു കാരണങ്ങൾ പലതാണെന്നു കാണാം.

1. ഒന്നാമതായി രക്ഷിതാക്കൾ ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ളതാണ്. കാരണം രക്ഷിതാക്കളിൽ നല്ല ശതമാനവും ആളുകളും നിരക്ഷരരോ അഥവാ താണനിലവാരത്തിൽ മാത്രം വിദ്യാഭ്യാസം ഉള്ളവരോ ആണ്.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കൾക്ക്, തന്റെ കുട്ടിക്ക് ട്യൂഷൻ മുതലായ പ്രചോദനങ്ങൾ കൊടുക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് രണ്ടാമത്തേ കാരണം.
3. കുടുംബബാധ്യതകളും, സാമ്പത്തിക പരാധീനതകളും നിമിത്തം കുട്ടികൾക്ക് മാനസികമായ തകർച്ചഉണ്ടാകുകയും തന്നി മിത്തം തുടർന്നു പഠിക്കാൻ അഭിരുചി നഷ്ടപ്പെടുകയും ചെയ്യുന്നു.

മുകളിൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് കുട്ടികൾ പഠനരംഗത്തുനിന്നും കൊഴിഞ്ഞുപോകുന്ന അനുഭവങ്ങൾ ഉണ്ടാകുന്നതായി കാണുന്നു. കാര്യക്ഷമമായ ബോധവൽക്കരണം മാത്രമാണ് ഈ അനാസ്ഥയ്ക്ക് പരിഹാരമാർഗ്ഗം.

S.S.L.C.ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവർ ഈ വിഭാഗത്തിൽ വളരെ കുറവാണ്. ഈ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ ഇവർക്കു വളർച്ചയുണ്ടാകുന്നതിന് അനുസരിച്ച്, "ഉച്ചനീചത്വ" ചിന്താഗതി മറ്റുള്ളവരിൽനിന്നും മാറികിട്ടുകയും വേണം എങ്കിൽ മാത്രമേ നാം വിഭാവനം ചെയ്യുന്ന വളർച്ച ഇവരിൽ നിഴലിച്ചുകാണാൻ സാധിക്കു. അധഃസ്ഥിതരായ ഇവരുടെ ഉയർച്ചയേ ലാക്കാക്കി സർക്കാരും സാംസ്കാരിക രംഗത്ത് അർപ്പണബോധമുള്ള സാമൂഹിക പ്രവർത്തകരും ഒന്നുചേർന്നു പ്രവർത്തിച്ചാൽ മാത്രമേ ഇവരെ ഉദ്ദേശ ലക്ഷ്യത്തിൽ എത്തിച്ചേർക്കുന്നതിനു സാധിക്കുകയുള്ളു.

## 3. പാർപ്പിട സൗകര്യങ്ങൾ

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പാർപ്പിടം ഒരു വലിയ കീറാമുട്ടി പ്രശ്നമായി

ഇന്നും അവശേഷിക്കുന്നതായി കാണാം. സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന വീടുപദ്ധതികൾ ഒരു പരിധിവരെ ഇവർക്ക് സഹായകമായിട്ടുണ്ട്. എന്നാൽ പട്ടികജാതി കോളനികളിൽ പരിമിതമായ സൗകര്യങ്ങളേ ഉണ്ടായിട്ടുള്ളുവെങ്കിലും ചെറ്റക്കുടിലുകളിൽ നിന്നും ഒരുവിധം മോചനം കിട്ടിയെന്ന് സമാധാനിക്കാൻ വകയുണ്ട്.

എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടവിധം ലഭിച്ചിട്ടില്ല. ഇവരിൽ പലരും ഏജൻസികൾ നടത്തിവരുന്ന ഭവന നിർമ്മാണ വായ്പകൾ എടുത്ത് താങ്ങാനാവാത്ത കടക്കെണിയിൽപ്പെടുകയും വീട് വേണ്ടവിധം പൂർത്തിയാക്കാൻ കഴിയാതെയും വലയുകയാണ്. മാത്രമല്ല വേറൊരു ആനുകൂല്യമോ സഹായമോ ലഭിക്കാൻ പറ്റാതായും വരുന്നു. കാരണം കൈവശഭൂമിയുടെ രേഖ വീടുപണിക്ക് ഈടായി സർക്കാരാഫീസിൽ കൊടുത്ത് വീടിനുള്ള അനുവാദം വാങ്ങിയനിലയ്ക്ക് വേറൊരു സഹായം കിട്ടാൻ കഴിയുന്നില്ലാ എന്നുള്ളതാണവസ്ഥ. മാത്രമല്ല വീടുനിർമ്മാണത്തിന് അനുവദിച്ചവരുന്ന എളിയതുകകൊണ്ട് ഇന്നത്തെ വർദ്ധിച്ച കൂലിനിരക്ക് കാരണം സമയപരിധിക്കുള്ളിൽ വീടു പൂർത്തിയാക്കാൻ കഴിയാതെ വിഷമിക്കുന്നു.

ആകയാൽ വീടില്ലാത്തവർക്ക് വീടും, വീടുവയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടുവ്യക്കാൻ പര്യാപ്തമായ തുകയും പുനരധിവാസ പദ്ധതിപ്രകാരം ലഭിച്ചെങ്കിൽ മാത്രമേ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ പറ്റുകയുള്ളു എന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നു. ആയതിലേക്ക് സർക്കാരിന്റെ ശ്രദ്ധ അടിയന്തിരമായി ഉണ്ടാകണം.

## 4. കുടിവെള്ളം

ദൈനംദിനാവശ്യങ്ങളിൽ അത്യന്ത്യാപേക്ഷിതമായ ഒന്നാണ് കുടിവെള്ള പ്രശ്നം. പട്ടികജാതി കോളനികളിൽ മാത്രമല്ല ലക്ഷംവീടു കോളനികളിലും സെറ്റിൽമെൻറ് കോളനികളിലും കുടിവെള്ളക്ഷാമം ഒരു അടിയന്തിരപ്രശ്നമായി കഴിഞ്ഞിരിക്കുന്നു. കോളനികളിൽ കുഴൽകിണറുകളും പൈപ്പുലൈനുകളും സ്ഥാപിച്ചിട്ടുള്ളടത്തുപോലും ശുദ്ധമായ ജലദൗർലഭ്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. കാരണം പൈപ്പുകളിലേ തുരുമ്പു നിമിത്തം കുടിക്കാൻ വെള്ളം ലഭിക്കുന്നില്ല. വേനൽക്കാലങ്ങളിൽ കിണറുകളിൽ നിന്നുപോലും കുടിക്കാനും കുളിക്കാനും വെള്ളം കിട്ടാതെ വലയുന്ന അനുഭവമാണുള്ളത്. പൈപ്പുലൈനുകളിലെ ടാപ്പു നഷ്ടപ്പെട്ട് ഉപയോഗശൂന്യമായി ജലം നഷ്ടപ്പെട്ടു പോകുന്നതായും കാണുന്നു.

തുണ്ടു ഭൂമികളിൽ താമസിക്കുന്ന ജനങ്ങളും കുടിവെള്ളം ആവശ്യത്തിനു കിട്ടാതെ വലയുന്നു. പഞ്ചായത്തിന്റെ സത്വരനടപടി ഉണ്ടാകുമാറാകണം. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ പുതിയ സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ടാങ്കുകൾ നിർമ്മിച്ച് ജലം എത്തിക്കാവുന്ന സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കാൻ ശ്രമിക്കുക, പൈപ്പുകൾ വേണ്ട സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുക ഇതു രണ്ടും പറ്റാത്ത സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ചുകൊടുത്ത് പ്രശ്നപരിഹാരം ഉണ്ടായാൽ നന്നായിരിക്കുമെന്ന് കരുതുന്നു.

## 5. കക്കൂസ്

ദൈനംദിനാവശ്യങ്ങളിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ് കക്കൂസ്. പട്ടികജാതി കോളനികളെന്നു മാത്രമല്ല, ലക്ഷംവീട് കോളനികളിലും, സെറ്റിൽമെൻറ് കോളനികളിലും,. സ്ഥലപരിധിക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന മറ്റുഭവനങ്ങളിലും കഴിഞ്ഞുകൂടുന്ന ആളുകൾ മലമൂത്രവിസർജ്ജന കാര്യങ്ങളിൽ നിത്യദുഃഖം അനുഭവിക്കുന്നതായി കാണാൻ കഴിയുന്നു. കോളനികളിൽ ഒരു വീടിനു ഒരു കക്കൂസ് എന്ന ക്രമത്തിന് കക്കൂസ് അനുവദിച്ചുകൊടുക്കേണ്ടതാത്യാവശ്യമാണ്. കോളനികളിലെ പല വീട്ടുകാർക്കും കക്കൂസ് ഇതുവരെയും ലഭിച്ചിട്ടില്ല.

ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസ് അനുവദിച്ചുകിട്ടാൻ അനുവാദമുണ്ടാകണം. അനുവദിച്ചിട്ടുള്ള പല കക്കൂസുകളും വേണ്ടവിധം പൂർത്തീകരിക്കാതെ വിഷമിക്കുന്നതിന്റെ കാരണം അനുവദിച്ചുകിട്ടുന്ന സാമ്പത്തികസഹായം പരിമിതമാണെന്നുള്ളതാണ്. ആകയാൽ ആവശ്യമായ ധനസഹായത്തോടുകൂടി എല്ലാവരുടെയും കക്കൂസ് പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

## 6. വൈദ്യുതി പ്രശ്നം

വൈദ്യുതിയുടെ കാര്യത്തിൽ പട്ടികജാതി കോളനികളുടെ സ്ഥിതി പരിതാപകരമെന്നു തന്നെ പറയാം. കാരണം ഇതുവരെയും അഞ്ചും പത്തും വർഷം പഴക്കമുള്ള പട്ടികജാതി കോളനികളിൽ വെളി ച്ചം നാമമാത്രമായി മാത്രമേ ലഭിച്ചിട്ടുള്ളു. കുരിശുമുട്ടം പട്ടികജാതി കോളനിയിൽ 28 വീടുകൾ ഉണ്ട്. എന്നാൽ മൂന്നു വീടുകളിൽ മാത്രമേ വെളിച്ചം എത്തിച്ചേർന്നിട്ടുള്ളു. അതേ അവസ്ഥയാണ് മുഴുവൻ

പട്ടികജാതി കോളനികളിലും അനുഭവപ്പെടുന്നത്.

മറ്റു കോളനികളിലെ സ്ഥിതിയും ഏകദേശം അതുപോലെ തന്നെ എന്നു പറയാം ഈ കാര്യങ്ങളിൽ സർക്കാർ അടിയന്തിര നടപടിയെടുക്കാൻ കാലതമസം വരുത്തുകയില്ലെന്നു കരുതുന്നു. കൂടാതെ ഒറ്റപ്പെട്ടു ഇടകലർന്നുകിടക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ കഥ അതീവ ശോചനീയമാണ്. സമീപത്തുള്ള വൈദ്യുതിലൈനു മുകളിൽ നിന്നോ, പൊതുനിരത്തുകളിലൂള്ള ലൈനുകളിൽ നിന്നോ പോലും ഈ കുടുംബങ്ങൾക്കു വൈദ്യുതി ലഭിക്കാൻ കഴിയുന്നില്ല. സർക്കാരിന്റെ അടിയന്തിര ശ്രദ്ധ കുടിവെള്ളിത്തിന്റെ കാര്യം എന്നപോലെ ഈക്കാര്യത്തിലും പതിഞ്ഞു കാണേണ്ടതാണ്.

## 7. തൊഴിൽ രംഗം

പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽപ്പെട്ട യുവതീയുവാക്കളിൽ അധികഭാഗവും കാർഷിക മേഖലകളിൽ പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണെന്നു കാണാൻ കഴിയുന്നു. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലകളിൽ അടിക്കടി വന്നുകൊണ്ടിരിക്കുന്ന തകർച്ചയുടെ ഫലമായി തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും ഈ വിഭാഗത്തിൽ ദൈനംദിന ജീവിതത്തിന് ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്യുന്നു. തന്നിമിത്തം ഇവർ ജീവിതമാർഗ്ഗം അന്വേഷിച്ചു പോകുകയും കാർഷിക മേഖലകളിൽ തൊഴിൽ ചെയ്യാൻ തൊഴിലാളികളെ ലഭിക്കാതെവരികയും ചെയ്യുന്നു. നിർമ്മാണപ്രവർത്തനങ്ങളിലാണ് ഇവർ കൂടുതലും ചെന്നുചേർന്നിട്ടുള്ളതു കാർഷിക മേഖലയിലെ തകർച്ച നിമിത്തം ഭക്ഷ്യോല്പാദന രംഗത്തും സാരമായ കുറവ് അനുഭവപ്പെടുന്നുണ്ട്. കാർഷിക രംഗത്തെ തൊഴിൽ കുറവു നിമിത്തം തൊഴിലാളികൾ മറ്റു രംഗങ്ങളിൽ ഒഴിഞ്ഞുപോകുന്ന സ്ഥിതി തുടർന്നാൽ അതിന്റെ ഫലം ഭക്ഷ്യക്ഷാമം ക്ഷണിച്ചു വരുത്തുകയാവും. എന്തുകൊണ്ടെന്നാൽ നിർമ്മാണ രംഗത്ത് സ്ത്രീക്കും പുരുഷനും കാർഷിക മേഖലയിൽ ലഭിക്കുന്നതിൽ കൂടുതൽ കൂലി ലഭിക്കുമെന്നുള്ളതുകൊണ്ട് കാർഷിക രംഗത്തുനിന്നും കൃഷിത്തൊഴിലാളികളുടെ തലമുറകൾ തന്നെ ഒഴിഞ്ഞുമാറിപ്പോയെന്നു വരും. അങ്ങനെയായാൽ ഭക്ഷ്യ ദൗർലഭ്യവും ക്ഷാമവും നമ്മുടെ നാട്ടിൽ കൊടികുത്തിവാഴുമെന്നതിന് സംശയമില്ല.

ഒരു വിഭാഗം തൊഴിലാളികൾ നാണ്യവിളകളുടെ പിന്നാലെ പറ്റിക്കൂടി നിൽക്കുന്നത നിമിത്തം നെൽകൃഷി. തെങ്ങുകൃഷി മുതലായ കൃഷികൾ നമ്മുടെ വയലേലകളിൽ നിന്നും അപ്രത്യക്ഷമായി തുടങ്ങിയിരിക്കുന്നു എന്നു പറയാം. ഇത്തരുണത്തിൽ കാർഷിക മേഖലകളിൽ പണിയെടുത്തു പരിചയ സമ്പന്നരായ തൊഴിലാളികൾക്ക് തൊഴിലും കൂലിയും കാർഷിക മേഖലയിൽ ഉറപ്പുവരുത്തുന്നതിന് തന്ത്രം ആവിഷ്കരിക്കുകയാണ് ആവശ്യം.

മാത്രമല്ല കാർഷിക മേഖലകളിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോകാനും തൊഴിൽദിനങ്ങൾ കുറയാനും തദ്വാരാ ഉല്പാദനം കുറയാനും ഇടവരുത്തിയ മർമ്മപ്രധാനമായ കാരണം കാർഷിക മേഖലയിൽ ഉള്ള അനവധി ഏക്കർ വയലേലകൾ നികത്തി നാണ്യവിളകൾ ഉല്പാദിപ്പിക്കുകയും വീടുകൾ വയ്ക്കുകയും അതുനിമിത്തം കൃഷിപ്പാടം കുറയുകയും ചെയ്തതാണ് കാർഷിക ഉല്പന്നക്കുറവിനു നിദാനമായ കാരണം. ഇതാവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചാൽ നന്ന്.

അതുപോലെ തന്നെ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരും കോളനി നിവാസികളുമായ, കാർഷിക മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ ദൈനംദിന ജീവിതത്തിന് പര്യാപ്തമായ തൊഴിലും ഉയർന്ന കൂലി നിരക്കും ഉറപ്പുവരുത്തുകയും വേണം.

## 8. സാംസ്കാരിക രംഗം

കോളനികളിലും ഒറ്റപ്പെട്ട, ഭവനങ്ങളിലും താമസിക്കുന്ന പട്ടികജാതി വിഭാഗ യുവതീയുവാക്കൾക്ക് സാംസ്കാരി-കായിക രംഗങ്ങളിൽ കാര്യമായ ഉയർച്ച ലഭിച്ചിട്ടുണ്ടെന്നു പറയാൻ പറ്റുകയില്ല. എന്നാൽ നാമമാത്രമായ നേട്ടങ്ങൾ കൈവരിച്ചിട്ടുമുണ്ട്. അത് അവരുടെ നേട്ടങ്ങളുടെ തുടക്കം മാത്രമാണ്. എന്തുകൊണ്ടെന്നാൽ കലാ-സാംസ്കാരിക രംഗങ്ങളിലും അതുപോലെ ബഹുജനപങ്കാളിത്തമുള്ളതുമായ സഹകരണ രംഗങ്ങളിൽ പ്രാതിനിധ്യം ഉണ്ടായെങ്കിലെ സാംസ്കാരിക രംഗം പുഷ്ടിപ്പെടുകയുള്ളു. കോളനി നിവാസികളായ യുവജനങ്ങളെ ഈക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സഹകരണ മേഖലയിൽ കൂടുതൽ അംഗീകാരം ഇവർക്കു ലഭിക്കുവാൻ അവസരം നൽകണം.

സാംസ്കാരിക മേഖലകളായ പൗരസമിതി, വായനശാല, കലാകായികമേള മുതലായ രംഗങ്ങളിൽ ഈ വിഭാഗത്തിലെ യുവതീയുവാക്കൾ ഭാഗീകമായി പങ്കുചേർന്നു തുടങ്ങിയിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണന്ന് ഇവിടെ അനുസ്മരിപ്പിക്കുന്നു. അതുപോലെ തന്നെ സാമ്പത്തിക മേഖലയായ കൊറ്റനാട് കോ-

ഓപ്പറേറ്റീവ് സൊസൈറ്റിയിലും കോളനി നിവാസികൾ പങ്കാകളായിട്ടുണ്ടെന്നുള്ളതും സ്വാഗതാർഹമാണ്.

അതുപോലെ തന്നെ പാൽ സൊസൈറ്റി മറ്റു സഹകരണ സംഘങ്ങൾ ഇങ്ങനെയുള്ള ബഹുജനസമ്പർക്ക രംഗങ്ങളിൽ ഇവർക്ക് അംഗീകാരവും മെമ്പർഷിപ്പും ലഭിക്കുന്നതിൽ കൂടി സാംസ്കാരിക നേട്ടം കൈവരിക്കാൻ കഴിയും. അതിനുവേണ്ട് ഒത്താശകൾ സർക്കാർതലത്തിൽ നിന്നുകൂടി ലഭിച്ചെങ്കിലേ മതിയാകു.

## 9. ശ്മശാന പ്രശ്നവും കോളനികളും

പട്ടികജാതി കോളനികളെ സംബന്ധിച്ചിടത്തോളം ശ്മശാനം ഒരു അടിയന്തിരാവശ്യമാണ്. അതുപോലെ തന്നെ ലക്ഷംവീട് കോളനികളിലും സെറ്റിൽമെന്റ് കോളനികളിലും ഒറ്റപ്പെട്ടു താമസിക്കുന്ന തുണ്ടുഭൂമികളിൽ താമസിക്കുന്നവർക്കും ഇന്ന് ഏറ്റവും വലിയ വിഷമപ്രശ്നമായിത്തീർന്നിരിക്കുന്നത് എന്താണെന്നുവച്ചാൽ, ജീവിച്ചിരിക്കുമ്പോൾ ബുദ്ധിമുട്ടിയാണെങ്കിലും അന്തിയുറങ്ങാൻ ഇടമുണ്ട്, എന്നാൽ മരിച്ചാൽ എവിടെ കുഴിച്ച്മൂടും എന്നുള്ളതാണ്. ഇത് ഒരു ചെറിയ പ്രശ്നമായി തള്ളിക്കളയാവുന്ന കാര്യമല്ല. ഊണിലും ഉറക്കത്തിലും അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നമാണ്.

ഈ പഞ്ചായത്തിൽ 5-ാം വാർഡിൽ പെരുംമ്പെട്ടി മാർത്തോമ്മാ പള്ളിക്കു സമീപമുള്ള ഏക പൊതു ശ്മശാനം മുകളിൽ പറഞ്ഞ വിഭാഗത്തിനും അല്ലാത്തവർക്കും പര്യാപ്തമല്ലതാനും. മാത്രവുമല്ല പഞ്ചായത്തിന്റെ തെക്കേഅറ്റത്തുനിന്നും വടക്കേ അറ്റത്തുനിന്നും മൃതദേഹവും വഹിച്ചുകൊണ്ടു വന്നുപറ്റാൻ അതീവ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

## 10. പ്രശ്നങ്ങൾ

a. പട്ടികജാതി വിഭാഗങ്ങൾക്കു വേണ്ടത്ര പുരോഗതി വിദ്യാഭ്യാസരംഗത്തു കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

b. കോളനികളിലും ഒറ്റപ്പെട്ട പട്ടികജാതി ഭവനങ്ങളിലും ഇപ്പോഴും നിരക്ഷരത നിലനിൽക്കുന്നു.

c. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ പട്ടികജാതി യുവാക്കൾക്ക് തൊഴിൽ കിട്ടുന്നില്ല.

d. കാർഷിക മേഖലകളിൽ തൊഴിൽ കുറഞ്ഞതിനാൽ കാർഷിക തൊഴിലാളികൾക്ക് ജീവിതം പ്രതിസന്ധിയിലായിത്തീർന്നിരക്കുന്നു.

e. എല്ലാവർക്കും വീടില്ല, വീടുവയ്ക്കാൻ സ്ഥലമില്ല.

f. വീടുവ്യക്കാൻ അനുവദിക്കുന്ന ധനസഹായം പര്യാപ്തമല്ല.

g. കൈവശ ഭൂമിക്ക് പട്ടയം ഇല്ല.

h. നിർദ്ധനരായ പട്ടികജാതി കുടുംബത്തിലെ അംഗങ്ങൾക്ക് ചികിത്സയ്ക്കും പെൺമക്കളെ വിവാഹം കഴിച്ചയയ്ക്കാൻ ധനസഹായവും ലഭിക്കുന്നില്ല.

i. IRDP പദ്ധതിയും മറ്റു പദ്ധതികളും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

j. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമ വകുപ്പും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കു നൽകിവരുന്ന ധനസഹായം ലക്ഷ്യത്തിലെത്തുന്നില്ല.

k. പട്ടികജാതി കോളനികളിലേക്കുള്ള വഴി സൗകര്യപ്രദമല്ല.

l. കോളനികളിൽ വെള്ളവും വെളിച്ചവും കക്കൂസും ആവശ്യത്തിന് ലഭിക്കുന്നില്ല.

m. പട്ടികജാതി കോളനികളിലെ കുട്ടികൾക്ക് വിനോദത്തിന് വേണ്ട സൗകര്യങ്ങളില്ല.

n. കോളനികളിലോ, സമീപപ്രദേശങ്ങളിലോ നഴ്സറി സ്കൂളുകളില്ല.

o. പട്ടികജാതി കോളനികളിൽ ചികിത്സാ സൗകര്യങ്ങളില്ല.

## 11. ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. അടിയന്തിരമായി കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തണം.
2. വീടുകളുടെ അറ്റകുറ്റപ്പണികൾ എത്രയും വേഗം നടപ്പിലാക്കണം.
3. വീടു നഷ്ടപ്പെട്ടവർക്കും, വീടില്ലാത്തവർക്കും പുതുതായി വീടനുവദിച്ചു കൊടുക്കണം.
4. വീടുപണിക്ക് പരിമിതമായി അനുവദിച്ച തുക പര്യാപ്തമായ തുകയായി ഉയർത്തി കൊടുക്കണം.
5. കക്കൂസും, ലൈറ്റും അനുവദിച്ചിട്ടില്ലാത്ത കോളനി വീടുകൾക്കും ഒറ്റപ്പെട്ട പട്ടികജാതി വീടുകൾക്കും ഉടനെ അനുവദിച്ചു കൊടുക്കണം.
6. കുടിവെള്ളം കിട്ടാൻ പ്രയാസമായ കോളനികളിൽ കുടിവെള്ളം കിട്ടാൻ സത്വരനടപടി എടുക്കണം.

7. കുറഞ്ഞ സ്ഥലപരിമിധിക്കുള്ളിൽ ഒറ്റപ്പെട്ടു കഴിയുന്ന പട്ടികജാതി കുടുംബങ്ങൾക്ക് കിണർ അനുവദിച്ചു കൊടുക്കണം.

8. കുരിശുമുട്ടം കോളനിയിലേക്കും പുള്ളോളി കോളനിയിലേക്കും പോകുന്ന വഴി അറ്റകുറ്റ പണി ചെയ്ത് ഉപയോഗയോഗ്യമാക്കി ത്തീർക്കണം.

9. പട്ടികജാതി കോളനികളിൽ കുട്ടികൾക്ക് നഴ്സറി സ്കൂളുകളും പ്രായമുള്ളവർക്ക് നിരക്ഷരതാ നിർമ്മാർജ്ജന ക്ലാസ്സുകളും അനുവദിക്കണം.

10. അംഗീകാരത്തിനായി സമർപ്പിച്ച പട്ടികജാതി കോളനിക്ക് അംഗീകാരം നൽകണം.

11. പട്ടികജാതി കോളനികളിൽ താമസിക്കുന്ന ചെറുപ്പക്കാർക്കും (യുവജനങ്ങൾ) ഒറ്റപ്പെട്ട കുടുംബങ്ങളിൽ താമസിക്കുന്ന യുവജനങ്ങൾക്കും തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭിക്കാൻ പ്രത്യേക പരിഗണന ഉണ്ടാകണം.

12. പട്ടികജാതി കോളനികളിൽ താമസിക്കുന്നവരും അല്ലാത്തവരുമായ പട്ടികജാതിക്കാരെ ചേർത്തു പഞ്ചായത്തുതലത്തിൽ ഒരു സൊസൈറ്റി രൂപീകരിച്ചു ടി പഞ്ചായത്തിലെ വേലകൾ സൊസൈറ്റിക്ക് നൽകുകയും ഒരു ക്ഷേമനിധി ബോർഡു രൂപീകരിക്കുകയും ചെയ്യുക. ബോർഡിന്റെയും സൊസൈറ്റിയുടെയും ചെയർമാൻ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി ആയിരിക്കേണ്ടതുമാകുന്നു.

13. പട്ടികജാതി വിഭാഗത്തെ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് പഞ്ചായത്തിന്റെ പരിഗണനയിൽ നിന്നും ലഭിക്കുന്നതിന് ആവശ്യമായ നിയമം നടപ്പിലാക്കി കള്ള സർട്ടിഫിക്കറ്റ് തടയണം.

14. 2 വാർഡിന് ഒന്ന് എന്ന അടിസ്ഥാനത്തിൽ പട്ടികജാതിയിൽപ്പെട്ട ആളുകൾ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിൽ ശ്മശാനം ഉണ്ടായിരിക്കണം.



5-12

# വിഭവസമാഹരണം

അധികാരവികേന്ദ്രീകരണവും ജനപങ്കാളിത്തവും സഫലമാക്കണമെങ്കിൽ പഞ്ചായത്തിന് സുസ്ഥിരവും ഭദ്രവുമായ സാമ്പത്തിക അടിത്തറ കെട്ടപ്പടുത്തേ മതിയാകു. സാമ്പത്തിക പരാധീനതയുടെ നടുച്ചുഴിയിൽപ്പെട്ട് നട്ടം തിരിയുകയാണ് കൊറ്റനാട് പഞ്ചായത്ത്. ഈ കാരണത്താൽ ജനങ്ങൾ പ്രതീക്ഷിക്കുന്ന സേവനങ്ങൾ നല്കുന്നതിനോ കാര്യമായ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനോ പഞ്ചായത്തിനു സാധിക്കുന്നില്ല.

എടുത്തു പറയത്തക്ക വ്യവസായ സ്ഥാപനങ്ങളോ മറ്റ് വ്യാപാരസ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്ന നദികളില്ലാത്തതുകൊണ്ട് ആ ഇനത്തിലുള്ള വരുമാനവും നമുക്കില്ല. പുറമ്പോക്കു ഭൂമി ഈ പഞ്ചായത്തിൽ വളരെ കുറവാണ്. റോഡുകളും തോടുകളും നടപ്പാതകളുമാണ് പുറമ്പോക്കു ഭൂമിയിൽ 90 ശതമാനവും. പുറമ്പോക്കു ഭൂമിയിൽ നിന്നും ആദായം കിട്ടുന്നതിനും മാർഗ്ഗമില്ല.

പഞ്ചായത്തിലെ ജനസംഖ്യയിൽ 50 ശതമാനവും നാമമാത്ര കർഷകരും കാർഷിക തൊഴിലാളികളുമാണ്. അന്നന്നു ലഭിക്കുന്ന വരുമാനം കൊണ്ട് ഉപജീവനം നടത്തുന്നവരാണ് ഇവരിൽ ഭൂരിഭാഗവും.

മൊത്തം ജനസംഖ്യയിൽ പ്രായപൂർത്തിയായവരിൽ ഉദ്ദേശം 10 ശതമാനം ആളുകൾ ജോലി സംബന്ധമായി ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ജോലി ചെയ്തുവരുന്നു. അവർ ഇങ്ങോട്ടയയ്ക്കുന്ന പണം ഉയർന്ന പലിശ കിട്ടുന്ന ബാങ്കുകളിൽ ഭദ്രമായി നിക്ഷേപിക്കുന്നു. അവരിൽ ചിലർ ലക്ഷക്കണക്കിന് രൂപാ ചെലവഴിച്ച് വൻ മാളികകൾ പണികഴിപ്പിക്കുന്നു. ഇവരുടെ സമ്പാദ്യത്തിൽ ഒരു പങ്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉപയോഗിക്കുന്നുവെങ്കിൽ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഒരുപരിധി വരെ കുറയ്ക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുമായിരുന്നു.

പഞ്ചാത്തിന്റെ 1995-96ലെ വരവുചിലവ് കണക്കാണ് ചുവടെ ചേർക്കുന്നത്.

## വരവു സംബന്ധിച്ചുള്ള വിവരങ്ങൾ

| | |
|---|---|
| കെട്ടിടനികുതി | 167660 |
| തൊഴിൽ നികുതി | 93790 |
| വിനോദ നികുതി | 13497 |
| ലൈസൻസ് ഫീസ് | 7082 |
| അടിസ്ഥാന നികുതി | 15015 |
| വസ്തു കൈമാറ്റ നികുതി | 181553 |
| വാടക ആദിയായവ | 36590 |
| പലവക | 16234 |
| ജെ.ആർ.വൈ | 193250 |
| ഉപാധിരഹിത ഫണ്ട് | 327000 |
| വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാൻറ് | 18196 |
| വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ (UTC) ഗ്രാൻറ് | 105307 |

## ചെലവ് സംബന്ധിച്ചുള്ള വിവരങ്ങൾ

| | |
|---|---|
| ഭരണം | 379851.15 |
| പൊതുമരാമത്ത് | 76802.00 |
| വിദ്യാഭ്യാസം | 25360.60 |
| ജലവിതരണം, ഓടകൾ | 198400 |
| പൊതുജനാരോഗ്യം | 42558 |
| മറ്റുള്ളവ | 27242 |
| ജവഹർ തൊഴിൽ പദ്ധതി | 193250 |
| ഉപാധിരഹിത ഫണ്ട് | 327000 |

മേൽ വിവരിച്ച കാരണങ്ങളാൽ വിഭവ സമാഹരണത്തിനുള്ള ഏകമാർഗ്ഗം നിലവിലുള്ള നികുതി നിരക്കുകൾ വർദ്ധിപ്പിക്കുയും നിയമാനുസൃതമായ മറ്റു നികുതികൾ നടപ്പിൽ വരുത്തുകയുമാണ്.

വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം. എന്നാൽ വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു താങ്ങാൻ പാടില്ലാത്ത രീതിയിലുള്ള ഭാരമാകരുതുതാനും. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കുവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസിലാക്കുകയും കൊടുക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാ നം കൂട്ടാൻ കഴിയും.

പഞ്ചായത്തിനുള്ള ഇപ്പോഴത്തെ വരുമാന മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്, വാടക, സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ഇനങ്ങളിലുള്ള ഗ്രാന്റുകൾ എന്നിവകളാണ്.

# കെട്ടിട നികുതി

കെട്ടിട നികുതിയെ സംബന്ധിച്ചടത്തോളം സമീപ പ്രദേശങ്ങളിലുള്ള പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ കൊറ്റനാട് പഞ്ചായത്തിലെ നിരക്ക് ഏറ്റവും കുറഞ്ഞതാണെന്ന് കാണാം. ഉയർന്ന നിരക്കിലുള്ള വാടകമൂല്യം നിശ്ചയിച്ച് അതിന്റെ 8 മുതൽ 10 ശതമാനം വരെ മറ്റു പഞ്ചായത്തുകൾ കരം ചുമത്തുമ്പോൾ കൊറ്റനാട് പഞ്ചായത്ത് കുറഞ്ഞ നിരക്കിലുള്ള വാടകമൂല്യം നിശ്ചയിച്ച് നിയമത്തിൽ അനുവദിച്ചതിൽ ഏറ്റവും കുറവായ 6 ശതമാനം കരമാണ് ചുമത്തുന്നത്. വളരെ ചെറിയ കെട്ടിടങ്ങളെ കുടിലുകളുടെ നിർവചനത്തിൽ ഉൾപ്പെടുത്തി കരബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലുള്ള മൊത്തം 4373 കെട്ടിടങ്ങളിൽ 1332 വീടുകളെ (പ്രാർത്ഥനാലയങ്ങൾ) ഉൾപ്പെടെ നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. 1995/96-ൽ കെട്ടിട നികുതി ഇനത്തിൽ /67660 രൂപായാണ് പഞ്ചായത്തിനു ലഭിച്ചത്.

# തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കുന്നത്. 1995-96 വർഷത്തിൽ 93790 രൂപയാണ് ഈ ഇനത്തിൽ പഞ്ചായത്തിനു കിട്ടിയത്.

ഒരു നിശ്ചിത തുകക്കുമേൽ വരുമാനമുള്ള എല്ലാ തൊഴിലാളികളേയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇൻഷുറൻസ് സ്കീമിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

# ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 1995-96ൽ ലഭിച്ചത് 7082 രൂപ മാത്രമാണ്. പഞ്ചായത്ത്രാജ് ആക്ടനുസരിച്ച് കച്ചി മുതൽ കനകം വരെ വ്യാപാരം ചെയ്യുന്ന സകലരും ലൈസൻസ് എടുക്കുന്നതിനു ബാദ്ധ്യസ്ഥരാണ്. എന്നാൽ പല കച്ചവടക്കാരും ലൈസൻസ് എടുക്കാതെ വ്യാപാരം നടത്തിവരുന്നതായി കാണുന്നു. കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഇതു നടപടിയിൽ വരുത്തിയിട്ടില്ലായെന്നു മനസിലാക്കുന്നു. വർദ്ധിപ്പിച്ച നിരക്ക് നടപ്പിൽ വരുത്തുകയും വാർഡുതോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

# വിനോദ നികുതി

വിനോദ നികുതി ഇനത്തിൽ വരുമാനം ലഭിക്കുന്ന ഏകസ്ഥാപനം വൃന്ദാവനത്തിനു സമീപമുള്ള പ്രമോദ് തീയേറ്ററിൽ നിന്നാണ്. ഇതിൽ നിന്നും 1995-96 വർഷത്തിൽ പഞ്ചായത്തിന് 13843 രൂപ ലഭിച്ചു. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും ധാരാളം T.V. സെറ്റുകൾ ഉള്ളതുകൊണ്ട് സിനിമാശാലകൾ ഗ്രാമപ്രദേശങ്ങളിൽ അധികപ്പറ്റായി വന്നിരിക്കുകയാണ്. ഈ കാരണം കൊണ്ടു തന്നെ മറ്റ് സിനിമാശാലകൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത വിരളമാണ്.

## വാടക

പഞ്ചായത്തുവകയായി മഠത്തുംചാലിലുള്ള ഷോപ്പിംഗ് കോംപ്ലെക്സിൽ നിന്നും വൃന്ദാവനത്തുള്ള കമ്മ്യൂണിറ്റി ഹാളിൽ നിന്നും ലഭിക്കുന്ന വാടക ഒരു നല്ല വരുമാനമാണ്. ഈ ഇനത്തിൽ 1995-96 വർഷത്തിൽ 42824 രൂപാ ലഭിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള കൂടുതൽ സ്ഥാപനങ്ങൾ നിർമ്മിച്ചാൽ പഞ്ചായത്തിന് സ്ഥായിയായി നല്ല വരുമാനം ലഭിക്കുന്നതിനു സാധിക്കും. എന്നാൽ ഇതിനുള്ള സാമ്പത്തികശേഷി ഇപ്പോൾ പഞ്ചായ ത്തിനില്ലായെന്നുള്ളതാണ് വസ്തുത.

## ജവഹർ തൊഴിൽദാന പദ്ധതിയും ഉപാധിരഹിത ഫണ്ടും

ജവഹർ തൊഴിൽദാന പദ്ധതിയിലും ഉപാധിരഹിത ഫണ്ടിലും 1995-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിനു ലഭിച്ച തുക മിക്കവാറും മുഴുവനും പാവപ്പെട്ടവർക്കുവേണ്ടി വീടുകളും കക്കൂസുകളും നിർമ്മിക്കുന്നതിനാണ് ഉപയോഗിച്ചത്.

## മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവം തന്നെയാണ്. ജാതി, മത; കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം കൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തായ ഒരാശയമാണ്. തങ്ങൾക്ക് എന്തു കിട്ടും എന്നല്ലാതെ തങ്ങൾക്ക് എന്തു ചെയ്യാം എന്ന് ആരും ചിന്തിക്കാറില്ല. ഈ നില മാറണം. വികസനത്തെ തങ്ങളുടെ ജീവിതത്തെയും ചുറ്റുപാടുകളെയും മെച്ചപ്പെടുത്തുന്നതിനായുള്ള കൂട്ടായ യത്നമായി കഴിയണം. കൂലിയ്ക്ക് നമ്മുടെ അഭ്യസ്തവിദ്യർ കായികാദ്ധ്വാനത്തിന് തയ്യാറായിയെന്നു വരികയില്ല. എന്നാൽ സന്നദ്ധ കായികാദ്ധ്വാനത്തിനു തയ്യാറായെന്നുവരും. പഞ്ചായത്തുതലത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനാഗമന മാർഗ്ഗങ്ങളെ മുഖ്യമായി ആശ്രയിക്കേണ്ടിവരും എന്നത് നിസ്തർക്കം തന്നെ. എന്നാൽ ചെറുതല്ലാത്തൊരു പങ്ക് വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കണം. ഇത്തരത്തിൽ സമാഹരിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട വിഭവമാണ് മനുഷ്യാദ്ധ്വാനശേഷി. ഈ ശേഷി നമുക്ക് ധാരാളമായുണ്ടുതാനും.

മനുഷ്യാദ്ധ്വാന ശേഷി മുഖ്യമായി പ്രയോജനപ്പെടുത്താവുന്ന മേഖലയാണ് പഞ്ചായത്തു റോഡുകളുടെ മെയിന്റനൻസ് പണികൾ. നമ്മുടെ പഞ്ചായത്തിലെ പഞ്ചായത്തു റോഡുകളുടെ മൊത്തം ദൈർഘ്യം 70 കിലോമീറ്ററാണ്. ശരാശരി 8 റോഡുകൾ വീതം ഒരു വാർഡിലുണ്ട്. വർഷത്തിൽ ഒരു പ്രാവശ്യം ഈ റോഡുകളുടെ മെയിന്റനൻസ് പണികൾ നടത്തുന്നതിന് കോൺട്രാക്ട് കൊടുത്താൽ 5 ലക്ഷം രൂപയെങ്കിലും പഞ്ചായത്ത് ചെലവിടണം. ഇതിനുള്ള സാമ്പത്തിക ശേഷി പഞ്ചായത്തിനില്ലാത്തതിനാലാണ് ചില പ്രധാന റോഡുകൾ മാത്രം തെരഞ്ഞെടുത്ത് അറ്റകുറ്റ പണികൾ നടത്തുന്നത്.

പഞ്ചായത്തിലുള്ള എല്ലാ റോഡുകളും മുൻ കാലങ്ങളിൽ അതതു സ്ഥലവാസികളും പൊതുപ്രവർത്തകരും ശ്രമദാനത്തിൽ നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. ഈ റോഡുകളുടെ തുടർന്നുള്ള സംരക്ഷണത്തിനുള്ള ശാരീരികമായ ചുമതല ഗുണഭോക്താക്കൾ ഏറ്റെടുത്ത് ശ്രമദാനം കൊണ്ട് വർഷത്തിൽ ഒരു പ്രാവശ്യം മെയിന്റനൻസ് ജോലികൾ ചെയ്താൽ മറ്റു അത്യാവശ്യ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവഴിക്കുന്നതിനായി സാധിക്കും.

## ചെലവുകൾ

പഞ്ചായത്തിൽ നിന്നും 1995-96-ൽ ജനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയത് 282375 രൂപയാണ്. അതേ സമയം ഭരണത്തിനു മാത്രമായി 379851 രൂപ ചെലവഴിച്ചു. തെരുവുവിളക്കുകൾ കത്തിക്കേണ്ടതിലേക്കായി 47558 രൂപ KSEBയ്ക്ക് നല്കിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശാനുസരണം പഞ്ചായത്ത് അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾ വേറെയും. ഈ ചെല കൾ ചുരുക്കുന്നതിനു സാധിക്കുകയില്ലെന്നു മാത്ര വരും വർഷങ്ങളിൽ വളരെ വർദ്ധിക്കുന്നതിനു സാദ്ധ്യതകളാണുള്ളത്. സർക്കാരിൽ കൂടി സമാഹരിക്കുന്ന അടിസ്ഥാന നികുതി, വസ്തു കൈമാറ്റ നികുതി എന്നിവകൾ കൂടി വിനിയോഗിച്ചാണ് പഞ്ചായത്തിന്റെ ദൈനംദിനം ചെലവുകൾ നിർവഹിക്കുന്നത്. ഈ കാരണംകൊണ്ടു തന്നെ പഞ്ചായത്തിന്റെ തനതു വരുമാനം കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാമ്പത്തിക ശേഷി പഞ്ചായത്തിനില്ല.

പ്രത്യേക കാര്യങ്ങൾക്കായി സർക്കാരിൽനിന്നും ലഭിച്ച ഗ്രാന്റുകളും ഫണ്ടുകളും ഇനംമാറ്റി ചെലവഴിച്ചിട്ടില്ല.





Printed at *Crepptechs* Offset Printers, Mallappally. ✆ 0473-682730